# ക്രൈസ്തവ കാഹളം



രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ രണ്ടാം സെഷനിൽ കേരളത്തിൽ നിന്നു സംബന്ധിച്ച നിരീക്ഷകർ തിരുവനന്തപുരം, തിരുവല്ലാ രൂപതകളുടെ വൈദികമേലദ്ധ്യക്ഷന്മാരോടുകൂടെ.

Vol. XXII. 1964 January No. IX.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)


## ഈ ലക്കത്തിൽ


| | | | പുറം |
|---|---|---|---|
| 1. | മംഗളാശംസ (കവിത) | — ചാരുംമൂട്ട് | 273 |
| 2. | പത്രാധിപക്കുറിപ്പുകൾ. | | 274 |
| 3. | വൈദികാദ്ധ്യക്ഷസന്ദേശം | | 274 |
| 4. | മാർ മാക്സിമോസ് വത്തിക്കാൻ സൂനഹദോസിൽ | — കുരുവിള മാത്യു | 281 |
| 5. | സമുദായനീതിക്കു വേണ്ടിയുള്ള സമരം | — എം. എം വർക്കി, മുക്കടെഞ്ചേരിൽ | 283 |
| 6. | വി. കുർബ്ബാനയിൽ വിശ്വാസികളുടെ പങ്കാളിത്തം | — ഹാ വ.ി. സക്കറിയ | 286 |
| 7 | ഉദിയംപേരൂർ സൂനഹദോസിനു മുമ്പുണ്ടായിരുന്ന കേരള സുറിയാനിക്കാരുടെ-റോമാസിംഹാസനവിധേയത്വം | — വി. സി. ജോർജ്ജ് | 289 |
| 8. | പ്രസംഗപംക്തി | — വ. ദി. ശ്രീ. പീലിപ്പോസ് റമ്പാൻ | 293 |
| 9 | വി. ബലിയും പരിശുദ്ധാത്മാവും | — ജെ. പടിഞ്ഞാറേക്കുറ്റ്; പൂനാ | 295 |
| 10. | വിദ്യാർത്ഥികളുടെ പ്രേഷിതാത്രുപ്തി | — ജോസ് തച്ചിൽ, പൂനാ | 299 |
| 11. | വത്തിക്കാൻ കൗൺസിൽ ചില വിവരങ്ങൾ | — സി. പി. മാത്യു. എം. എ. | 302 |
| 12. | മിഷൻ സൺഡേ പിരിവ്. | | 306 |
| 13 | രൂപതാതിരൂപതാവാർത്തകൾ. | (കവർ) | |




തിരുവനന്തപുരം അതിരൂപതയിൽനിന്നും പശ്ചിമജർമ്മനിയിലുള്ള സിസ്റ്റേഴ്സ് ഓഫ് ചാരിററി ഓഫ് സെൻറ് വിൻസൻറ് ഡി പോൾ കോൺഗ്രിഗേഷൻെറ ആഭിമുഖ്യത്തിൽ ഉപരിപഠനാർത്ഥം കൊച്ചിയിൽനിന്നും വിമാനമാർഗ്ഗം പുറപ്പെട്ട 5 യുവതികൾ.

ഇരിക്കുന്നവർ ഇടത്തുനിന്നും: മിസ്സ് റോസമ്മ സാമുവേൽ വാകയാർ, തങ്കമ്മ തോമസ് കരുവാററാ, മറിയാമ്മ ജോർജ്ജ് പുലിയൂർ.

നില്ക്കുന്നവർ: സാറാമ്മ മത്തായി ചെങ്ങന്നൂർ, മറിയാമ്മവർഗ്ഗീസ് പുലിയൂർ.

(ഇവരെല്ലാംതന്നെ യാക്കോബായസഭയിൽനിന്നും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിട്ടുള്ളവരാണ്.)

വരിസംഖ്യ മുൻകൂർ 2ക. 50ന. പ.
വിദേശങ്ങളിൽ 3ക. 50ന. പ.

*Chief Editor*: **Rt. Rev. Msgr. Philipose Ramban.**
*Sub*: ,, **Rev. Fr. Thomas Inchakalody.**

# ക്രൈസ്തവകാഹളം

| പുസ്തകം 22 | ജനവരി 1964 | ലക്കം 9 |
|---|---|---|

## ധന്യനാമദിനമംഗളം!

(ചാരുംമൂട്)



മംഗളം! മംഗളമാദരപൂർവ്വകം
മംഗളം നേരുന്നു ഞങ്ങൾ
മംഗളം! ഗ്രീഗോറിയോസ് തിരുമേനിക്കു
മംഗളം! വെൽക ധന്യാത്മൻ!!
തങ്കക്കതിർ പ്രഭാപൂരം പരത്തി,യാ-
തങ്കമകറവും കനക-

താരമായ് സത്യസഭാവാനിൽ സൗരഭ്യ-
ധാമമേ, വാഴുക നീണാൾ!!
യാതൊരു പുണ്യപുരുഷൻെറ ധന്യമാം
നാമമാണങ്ങണിയുന്നു,-
അപ്പദതാരിണ സൗരഭം ചേർത്താരാ-
ല്പൊൽപ്പദചാരിയാമങ്ങേ,
ധന്യമാം നാമദിനാഘോഷവേളയ്ക്കു
ധന്യവാദങ്ങളർപ്പിപ്പൂ!
പൂവിരിപ്പാതയിലൂടെ വിരക്തമീ-
ജീവിത സൗരഭം വീശി,
കാൽവരിക്കുന്നിലെ സ്വർഗ്ഗപരിമള-
മാവോളമെങ്ങും പരത്തി,
പൊന്നൊളി പൂശുന്ന മംഗള രശ്മിയി-
ലെന്നുമിപ്പൊൻപ്പദമൂന്നി,
പൊള്ളുന്ന ജീവിതവൈഷമ്യവേനലി-
ലുള്ളുരുകിപ്പൊരിയുന്ന-
ജീവികൾക്കാശ്വാസ ശീതളച്ഛായ നൽ-
കീടും സുരതരുവായും,
തമ്മിലിടപഴകീടുന്നവർക്കുള്ളിൽ
ചെമ്മേ കുടികൊണ്ടരുളി,
തങ്കക്കതിർ പ്രഭാപൂരം പരത്തി,യാ-
തങ്കമകറവും കനക-
താരമായ് സത്യസഭാവാനിൽ ധർമ്മത്തിൻ
സാരമേ, വാഴുക! നീണാൾ!!
മംഗളം! വന്ദ്യപിതാവിനു മംഗളം!!
മംഗളം നേരുന്നു മക്കൾ.

# പത്രാധിപക്കുറിപ്പുകൾ


## നമ്മുടെ ആർച്ചുബിഷപ്പ് തിരുമേനി

ഈ മാസിക ഞങ്ങളുടെ മാന്യവരിക്കാരുടെ കൈകളിൽ എത്തുന്നതു് ഒരു പക്ഷെ 10-ാംനു കഴിഞ്ഞു് ആയിരുന്നേക്കാം. ജനുവരി 10 നിസ്സായിലെ വി. ഗ്രിഗോറിയോസിന്റെ, തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ നാമകാരണന്റെ, ഓർമ്മദിവസമാണു്. ഈ വിശിഷ്ട ദിവസത്തിൽ അഭിവന്ദ്യതിരുമേനിയ്ക്കു് "ക്രൈസ്തവകാഹളം" ആദരപൂർവ്വം ആശംസകൾ സമർപ്പിക്കുന്നു. തിരുമേനിയുടെ ഇതഃപര്യന്തമുള്ള ഭരണകാലം പുനരൈക്യപ്രസ്ഥാനത്തിനു് പൊതുവെയും തിരുവനന്തപുരം അതിരൂപതയ്ക്കു് പ്രത്യേകിച്ചും അഭൂതപൂർവ്വമായ വികസനത്തിന്റെ കാലമായിരുന്നു എന്നുള്ളതിനു സംശയമില്ല. അചഞ്ചലമായ ദൈവാശ്രയവും സ്വഭാവലാളിത്യവുമാണു് തിരുമേനിയുടെ പ്രവർത്തനങ്ങളെ വിജയിപ്പിക്കുന്നതും ജീവിതത്തെ പ്രകാശിപ്പിക്കുന്നതും. അകത്തോലിക്കരോടുള്ള ക്രിസ്തീയ സമീപനത്തിലും അശരണരോടുള്ള അനുകമ്പയിലും സാധാരണക്കാരോടുള്ള സമഭാവനയിലുമാണു് തിരുമേനിയുടെ പ്രത്യേകചൈതന്യം വ്യക്തമായിക്കാണാൻ സാധിക്കുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹദോസ് സംബന്ധിച്ച പ്രവർത്തനങ്ങൾ വഴിയായും സഭൈക്യപ്രസ്ഥാനങ്ങളിലുള്ള പങ്കു മൂലവും അഭിവന്ദ്യതിരുമേനിയുടെ പ്രവർത്തനരംഗങ്ങൾ വിസ്തൃതമാക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ അവിടുത്തേയ്ക്കു് ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കുന്നതിനുവേണ്ടി അവിടത്തെ ആത്മീയമക്കൾ പ്രാർത്ഥിക്കുന്നു.

* * * *

## അനുമോദനം

തിരുവല്ലാരൂപതാ വികാരിജനറാൾ വെ. റവ മോൺ. മാത്യൂ നെടുങ്ങാട്ടിനു് 'ഡൊമസ്റ്റിക് പ്രിലേററു്' എന്ന ബഹുമതിയും, റവ. ഫാദർ തോമസ് വടശ്ശേരിക്കു് 'പേപ്പൽ ചേംബർലെയിൻ' എന്ന ബഹുമതിയും പ. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നൽകിയിരിക്കുന്നു. തിരുവല്ലാ രൂപതാദ്ധ്യക്ഷൻ വ. ദി. ശ്രീ. സഖറിയാസ് മാർ അത്താനാസ്യോസ് തിരുമനസ്സുകൊണ്ടു് സെൻറു ജോൺസ് കത്തീഡ്രലിൽ വച്ചു് കഴിഞ്ഞ ഡിസംബർ 16-ാം തീയതി മേല്പറഞ്ഞ സ്ഥാനചിഹ്നങ്ങൾ ഔദ്യോഗികമായി ഇവർക്കു നൽകുകയുണ്ടായി.



വെ. റവ. മോൺ. മാത്യൂ നെടുങ്ങാട്ടു്.

പുതിയ ബഹുമതി ലഭിച്ച ബഹുമാന്യ വൈദികരെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുന്നു. റൈററ്. റവ. മോൺ. മാത്യൂ നെടുങ്ങാട്ടു് ദീർഘകാലമായി തിരുവല്ലാ രൂപതയുടെ വികാരി ജനറാളായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു്. മൂന്നു പ്രാവശ്യം രൂപതാ അഡ്മിനിസ്ട്രേറററായി അദ്ദേഹം ഭരണം നടത്തിയിട്ടു

ണ്ടു്. ശാന്തഗംഭീരനും, ഏതു സന്ദർഭത്തിലും സമചിത്തത പാലിക്കാൻ കഴിവുള്ളവനുമായ വെ. ബ. മോൺസിഞ്ഞോറിന്റെ നിസ്വാർത്ഥമായ സേവനം ദീർഘകാലത്തേക്കു് മലങ്കര സുറിയാനിറീത്തിനു ലഭിക്കാൻ പ്രാർത്ഥിക്കുന്നു. വെ. റവ. ഫാദർ വടശ്ശേരിയുടെ ജീവിതം കേരളത്തിലെ പുനരൈക്യപ്രസ്ഥാനവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണു്. മുപ്പതോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്; അവയെല്ലാം തന്നെ പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയെ ഉദ്ദേശിച്ചുള്ളവയുമാണു്. പുനരൈക്യപ്രസ്ഥാനത്തിന്റെ ശത്രുക്കൾക്കു് ഇന്നും ബ. വടശ്ശേരിലച്ചൻ ഒരു പേടിസ്വപ്നമാണു്! പണ്ഡിതനെങ്കിലും സ്നേഹസമ്പന്നനും വിനീതനുമായ ബ. മോൺസിഞ്ഞോറിനു് തന്റെ വിലയേറിയ ശുശ്രൂഷ തുടരുന്നതിനുള്ള ആരോഗ്യവും ദീർഘായുസ്സും ലഭിക്കാനായി പ്രാർത്ഥിക്കുന്നു.



റവ. ഫാദർ തോമസ് വടശ്ശേരി.

* * * * *

## ക്രിസ്തീയൈക്യവാരം

ജനുവരി 18 മുതൽ 25 വരെ ക്രിസ്തീയ ഐക്യവാരമായി ലോകമെങ്ങും ആഘോഷിക്കപ്പെടുന്നു. കഴിഞ്ഞ വർഷം നാം ഐക്യവാരം ആഘോഷിച്ചതിനുശേഷം ഇതുവരെയായി ഐക്യത്തിന്റെ പ്രവണതകൾ എല്ലായിടത്തും തന്നെ കൂടുതൽ ശക്തിപ്പെട്ടിട്ടുള്ളതായി നമുക്കു കാണാൻ കഴിയും. സഭൈക്യത്തിനുവേണ്ടിയുള്ള നിരന്തരമായ പ്രയത്നവും പ്രാർത്ഥനയും ഇന്നാവശ്യമാണു്. കത്തോലിക്കരിൽനിന്നു മററുള്ളവർക്കു വന്നുപോയിരിക്കാവുന്ന ഇടർച്ചകളെപ്പററി ദുഃഖിക്കുകയും, സഹകരണം സാദ്ധ്യമായ രംഗങ്ങളിൽ അകത്തോലിക്കരുമായി സഹകരിച്ചു പ്രവർത്തിക്കുകയും, യേശുക്രിസ്തു ആഗ്രഹിച്ചതും പ്രാർത്ഥിച്ചതുമായ ഐക്യത്തിലേക്കു് എല്ലാവരും വഴിനടത്തപ്പെടേണ്ടതിനായി പ്രാർത്ഥിക്കുകയുമാണു് നമ്മുടെ ക്രിസ്തീയ ചുമതല. ഈ വർഷത്തെ ഐക്യവാരത്തിൽ ഈ ചുമതലാനിർവ്വഹണത്തിനായി നമ്മെത്തന്നെ നമുക്കു് ഒരിക്കൽക്കൂടി പ്രതിഷ്ഠിക്കാം.


**For favours received**



**Inserted by**
C. A. John,
Chamakalayil House, Elanthoor.

# പ. കാതോലിക്കാ ബാവാതിരുമേനി

ഏകദേശം ഒരു നൂററാണ്ടുകാലത്തെ ജീവിതത്തിനുശേഷമാണ് കേരളത്തിലെ ഓർത്തഡോക്സ് സുറിയാനിസഭാതലവനായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാതിരുമേനി 1964 ജനുവരി 3-ാംതീയതി വെള്ളിയാഴ്ച കാലം ചെയ്തു. അൻപതു കൊല്ലം മെത്രാപ്പോലീത്തായായും 35 കൊല്ലം കാതോലിക്കായായും അദ്ദേഹം തന്റെ സഭയെ നയിച്ചു. വ്യവഹാരത്തിന്റെ മരുഭൂമിയിൽക്കൂടെയും മത്സരങ്ങളുടെ താഴ്വരകളിൽക്കൂടെയും സഞ്ചരിച്ചശേഷം വിജയത്തിന്റെയും സമാധാനത്തിന്റെയും കവാടത്തിൽ എത്തിച്ചേരുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. നോമ്പിലും നമസ്കാരത്തിലും സഭയുടെ ആചാരങ്ങളിലുമുള്ള കർശനമായ വ്രതനിഷ്ഠ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. കേരളത്തിലെ ഓർത്തഡോക്സ്സഭ ഒററതിരിഞ്ഞു നിൽക്കരുതെന്നും ഐക്യത്തിന്റെ പാതയിൽ പുരോഗമിക്കണമെന്നും കാതോലിക്കാ ബാവാതിരുമേനി ആഗ്രഹിച്ചിരുന്നു എന്നുള്ളതിനു സംശയമില്ല. ഓർത്തഡോക്സ് സുറിയാനിസഭാംഗങ്ങളുടെ ദുഃഖത്തിൽ ഞങ്ങൾ പങ്കുകൊള്ളുകയും, കാതോലിക്കാബാവാതിരുമേനിയുടെ ആത്മാവിനു നിത്യാശ്വാസം ലഭിക്കാനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സുറിയാനിപണ്ഡിതനും, പക്വമതിയും, സഭൈക്യതല്പരനുമായ പുതിയ കാതോലിക്കാ ബാവാ തിരുമേനിക്ക് സർവ്വവിധ നന്മകളും ഞങ്ങൾ നേരുന്നു.



# രണ്ടുതരം കത്തോലിക്കർ

(A. A.)

കാർഡിനൽ ന്യൂമാനെക്കുറിച്ചും അദ്ദേഹത്തിന്റെ വിശ്വസ്തസുഹൃത്തും സഹപ്രവർത്തകനുമായിരുന്ന വില്യം ഫേബറിനെക്കുറിച്ചും, പ്രസിദ്ധ ചിന്തകനും ഗ്രന്ഥകാരനുമായിരുന്ന റോണാൾഡ് നോക്സ് ചെയ്ത ഒരു പ്രസംഗത്തിൽ പ്രകടിപ്പിച്ച ഒരഭിപ്രായമാണിതു: "ന്യൂമാനും ഫേബറും രണ്ടുതരം കത്തോലിക്കരായിരുന്നു എന്നു പറയാം. അവരുടെ ഗണത്തിൽപ്പെട്ടവർ ഇന്നും സഭയിലുണ്ട്. ഒരു കൂട്ടർ (ഫേബറിനെപ്പോലുള്ളവർ) ഭക്തിപ്രകടനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കും. ദൈവമാതാവിനും പരിശുദ്ധന്മാർക്കും പുതിയ പുതിയ ബഹുമതികൾ നൽകാൻ അവർ ശുഷ്കാന്തി പ്രദർശിപ്പിക്കും. സഭാധികാരികളുടെ അധികാരസീമ വലുതാക്കുന്നതിനും അവർ സന്തോഷത്തോടെ പരിശ്രമിക്കും.

രണ്ടാമത്തെ കൂട്ടർ (ന്യൂമാനെപ്പോലുള്ളവർ) പുരാതന രേഖകളിലും പാരമ്പര്യത്തിലും കാലൂന്നിക്കൊണ്ട്, സഭയുടെ പ്രബോധനങ്ങളിലും ഭക്തിപ്രകടനങ്ങളിലും അതിശയോക്തിപരമായ ഒന്നും ഉണ്ടാകാതിരിക്കാൻ ജാഗ്രതയോടിരിക്കും. ഒന്നാമത്തെ കൂട്ടരുടെ ശുഷ്കാന്തിയെ ഇവർ അല്പം സംശയത്തോടെ വീക്ഷിച്ചെന്നുവരാം. ഇവർ കൂടുതൽ വിമർശന മനസ്ഥിതിയുള്ളവരുമായിരിക്കും. മാനുഷികമായ നിലയിൽ പറഞ്ഞാൽ, ഈ രണ്ടു കൂട്ടരുടെയും സമഭാവനയും സഹവർത്തിത്വവും സഭാശരീരത്തിന്റെ ആരോഗ്യത്തിന് ആവശ്യമത്രേ".

# സഭയുടെ നവോത്ഥാനം

## (ഇൻഡ്യയിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ സംയുക്ത ഇടയലേഖനം)

"സൂനഹദോസിന്റെ രണ്ടാമത്തെ സമ്മേളനം സമാപിച്ചിരിക്കുന്ന ഈ അവസരത്തിൽ നിങ്ങളുടെ ഇടയന്മാരായ ഞങ്ങൾ ഒന്നുചേർന്ന് ഈ സന്ദേശം നിങ്ങൾക്കയയ്ക്കുവാൻ ആഗ്രഹിക്കുന്നു.

ഞങ്ങൾ ലോകത്തിലെ എല്ലാ മെത്രാന്മാരോടും ചേർന്ന് കഴിഞ്ഞ സെപ്റ്റംബർ 29-ാം തീയതി മുതൽ ഡിസംബർ 4-ാം തീയതി വരെ സൂനഹദോസിൽ സമ്മേളിച്ച് വിശുദ്ധഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്നതും യേശുക്രിസ്തുവിൽ നിന്ന് സഭ വഴിയായി നമുക്ക് ലഭിച്ചിരിക്കുന്നതുമായ ദൈവവചനത്തെപ്പററി കൂടുതൽ ഗാഢമായി ചിന്തിക്കുകയായിരുന്നു. ഭാഗ്യസ്മരണാർഹനായ 23-ാം യോഹന്നാൻ മാർപ്പാപ്പാ ഈ സൂനഹദോസ് വിളിച്ചുകൂട്ടി; ഇപ്പോൾ വിജയപൂർവ്വം നമ്മെ ഭരിക്കുന്ന ആറാം പൗലൂസ് മാർപ്പാപ്പാ അതു തുടരുന്നതിന് തീരുമാനിച്ചു. ഈ സൂനഹദോസിന്റെ ഉദ്ദേശങ്ങളാകട്ടെ തിരുസഭയുടെ ജീവൻ നവീകരിക്കുക, ക്രിസ്തീയൈക്യം ഊർജ്ജിതപ്പെടുത്തുക, യേശുക്രിസ്തുവിന്റെയും സഭയുടെയും സന്ദേശം ആധുനികലോകത്തിൽ കൂടുതൽ ഫലപ്രദമായി പ്രഖ്യാപിക്കുക എന്നിവയാണ്. സാർവ്വത്രികസഭയെ സംബന്ധിച്ചും പ്രത്യേകിച്ച് നമ്മുടെ രാജ്യത്തെ സംബന്ധിച്ചും ദൈവത്തിന്റെ തിരുവിഷ്ടം എന്തെന്ന് വെളിപ്പെടുത്തുന്നതിനായി ഞങ്ങൾ പരിശുദ്ധാത്മാവിനോട് ഓരോ ദിവസവും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രാർത്ഥനയിലും ത്യാഗത്തിലും ഞങ്ങളോട് യോജിച്ചിരുന്ന നിങ്ങളോട് ഞങ്ങൾ നന്ദി പറയുന്നു.

### തിരുസഭ, മേലദ്ധ്യക്ഷസ്ഥാനം, ഐക്യം

രണ്ടാം സമ്മേളനത്തിന്റെ പ്രധാന പാനവിഷയം തിരുസഭ, വൈദികാദ്ധ്യക്ഷസ്ഥാനം, ക്രിസ്തീയൈക്യം എന്നീ മൂന്നു വിഷയങ്ങളായിരുന്നു. ഇവയെപ്പററി അന്ത്യതീരുമാനങ്ങൾ ആയിട്ടില്ലെങ്കിലും ചർച്ചാവിഷയങ്ങളുടെ പ്രാധാന്യം നിങ്ങളെ ഗ്രഹിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഒരർത്ഥത്തിൽ 'തിരുസഭ' എല്ലാ ചർച്ചകളുടെയും കേന്ദ്രമായിരുന്നു. സഭയുടെ രഹസ്യത്തിലേക്ക് ക്രിസ്ത്യാനികളായ നാം കൂടുതലായി പ്രവേശിക്കേണ്ടതു് എത്രയോ ആവശ്യമാണ്! ദൈവം യേശുക്രിസ്തുവിൽ നമ്മെ തന്റെ സ്വന്തജനമായി തിരഞ്ഞെടുത്തു. തന്റെ ശുശ്രൂഷകർ വഴിയായി നമ്മെ വിശുദ്ധീകരിക്കുന്നു. മെത്രാന്മാർവഴിയായി നമ്മെ ഭരിക്കുന്നു. പരിശുദ്ധാത്മാവു വഴിയായി നമ്മെ തന്നോട് യോജിപ്പിക്കുന്നു. ദൈവികസ്നേഹത്തിന്റെ ഗാഢമായ ബന്ധനംവഴി നമ്മെ പരസ്പരം ഐക്യപ്പെടുത്തുന്നു. നിത്യമഹിമയുടെ പ്രത്യാശയിൽ നമ്മെ മുദ്രകുത്തിയിരിക്കുന്നു—നാം ദൈവമക്കളായിരിക്കുകയാൽ ക്രിസ്തീയമായ നമ്മുടെ വിളിക്ക് അനുയോജ്യമായവിധം ജീവിക്കുവാൻ നമ്മെ ഉപദേശിക്കുന്നു—ഭവനത്തിലാകട്ടെ സമുദായത്തിലാകട്ടെ നമ്മുടെ ജ്ഞാനസ്നാനത്തിലെ വ്രതങ്ങളോട് വിശ്വസ്തരായി ഓരോ ദിവസവും ജീവിക്കുന്നതിനുതന്നെ.

മനുഷ്യർ ദൈവത്തെയും ദൈവനിയമങ്ങളെയും ദൈവസ്നേഹത്തെയും മറന്ന് നാൾക്കുനാൾ കൂടുതൽ ലോകായതികന്മാരായിത്തീരുന്ന ഈ കാലയളവിൽ സഭയുടെ ഈ സന്ദേശം സർവ്വലോകത്തിനും ഏററം അധികം പ്രാധാന്യമുള്ളതാണ്. നമ്മുടെ മാതൃഭൂമിയിൽ ഈ സന്ദേശത്തിന് ഒരു പ്രത്യേക പ്രസക്തിയുണ്ടെന്ന് ഞങ്ങൾ ഊന്നിപ്പറയുന്നു. യേശു തന്റെ ശിഷ്യന്മാരെ "ചെറിയ ആട്ടിൻകൂട്ടം" എന്നു സംബോധന ചെയ്തതുപോലെ ക്രിസ്ത്യാനികളായ നാം ഇൻഡ്യയിൽ ഒരു ന്യൂനപക്ഷമാണ് എന്നു വരി

കിലും നമ്മുടെ രാജ്യത്തിൽ ക്രിസ്തുവിൻെറ സന്ദേശം പ്രഖ്യാപനം ചെയ്യുന്നതിനുള്ള അവകാശവും ചുമതലയും നമ്മുടേതാണു്. ഇൻഡ്യ വളരെ അധികം മാറിക്കൊണ്ടിരിക്കുകയാണു്. പഴയ സാമൂഹ്യ പാരമ്പര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. പട്ടണങ്ങളിലെ ജീവിതത്തെ മാത്രമല്ല ഉയർന്നു വരുന്ന തലമുറയുടെ മനസ്ഥിതിയെ ആകമാനം ഒരു പുതിയ സാമ്പത്തിക വ്യവസ്ഥിതി കരുപ്പിടിപ്പിക്കുകയാണു്. ദാരിദ്ര്യം, രോഗം, അലസത, അനൈക്യം എന്നിവയോടു് ഭീമമായ ഒരു യുദ്ധം നാം ചെയ്യുകയാണു്. തൻനിമിത്തം ബുദ്ധിയോടും ധൈര്യത്തോടും ഭാവി ഭാരതത്തെ കെട്ടിപ്പടുക്കുന്നതിനു് എല്ലാ മനുഷ്യരുടെയും സഹകരണം ആവശ്യമായിരിക്കുന്നു. എന്നാൽ സർവ്വോപരി ദൈവസഹായമാണു് നമുക്കാവശ്യം. അങ്ങെ നൽവരം നമ്മെ ഉത്തേജിപ്പിക്കുകയും അങ്ങെ നിയമം നമ്മെ നയിക്കുകയും നിയന്ത്രിക്കുകയും അങ്ങെ സ്നേഹം നമ്മെ ആശ്വസിപ്പിച്ചു് ശക്തിപ്പെടുത്തുകയും വേണം. നമ്മുടെ സഹോദരങ്ങളുടെ മുമ്പാകെ ദൈവനിയമത്തിനും സ്നേഹത്തിനും സാക്ഷികളായിരിക്കുക, ഇടയന്മാരുടെയും വൈദികരുടെയും വിശ്വാസികളുടെയും ഇടയിൽ മാത്രമല്ലാ എല്ലാ സമുദായങ്ങളുടെയും സാമൂഹ്യവിഭാഗങ്ങളുടെയും ഇടയിൽ യഥാർത്ഥ ഐക്യത്തിനു് നാം മാതൃകയായിരിക്കുക, ക്രിസ്ത്യാനികളും അക്രൈസ്തവരുമായ എല്ലാവരുടെയും നേരെ യഥാർത്ഥമായ സ്നേഹവായ്പോടെ ജീവിക്കുക ഇവയെല്ലാം ക്രിസ്ത്യാനികളെന്നുള്ള നിലയിൽ പ്രശസ്തമായ നമ്മുടെ ചുമതലയാണു്. വൈദികാദ്ധ്യക്ഷസ്ഥാനത്തിൻെറ നാനാവശങ്ങളെപ്പററി സുന്നഹദോസ് ദീർഘമായി പ്രതിപാദിച്ചു. അതിൻെറ കാരണം നാം മനസ്സിലാക്കേണ്ടതു് ആവശ്യമാണു്. വൈദികാദ്ധ്യക്ഷസ്ഥാനത്തിൻെറ പ്രാധാന്യത്തെ ഊന്നിപ്പറയുമ്പോൾ മാർപ്പാപ്പായുടെ പൂർണ്ണവും പരമവുമായ അധികാരത്തിനു് എന്തെങ്കിലും ഭംഗമുണ്ടാകുമെന്നു തെററിദ്ധരിക്കേണ്ട ആവശ്യമില്ല. കാരണം, പരമാധികാരം സ്ഥാപിച്ച നമ്മുടെ ദിവ്യരക്ഷകൻ തന്നെ നിശ്ചയിച്ചിട്ടുള്ളതാണു് സഭ പത്രോസിൻെറ പിൻഗാമികളുടെ കീഴിൽ എന്നും ഐക്യം കണ്ടെത്തണമെന്നുള്ളതു്. പിതാക്കന്മാർ ഇതിനു് എതിരായി നില്ക്കുമെന്നു് കരുതേണ്ടതില്ല. എന്നാൽ കേന്ദ്രത്തിലുള്ള നിയന്ത്രണാധികാരം ഒന്നായിരിക്കുന്നതുമൂലം ഓരോ രാജ്യത്തും വ്യത്യാസങ്ങളുണ്ടായിരിക്കരുതെന്നില്ല. ഭാരതത്തിലാണെങ്കിൽ നമുക്കു് പ്രത്യേക ചുമതലകളും പ്രശ്നങ്ങളും ഉണ്ടു്. അവ മററാർക്കും പരിശുദ്ധപിതാവിനു തന്നെയും വിട്ടൊഴിഞ്ഞു് സ്വസ്ഥമായിരിപ്പാൻ നമുക്കു് സാദ്ധ്യമല്ല. കാരണം നമ്മുടെ ചുമതലകളെ നേരിടുവാനും നമ്മുടെ രാജ്യത്തിനു വേണ്ടി ഉത്സാഹത്തോടെ പ്രവർത്തിക്കുവാനും ദൈവം നമ്മോടു് ആവശ്യപ്പെടുന്നു. എന്നാൽ സകലവും സ്ഥലത്തുള്ള വൈദികാദ്ധ്യക്ഷന്മാരുടെ നിയന്ത്രണത്തിൽ ചെയ്യേണ്ടതാണു്. വൈദികസ്ഥാനത്തിൻെറ സ്വഭാവം ശരിയായും പൂർണ്ണമായും മനസ്സിലാക്കേണ്ടതു് ഇതിനാവശ്യമാണു്. ഒരു മെത്രാൻ അദ്ദേഹത്തിൻെറ രൂപതയിലും മെത്രാന്മാർ അവരവരുടെ സമ്മേളനങ്ങൾ വഴിയായി തങ്ങളുടെ സ്വന്തം രാജ്യങ്ങളിലും സഭയുടെ അഭിവൃദ്ധിക്കു വേണ്ടി ആലോചിച്ചു പ്രവർത്തിക്കുവാൻ കടപ്പെട്ടവരാണു്.

## വിശ്വാസികൾ

എന്നാൽ വൈദികാദ്ധ്യക്ഷന്മാരും വൈദികരും മാത്രമല്ല സഭയുടെ ജീവിതത്തിനു് ഉത്തരവാദികൾ. അൽമായക്കാർക്കു് സഭയിലും ഇന്നത്തെ ലോകത്തിലുമുള്ള കടമകളെപ്പററി സുന്നഹദോസ് സുദീർഘം ചർച്ച ചെയ്തു. വാത്സല്യസഹോദരങ്ങളേ, നിങ്ങൾക്കുള്ള ചുമതല പ്രധാനമായി രണ്ടാണു്: നിങ്ങൾ ദൈവത്തിനുള്ളവരാണു്. നിങ്ങൾ ജ്ഞാനസ്നാനത്തിൻെറ മുദ്ര പ്രാപിച്ചു; പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ നിങ്ങൾക്കു ലഭിച്ചു; ക്രിസ്തു നിങ്ങളിൽ ജീവിക്കുന്നു. അതേ സമയം നിങ്ങൾ ലോകത്തിൽ ജീവിക്കുന്നു. നിങ്ങളിൽക്കൂടി ക്രിസ്തു നിങ്ങളുടെ ഭവനങ്ങളിലും ദിനചര്യകളിലും സന്നിഹിതനാകണം. നിങ്ങൾ ജീവിക്കുന്നതായ ലോകത്തോടു് നിങ്ങൾ ഉത്തരവാദികളാണു്. നിങ്ങളുടെ ജീവിതം വഴി സഭയുടെ ദൗത്യം ലോകത്തിൽ കൂടുതൽ കൂടുതൽ ഫലപ്രദ

മാകണം. നിങ്ങളെ കൂടാതെ, ക്രിസ്തുവിൻെറ സന്ദേശം നമ്മുടെ രാജ്യവാസികളിൽ അനേകർക്കും അജ്ഞാതമായിരിക്കും. നിങ്ങളുടെ ഈ രണ്ടുതരത്തിലുള്ള ദൈവവിളിക്ക് യോഗ്യമായി നിങ്ങൾ ജീവിക്കുവാൻ ഞങ്ങൾ ഉപദേശിക്കുന്നു. ഒന്നാമതായി ദൈവത്തിൻെറ മക്കൾക്ക് യോജിച്ചവണ്ണം ദൈവവചനത്തിലുള്ള അടിയുറച്ച വിശ്വാസത്തോടും അചഞ്ചലവും അജയ്യവുമായ ശരണത്തോടും, പ്രവൃത്തിയിൽ പ്രത്യക്ഷമാകുന്ന സ്നേഹത്തോടും നിങ്ങൾ ജീവിക്കണം. കൂദാശകളുടെ സ്വീകരണം, പ്രാർത്ഥനയും ത്യാഗവും നിറഞ്ഞ ജീവിതം ദൈവകല്പനയുടെ വിശ്വസ്തമായ നിർവഹണം ഇവ വഴി നിങ്ങളെത്തന്നെ വിശുദ്ധീകരിക്കണം. എന്നാൽ അതേസമയം തന്നെ നിങ്ങൾ ജീവിക്കുന്ന ലോകത്തോടുള്ള നിങ്ങളുടെ കടമയും നിങ്ങൾക്കു ശരിയായി ബോധ്യമാകണം ധൈര്യത്തോടെ നിങ്ങളുടെ ചുമതലകളെ ഏറെറടുക്കുവിൻ; നിങ്ങൾ തന്നെ മുൻകൈ എടുക്കുവാൻ മടിക്കരുത്; എന്നാൽ എപ്പോഴും യഥാർത്ഥ സേവനത്തിൻെറയും അനുസരണത്തിൻെറയും ആത്മാവാൽ നിങ്ങൾ ഭരിക്കപ്പെടണം. "നിങ്ങളിൽ വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ സേവകൻ ആകണം." എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ വചസ്സുകൾ നിങ്ങൾ ഓർക്കുവിൻ. സേവിക്കപ്പെടുവാനല്ല പിന്നയോ മററുള്ളവർക്ക് സേവനം ചെയ്യുവാനായി വന്ന യേശുക്രിസ്തുവിൻെറ മാതൃക നിങ്ങൾ അനുകരിക്കുവിൻ. (മത്തായി 20,25-28)

കത്തോലിക്കാസഭയുടെ ഐക്യത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികളെപ്പററി മാത്രമല്ല സുന്നഹദോസ് ചിന്തിച്ചത്. എല്ലാ ക്രിസ്ത്യാനികളും ഒന്നാകണമെന്നുള്ള ആഗ്രഹം ക്രൈസ്തവലോകത്തിൽ വർദ്ധിച്ചുവരികയാണല്ലോ. വിശുദ്ധ പത്രോസിൻെറ ബസിലിക്കായിൽ എല്ലാ രാജ്യങ്ങളിലെയും മെത്രാന്മാർ, എല്ലാമനുഷ്യരും ഒന്നാകണമെന്നും അനേക നൂററാണ്ടത്തെ ഭിന്നതകളും വളരെയധികം തെററിധാരണകൾക്കും കലഹങ്ങൾക്കും ശേഷം നാമെല്ലാം ഒന്നുകൂടി അടുക്കണമെന്നുമുള്ള സഭയുടെയും സർവ്വോപരി യേശുക്രിസ്തുവിൻെറയും ആഗ്രഹത്തെപ്പററി ശക്തിമത്തായി പ്രസംഗിച്ചപ്പോൾ ദൈവാത്മാവിൻെറ സാന്നിധ്യം ഞങ്ങൾക്കെല്ലാവർക്കും ബോധ്യമായി. വൈദികാദ്ധ്യക്ഷന്മാരുടെ മേൽനോട്ടത്തിൽ കഴിവുള്ളിടത്തെല്ലാം എല്ലാ ക്രിസ്ത്യാനികളുടെയും സഹകരണം പുലർത്തുന്നതിന് ശ്രമിക്കണം. ഇങ്ങിനെ നമ്മുടെ ഒന്നിച്ചുള്ള പരിശ്രമവും എല്ലാ ക്രിസ്ത്യാനികളുടെ പ്രാർത്ഥനയും വഴി ശാന്തമായും എന്നാൽ സുനിശ്ചിതമായും ദൈവതിരുമനസ്സ് നിറവേറുകയും ഒരിടയൻെറ കീഴിൽ നാം ഒരാട്ടിൻകൂട്ടമായി തീരുകയും ചെയ്യട്ടെ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഭിന്നത നമ്മുടെ സഹോദരങ്ങളായ അനേകകോടി അക്രൈസ്തവർക്ക് ഉതപ്പിനു കാരണമാകയാൽ ഇൻഡ്യയിൽ ക്രിസ്തീയ ഐക്യം വിശേഷവിധമായി ആവശ്യമാണ്. ആകയാൽ മുടങ്ങാതെ നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. ഇൻഡ്യയിൽ ആകമാനം ക്രിസ്തുവിൻെറ ഏകസഭവഴി ദൈവസ്നേഹത്തിൻെറ പരമരഹസ്യം നിറവേറുന്നതുവരെ നമ്മുടെ ഹൃദയങ്ങൾക്ക് സ്വസ്ഥതയുണ്ടാകരുത്. ഐക്യത്തിനായുള്ള നമ്മുടെ ഈ ആഗ്രഹത്തിൽ പങ്കുകൊള്ളുന്നതിനും അതു സാധിക്കുന്നതിനുമായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതിനും അകത്തോലിക്കാസഹോദരങ്ങളെയെല്ലാം ഞങ്ങൾ ഏററം താല്പര്യപൂർവ്വം ക്ഷണിക്കുന്നു.

## ദൈവാരാധന

വാത്സല്യ സഹോദരങ്ങളേ, മേല്പറഞ്ഞ വിഷയങ്ങളെപ്പററി സുന്നഹദോസ് ചർച്ചകൾ നടത്തി. എന്നാൽ അവയെപ്പററിയുള്ള അന്ത്യതീരുമാനം ഇനിയുമുള്ള സമ്മേളനത്തിലേ നടക്കുകയുള്ളൂ. കഴിഞ്ഞ സമ്മേളനത്തിൽ ദൈവാരാധനയെപ്പററി തീരുമാനം ചെയ്തുകഴിഞ്ഞു. അതു നിങ്ങൾക്കു നല്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ദൈവാരാധനയെ ആധാരമാക്കിയുള്ള ആദ്ധ്യാത്മികജീവിതം, ദൈവാരാധനയുടെ നവീകരണം ഇവ സംബന്ധിച്ചുള്ള പൊതുനിയമങ്ങളും, വിശുദ്ധ കർബാന, കർബാനാനുഷ്ഠാനം, ഇതര കൂദാശകൾ, യാമനമസ്കാരം, ദൈവാരാധനയിൽ സുന്ദരകലയ്ക്കു് പ്രത്യേകി

ച്ച് സംഗീതത്തിനുള്ള സ്ഥാനം ഇവയെപ്പററിയുള്ള പ്രത്യേക നിർദ്ദേശങ്ങളും ഈ രേഖയിൽ അടങ്ങിയിരിക്കുന്നു. സുന്നഹദോസ് ഈ വിഷയങ്ങളെപ്പററി പൊതുവേ തീരുമാനങ്ങൾ ചെയ്തു. വിശദാംശങ്ങൾ നിശ്ചയിക്കേണ്ടതു് തിരുസിംഹാസനവും വൈദികാദ്ധ്യക്ഷന്മാരുമാണ്. വ്യക്തികൾ ഈ വിഷയത്തിൽ കൈകടത്തുവാൻ പാടില്ല.

ആരാധനയുടെ നവീകരണം സംബന്ധിച്ച് ഒരു നിയമസംഹിത ഉണ്ടാക്കിയതുകൊണ്ടു് മാത്രം മതിയാകയില്ല. നമ്മെ യേശുക്രിസ്തുവിനോടും പരസ്പരവും കൂടുതൽ അടുപ്പിക്കുക എന്നതാണല്ലോ ഇതിൻെറ ഉദ്ദേശം. ഈ ഐക്യം വിശുദ്ധ കർബാനയിൽ അതായതു് ബലിപീഠത്തിൻെറ ചുററും നാം ഒരുമിച്ചുകൂടി യേശുക്രിസ്തുവിൻെറ ജീവനിലും മരണത്തിലും ഉയത്ഥേഴുന്നേല്പിലും പങ്കുകൊള്ളുന്ന ആ മഹനീയ സന്ദർഭത്തിൽ നാം കണ്ടെത്തുകയും അനുഭവമാക്കുകയും വേണം. ഈ പുതിയ നിയമങ്ങൾ മൂലം കൂടുതൽ പ്രായോഗികമായും ബോധപൂർവ്വവും ഫലപ്രദമായ രീതിയിലും കൂടുതൽ ഭക്തിയോടുകൂടി കൂദാശകൾ സ്വീകരിക്കുവാനും, ദിവ്യബലിയിൽ സംബന്ധിക്കുവാനും എല്ലാവർക്കും ഇടയാകുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇൻഡ്യയിലെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിലും സ്തോത്രത്തിൻെറയും പ്രാത്ഥനയുടെയും ഗാനാലാപത്തിൻെറയും ഒരു നവോത്ഥാനം ഉണ്ടാകുവാൻ ഇടയാകട്ടെ. ദിവ്യകാരുണ്യകോൺഗ്രസ്സ് വരെയുള്ള മാസങ്ങൾ ഈ വിഷയത്തിലുള്ള ഒരു പുതിയ പരിശ്രമത്തിൻെറ കാലമായിരിക്കട്ടെ. ഈ നവീകരണം നമ്മുടെ ദിവ്യോപാസനയുള്ള ജീവിതത്തിലും പ്രവൃത്തിയിലും പ്രത്യക്ഷപ്പെടുവാൻ ഇടയാകട്ടെ.

നമ്മുടെ സ്നേഹപിതാവായ ആറാം പൗലോസ്സ് മാർപ്പാപ്പാ സുന്നഹദോസിൻെറ രണ്ടാം സമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു് പറഞ്ഞ വാക്കുകൾ ഈ അവസരത്തിൽ ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ഇവിടെ ഈ നാഴികയിൽ ക്രിസ്തുവിനെ നമുക്കു സ്വീകരിക്കുകയും ലോകത്തിനു് പ്രഖ്യാപനം ചെയ്യുകയും ചെയ്യാം. ക്രിസ്തുവാകുന്നു നമ്മുടെ ആരംഭം; ക്രിസ്തുവാകുന്നു നമ്മുടെ ജീവനും നായകനും; ക്രിസ്തുവാകുന്നു നമ്മുടെ പ്രത്യാശയും അന്ത്യവും!

സുന്നഹദോസിൻെറ രണ്ടാം ഘട്ടം അവസാനിക്കുന്ന ഈ അവസരത്തിൽ ഞങ്ങൾ നിങ്ങൾക്കു തരുന്ന സന്ദേശം ഇതാകുന്നു. നാം ക്രിസ്തുവിനുള്ളവരാകുന്നു. അങ്ങിലുള്ള വിശ്വാസം നമുക്കു് നവീകരിക്കാം; അങ്ങേക്കു് വിശ്വസ്തതാപൂർവ്വം സേവനം ചെയ്യുന്നതിനു് നമുക്കു് വാഗ്ദാനം ചെയ്യാം: ക്രിസ്തു നമ്മുടെ മദ്ധ്യേ ഉണ്ടു്; ക്രിസ്തു സഭ വഴിയായി നമ്മെ നടത്തുന്നു. അങ്ങേ വെളിച്ചം ലോകത്തിനു നല്കുവാൻ അവിടുന്നു് നമ്മോടു് ആജ്ഞാപിക്കുന്നു. അങ്ങിൽ നാമെല്ലാം ഒന്നാകുന്നു. അങ്ങിൽ നമ്മുടെ ജീവിതത്തിൻെറ ഭാരം വഹിക്കുവാനുള്ള ശക്തി നാം കണ്ടെത്തുന്നു. അങ്ങിൽ നിത്യമഹിമയുടെ പ്രത്യാശ നമുക്കു് നല്കപ്പെട്ടിരിക്കുന്നു.

നമ്മുടെ പ്രിയമാതാവായ പരിശുദ്ധ കന്യകാമറിയവും സുന്നഹദോസിൻെറ മദ്ധ്യസ്ഥനായ വി. യൗസേപ്പും ക്രിസ്തീയമായ നമ്മുടെ വിളി അനുസരിക്കുവാൻ നമ്മെ സഹായിക്കട്ടെ".

---


**For favours received**



**Inserted by**
A Firm believer,
Thelliyoor.

# മാർ മാക്സിമോസ് വത്തിക്കാൻ സൂനഹദോസിൽ

(കുരുവിള മാത്യു)

[1962 ഒക്ടോബർ 23-ാം തീയതി കോൺസ്റ്റാൻറിനോപ്പിൾ പാത്രിയക്കീസായ മാർ മാക്സിമോസ് വത്തിക്കാൻ സൂനഹദോസിൽ അതിശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. സൂനഹദോസിന്റെ 5-ാം ജനറൽ കോൺഗ്രിഗേഷൻ ആരാധനക്രമത്തെ സംബന്ധിച്ചു വച്ചു നടത്തുകയായിരുന്നു. ആരാധനക്രമപരിഷ്കരണത്തെ സംബന്ധിച്ച് മാർ മാക്സിമോസ് നടത്തിയ സുധീരപ്രഖ്യാപനങ്ങൾ സൂനഹദോസിനകത്തും പുറത്തും വലിയ ഒച്ചപ്പാടുണ്ടാക്കി. ഈ അടുത്തകാലത്ത് പൗരസ്ത്യസഭകളും കത്തോലിക്കാ ഐക്യവും ( 'he Eastern churches and catholic unity) എന്ന പേരിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പുസ്തകം കിഴക്കും പടിഞ്ഞാറുമുള്ള കത്തോലിക്കരും അകത്തോലിക്കരുമായ വായനക്കാരിൽ വലിയ ഞെട്ടക്കം സൃഷ്ടിച്ച ഒന്നാണ്. ദൈവശാസ്ത്രത്തിലും തിരുസഭാചരിത്രത്തിലും അഗാധപാണ്ഡിത്യമുള്ള ഒരാളാണ് മെൽകയിററു റീത്തിന്റെയും, കിഴക്കൊക്കെയുടെയും എക്യുമെനിക്കൽ പാത്രിയക്കീസായ മാർ മാക്സിമോസ്. അദ്ദേഹം നടത്തിയ പ്രസംഗത്തിന്റെ ആശയവിവർത്തനമാണു താഴെ ചേർക്കുന്നതു്.]

ആരാധനക്രമത്തെ സംബന്ധിക്കുന്ന ഈ ഡ്രാഫ്റ്റ് ലത്തീൻ റീത്തിനെ പരാമർശിച്ചുള്ളതാണെങ്കിലും ലത്തീൻ റീത്തിലെ ലിററർജിക്കൽ പ്രസ്ഥാനത്തിന്റെ പുരോഗതിയെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു പൗരസ്ത്യപാത്രിയക്കീസെന്ന നിലയിൽ, എനിക്കു പറയാനുള്ള ചില കാര്യങ്ങൾ, ഞാനിവിടെ പറയുന്നതു് അസംഗതമാവുകയില്ലല്ലോ. എന്റെ പരാമർശങ്ങൾ ഏററവും സംക്ഷിപ്തമായിരിക്കുന്നതിനുവേണ്ടി ഡ്രാഫ്ററിലെ 24-ാം നമ്പറിൽ പറയുന്ന ആരാധനക്രമത്തിന്റെ ഭാഷയെക്കുറിച്ചു ചില കാര്യങ്ങൾ മാത്രമേ ഞാൻ ചൂണ്ടിക്കാട്ടുന്നുള്ളൂ.

പൊതുവെ നോക്കിയാൽ, ഈ ഡ്രാഫ്ററ് വളരെയധികം പ്രശംസനീയമാണെന്നു പ്രഥമതഃ പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ, ഇതിലും ചില ഭേദഗതികൾ അത്യന്താപേക്ഷിതമാണ്. പ്രസ്തുത ഭേദഗതികൾ വിഷയങ്ങളോടനുബന്ധപ്പെട്ട മെത്രാന്മാർ വരുത്തേണ്ടതുമാണ്. ഈ ഡ്രാഫ്ററു തയ്യാറാക്കിയ കമ്മീഷനു വേണ്ടത്ര അഭിനന്ദനത്തിനുള്ള വക ഇതിലുണ്ട്. കമ്മീഷനു മാത്രമല്ല, ഇവ്വിധത്തിലൊരു ഡ്രാഫ്ററു തയ്യാറാക്കാൻ പ്രചോദനമരുളിയ ലിററർജിക്കൽ പ്രസ്ഥാനത്തിനു പൊതുവേയും ഇതു് അഭിനന്ദനത്തിനു വക നൽകുന്നു.

'പാശ്ചാത്യആരാധനക്രമത്തിൽ ലത്തീൻഭാഷ സുരക്ഷിക്കപ്പെടണം' എന്ന്, 24-ാം നമ്പറിന്റെ തുടക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പൊതുനിയമം വളരെയധികം കർശനമായ ഒന്നാണെന്നു ഞാൻ വിചാരിക്കുന്നു. ലത്തീൻസഭയുടെ ആരാധനക്രമത്തിലും പഠനത്തിലും ഭരണനടപടികളിലും ലത്തീൻഭാഷയ്ക്കു നൽകപ്പെട്ടിരിക്കുന്ന ഏതാണ്ടൊരുവിധം പരമോന്നതമായ ഈ സ്ഥാനം പൗരസ്ത്യരുടെ ദൃഷ്ടിയിൽ അതിവിചിത്രതരമാണ്. എന്തുകൊണ്ടെന്നാൽ ക്രിസ്തുനാഥൻ തന്റെ സമകാലീനഭാഷയാണു സംസാരിച്ചതു്. 'അവിടുന്നു പ്രഥമ ദിവ്യബലി അർപ്പിച്ചതും തന്റെ ശ്രോതാക്കൾക്കു മനസ്സിലാകുന്ന ഒരു ഭാഷയിലായിരുന്നു. അതു് അറമായ ഭാഷയായിരുന്നു. അപ്പസ്തോലന്മാരും ശിഷ്യന്മാരും ഇതേ നിയമം തന്നെയാണു പില്ക്കാലത്തു് അനുവർത്തിച്ചതും. തങ്ങളുടെ സംഘങ്ങളിൽ തങ്ങൾക്കു ഗ്രാഹ്യമായ ഒരു ഭാഷയിൽ വി. ഗ്രന്ഥപാരായണം ചെയ്യുക, സങ്കീർത്തനങ്ങൾ ആലപിക്കുക, പ്രസംഗങ്ങൾ നടത്തുക, "അപ്പം മുറിക്കുക" എന്നിവയൊക്കെ ആദിമ ക്രിസ്ത്യാനികൾക്കു വിഭാവന ചെയ്യാൻപോലും സാധ്യമായിരുന്നില്ല. വി. പൗലോസ് അപ്പസ്തോലൻ വ്യക്തമായി ചൂണ്ടിക്കാട്ടുന്നു: 'ആത്മാ

വിൽ മാത്രം സ്തോത്രം ചെയ്താൽ (അഗ്രാഹ്യമായ ഭാഷയിൽ) നിന്റെ സ്തോത്രഗീതത്തിനു നിരക്ഷരകുക്ഷിയായ ഒരുവൻ എങ്ങനെ 'ആമ്മീൻ' എന്നു പറയും. നീ പറയുന്നതെന്തെന്ന് അവൻ ഗ്രഹിക്കുന്നില്ലല്ലോ. നീ നിസ്സംശയമായും ശരിക്കു നന്ദി പ്രകടിപ്പിക്കുകതന്നെ ചെയ്യുന്നു. പക്ഷേ, മററവനതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. നിങ്ങളുടെ ഏതു ഭാഷയും എനിക്കറിയാവുന്നതുകൊണ്ട് ഞാൻ എന്റെ ദൈവത്തിനു നന്ദിപറയുന്നു. എങ്കിലും ദൈവാലയത്തിൽ അർത്ഥബോധത്തോടെ അഞ്ചു വാക്കു പറയാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ അങ്ങനെ അന്യരെ പഠിപ്പിക്കാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ, അന്യഭാഷയിൽ പതിനായിരം പദങ്ങൾ ഉച്ചരിക്കുന്നതിനേക്കാൾ എത്ര നന്നായിരുന്നു. (1 കോറി. 14, 16-19) ഇന്നും ആരാധനയ്ക്കുപയോഗിക്കുന്നുണ്ടെങ്കിലും ഒരു മൃതഭാഷയായ ലത്തീനെ താങ്ങി വാദമുഖങ്ങൾ ഉന്നയിക്കുന്നവർ വി. അപ്പസ്തോലന്റെ വ്യക്തവും സരളവുമായ പ്രസ്തുത ന്യായോക്തികൾക്കു മുമ്പിൽ തലകുനിക്കാതെ നിർവ്വാഹമില്ല.

മാത്രമല്ല, മൂന്നാം നൂററാണ്ടിന്റെ മദ്ധ്യകാലംവരെ ഗ്രീക്കായിരുന്നു റോമൻസഭ ആരാധനയ്ക്കുപയോഗിച്ചുപോന്നതു്. കാരണം, അന്നൊക്കെ ജനങ്ങളുടെ സംസാരഭാഷ അതായിരുന്നു. പിന്നീട്, ഗ്രീക്കു മാററി ലത്തീൻ ഉപയോഗിക്കാൻ തുടങ്ങിയതിന്റെയും കാരണം ലത്തീൻ ജനങ്ങളുടെ സംസാരഭാഷയായിത്തീർന്നു എന്നതാണ്. ഈ തത്വം അന്നത്തെപ്പോലെ ഇന്നും പ്രാവർത്തികമാക്കുന്നതിൽ നാമെന്തിനു വിമുഖത കാട്ടണം?

പൗരസ്ത്യസഭയെക്കുറിച്ചു പറഞ്ഞാൽ, ആദ്യകാലത്തെ അറമായിക്കിനും ഗ്രീക്കിനും ശേഷം ഈജിപ്ത് മുതലായ പ്രദേശങ്ങളിൽ കോപ്റ്റിക്കു പ്രചാരത്തിൽ വന്നു. പിന്നീട് അഞ്ചാം നൂററാണ്ടിന്റെ ആരംഭത്തോടെ അറമായിക്കു വീണ്ടും പ്രത്യക്ഷപ്പെട്ടു. പിന്നെ ജോർജ്ജിയൻ, എത്തിയോപ്പിയൻ, അറബി, ഗോത്തിക്ക്, സ്ലാവോണിക്ക് എന്നിങ്ങനെ വിവിധ ഭാഷകൾ ജനകീയഭാഷകളായി രംഗപ്രവേശം ചെയ്തു

പാശ്ചാത്യസഭയിലാണെങ്കിൽ, മദ്ധ്യശതകകാലത്തു മാത്രമാണ്, യൂറോപ്പു മുഴുവൻ അടക്കിവാണ അപരിഷ്കൃതവർഗ്ഗക്കാരുടെ ഭാഷകൾക്കു ബദലായി, ലത്തീൻ അവരോധിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും. അങ്ങനെയാണ് ലത്തീൻ യൂറോപ്പിൽ പാശ്ചാത്യസഭയുടെ ആരാധനക്രമത്തിലും ഔദ്യോഗികഭരണനടപടികളിലും വ്യാപകമായി കടന്നുകൂടിയതു്.

പൗരസ്ത്യസഭകളിൽ ആരാധനഭാഷയുടെ പ്രശ്നം ഒരു പ്രശ്നമെന്ന രീതിയിൽ ഒരു കാലത്തും പൊന്തിവന്നിട്ടില്ല. ഏതൊരു ഭാഷയും സാക്ഷാൽ ആരാധനാഭാഷയാണ്. "സകല ജനപദങ്ങളും കർത്താവിനെ സ്തുതിക്കട്ടെ" എന്ന് സങ്കീർത്തകനോടൊപ്പം ദൈവകീർത്തനങ്ങൾ ആലപിക്കാനും സുവിശേഷം ഉൽഘോഷിക്കാനും ദിവ്യബലിയർപ്പിക്കാനും ഏതു ഭാഷയും ഉപയോഗപ്പെടുത്താവുന്നതാണ്. വിശ്വാസികളെ ഒരുമിച്ചുകൂട്ടി അവർക്കഗ്രാഹ്യമായ ഒരു ഭാഷയിൽ ആരാധന നടത്തുക എന്നു പറഞ്ഞാൽ പൗരസ്ത്യരായ ഞങ്ങൾക്കതു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

ലത്തീൻ ഒരു മൃതഭാഷയാണിന്ന്. എന്നാൽ, സഭയോ സജീവമാണ്. വരപ്രസാദത്തിന്റെയും പരിശുദ്ധാരൂപിയുടേയും വാഹനമായ ഭാഷ സജീവമായിരിക്കണം. ഭാഷ മനുഷ്യർക്കു വേണ്ടിയുള്ളതാണ്. അല്ലാതെ, മാലാഖമാർക്കു വേണ്ടിയുള്ളതല്ല. ഒരു ഭാഷയും നമുക്കു പതിതമല്ല, പരിവർജ്ജ്യമല്ല.

ലത്തീൻ റീത്തിൽ ദേശീയഭാഷകളെ ഉപയോഗത്തിലെടുക്കുന്നതു് വളരെ കരുതലോടും വിവേകത്തോടും അനുക്രമമായും വേണമെന്ന് നമ്മളെല്ലാവരും സമ്മതിക്കുന്നു. എന്നാൽ, ഒന്നാമതായിട്ട് എനിക്കു പറയാനുള്ളതിതാണ്: 24-ാം നമ്പറിൽ കൊടുത്തിരിക്കുന്ന കർശനനിയമത്തിന്റെ കാഠിന്യം അല്പം മയപ്പെടുത്തണം. പാശ്ചാത്യആരാധനക്രമത്തിൽ ലത്തീൻ ഭാഷ സുരക്ഷിക്കപ്പെട്ടു" എന്ന നിയമം "ലത്തീൻ റോമൻ റീത്തിന്റെ സ്വകീയവും ഔദ്യോഗികവുമായ ഭാഷയാകുന്നു" എന്നു തിരുത്തപ്പെടേണ്ടതാണ്.

# സമുദായ നീതിക്കുവേണ്ടിയുള്ള സമരം

(എം. എം. വർക്കി, മൂക്കഞ്ചേരിൽ)

അന്നു തിരുവനന്തപുരത്തെ ദാസൻ ആഫീസ് ഒരു യഥാർത്ഥ "കത്തോലിക്കാസെന്റർ" ആയിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സർക്കാർകാര്യമായിവരുന്നവരും കത്തോലിക്കരായ പ്രജാസഭാമെമ്പർമാരും നിയമസഭാമെമ്പർമാരും വന്നു സമ്മേളിച്ചിരുന്നതു ദാസൻ ആഫീസിലായിരുന്നു. അറിക്ക വേണ്ട വിവരങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിനും അവക്ക് സാധിക്കേണ്ട കാര്യങ്ങൾക്ക് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിനും ദാസൻ അതിന്റെ എല്ലാ കഴിവുകളും ഉപയോഗിച്ചിരുന്നു. വിവിധ ചിന്താഗതിക്കാരും ആദർശക്കാരുമായ കത്തോലിക്കാപ്രതിനിധികളെ ഒന്നിച്ചുകൂട്ടുന്നതിനും സംയുക്തമായ പ്രവർത്തനത്തിന് അവരെ പ്രേരിപ്പിക്കുന്നതിനും ദാസന് സാധിച്ചിരുന്നു. തലസ്ഥാനനഗരിയിൽ ഇത്തരമൊരു ആഫീസിന്റെ ആവശ്യകത അനുക്തസിദ്ധമാണല്ലോ. വാസ്തവത്തിൽ അത്തരമൊരുസ്ഥാപനം ഇന്നില്ലാത്തതിന്റെ ദോഷം കുറച്ചൊന്നുമല്ല സമുദായം ഇപ്പോൾ അനുഭവിക്കുന്നതു്.

അന്നു കത്തോലിക്കരുടെ അവകാശങ്ങൾ മുൻനിറുത്തി മഹാരാജാവിനും ദിവാൻജിക്കും അനേകം മെമ്മോറിയലുകൾ കൊടുത്തിട്ടുണ്ടു്. ഇവയിൽ മിക്കതിന്റെയും ജന്മഗൃഹം ദാസൻ ആഫീസാണു്. മെമ്മോറിയലുകൾ എഴുതിയുണ്ടാക്കുക, അതു ടൈപ്പുചെയ്യിക്കുകയോ അച്ചടിപ്പിക്കുകയോ ചെയ്യുക, ഒപ്പിടേണ്ടവരെക്കൊണ്ടു് ഒപ്പിടുവിക്കുക, മെമ്മോറിയൽ സമർപ്പിക്കേണ്ട നിവേദകസംഘത്തെ യഥോചിതം നയിക്കുക മുതലായ ജോലികൾ മാത്രമല്ലാ ചെയ്യേണ്ടിയിരുന്നതു്. മെമ്മോറിയലിലെ അഭ്യർത്ഥനകൾക്കു് അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി അനുഭാവമുള്ള ഇതരപത്രങ്ങളിൽ ലേഖനങ്ങളെഴുതിക്കുക, നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും സമുദായാംഗങ്ങളെക്കൊണ്ടു് അനുഭാവനിവേദനങ്ങൾ അയപ്പിക്കുക മുതലായതു് അന്നു് ആവശ്യമായിരുന്നു. അവിശ്രമം മുഷിഞ്ഞിരുന്നു ചെയ്യേണ്ട തിരക്കുപിടിച്ച ജോലികൾകൊണ്ടു് രാത്രിയെപ്പോലും പകലാക്കേണ്ടിവന്ന അവസരങ്ങൾ കുറച്ചൊന്നുമല്ല.

അന്നു നിവേദനംചെയ്യപ്പെട്ട നിരവധി അതിപ്രധാനവിഷയങ്ങളിൽ ഒന്നു് ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ ജസ്റ്റിയായി നിയമിച്ചുകിട്ടുകയെന്നതായിരുന്നു. റാവുബഹാദൂർ മുത്തുനായകംപിള്ള ഹൈക്കോട

---

എനിക്കുന്നയിക്കാനുള്ള രണ്ടാമത്തെക്കാര്യം ഇതാണു്: ആരാധനയ്ക്കു ദേശീയ ജീവൽ ഭാഷകൾ ഏതേതു രാജ്യത്തു് ഉപയോഗിക്കണമെന്നോ, ഉപയോഗിക്കുന്നപക്ഷം എങ്ങനെ, എത്രമാത്രം ഉപയോഗിക്കണമെന്നോ തീരുമാനിക്കാനുള്ള അധികാരം അതതു രാജ്യത്തെ മെത്രാന്മാരുടെ കോൺഫ്രൻസിനു വിട്ടുകൊടുക്കണം. ഈ ഡ്രാഫ്റ്റു്, ദേശീയഭാഷകളെ ഉപയോഗിക്കാനനുവദിക്കണമെന്നു പരിശുദ്ധ സിംഹാസനത്തിൽ നിർദ്ദേശം സമർപ്പിക്കാൻ മെത്രാന്മാരുടെ കോൺഫ്രൻസിനു ചുമതലയുണ്ടെന്നു പറയുന്നതല്ലാതെ, അപ്രകാരമൊരു നിർദ്ദേശം ഉന്നയിക്കുന്നതിനുവേണ്ടി മെത്രാന്മാർ കോൺഫ്രൻസു് ചേരണം എന്നു് പറയുന്നില്ല. ഏതു നിർദ്ദേശവും ഉന്നയിക്കാൻ ഏതൊരു വിശ്വാസിക്കും അധികാരമുണ്ടു്. എന്നാൽ, മെത്രാന്മാരുടെ സംഘത്തിനു വെറുതെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമല്ല, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ, തീരുമാനങ്ങളെടുക്കാനും അധികാരമുണ്ടായിരിക്കണം. അതുകൊണ്ടു് ഡ്രാഫ്റ്റിന്റെ 24-ാം നമ്പറിൽ 6 മുതൽ 19 വരെയുള്ള വരികൾ താഴെപ്പറയുംവിധം ഭേദഗതി ചെയ്യപ്പെടണം. "ആരാധനയ്ക്കു ദേശീയഭാഷകൾ ഉപയോഗിക്കുന്നതിന്റെ രീതിയും വ്യാപ്തിയും തീരുമാനിക്കുക ഓരോ രാജ്യത്തെയും മെത്രാന്മാരുടെ കോൺഫ്രൻസിന്റെ അധികാരമാകുന്നു. അതു പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെയായിരിക്കേണ്ടതുമാണു്".

തിയിൽനിന്നു് 1917-ൽ പെൻഷൻപററി പിരിഞ്ഞതിനു ശേഷം ഒരു കത്തോലിക്കനും ഹൈക്കോടതിയിൽ നിയമിക്കപ്പെട്ടിരുന്നില്ല. പ്രമോഷൻവഴി ഹൈക്കോടതിയിൽ എത്തുന്നതിനു് പററിയ ഡിസ്ട്രിക്ട് ജഡ്ജിമാരും ഉണ്ടായിരുന്നില്ല. ബാറിൽനിന്നു് നിയമിക്കപ്പെട്ടിരുന്നവരെല്ലാം ഓരോരോ താല്പര്യത്തിൻെറപേരിൽസവൎണ്ണരോ മററുപ്രബലസമുദായക്കാരോ ആയിരുന്നു അതുമൂലമാണു് ഇക്കാൎയ്യത്തിൽ ശക്തിയായ ഒരു പ്രക്ഷോഭണംതന്നെ വേണ്ടിവന്നതു്. ഒരു കത്തോലിക്കനെ ഹൈക്കോടതിയിൽ നിയമിക്കണമെന്നുള്ള കത്തോലിക്കരുടെ മെമ്മോറിയൽ, ഇതു സംബന്ധിച്ച സംസ്ഥാനത്തിനു് അകത്തും പുറത്തുമുള്ള പത്രങ്ങളുടെ അഭിപ്രായങ്ങൾ, പൊതുയോഗനിശ്ചയങ്ങൾ മുതലായവ സമാഹരിച്ചു് ഒരു പുസ്തകം ("Catholic claims"- കത്തോലിക്കരുടെ അവകാശങ്ങൾ) ഞാൻ പ്രസിദ്ധംചെയ്തു. ആ പുസ്തകത്തിൻെറ കമനീയമായി ബയൻഡുചെയ്ത പ്രതികൾ റീജെൻറു മഹാറാണി, ഇന്ത്യാവൈസ്രോയി, പൊളിററിക്കൽ ഏജൻറു മുതലായവൎക്കു് സമർപ്പിക്കുകയും ചെയ്തു. ഈ നിവേദനങ്ങളുടെ ഫലമായി ലഭിച്ച ഹൈക്കോടതി ജഡ്ജിയാണു് ബാരിസ്റ്റർ ജോസഫ് തളിയത്തു്. ഇദ്ദേഹം കുറേക്കാലം തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായി, ഒടുവിൽ ചീഫ് ജസ്റ്റീസായും ഉയൎന്നു് സൽപ്പേരോടെ പെൻഷൻപററുകയും അടുത്തകാലത്തു നിര്യാതനാവുകയും ചെയ്തു.

ഇതുപോലെ ഞാൻ പ്രസിദ്ധംചെയ്ത മറെറാരു പുസ്തകമാണു് Catholic Grievances എന്ന പേരിലുള്ളതു്. പബ്ളിക് സർവ്വീസിലും പട്ടാളത്തിലും പ്രതിനിധിസ്ഥാപനങ്ങളിലും കത്തോലിക്കർ അനുഭവിച്ചിരുന്ന പ്രാതിനിധ്യക്കുറവിനേയും ദേവാലയങ്ങളും സെമിത്തേരികളും സ്ഥാപിക്കുന്നതിൽ അവൎക്കു് നേരിട്ടിരുന്ന തടസ്സങ്ങളേയും ചരിത്രപരമായും തെളിവുകൾ സഹിതവും വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ള ഒരു സുദീർഘമെമ്മോറാണ്ടവും ഏതൽസംബന്ധമായി മഹാരാജാവിനുള്ള ഒരു മെമ്മൊറിയലും ഏതാനുമനുബന്ധങ്ങളുമാണു് ഇതിലെ ഉള്ളടക്കം. ഇംഗ്ലീഷിൽ തയാറാക്കപ്പെട്ട ഈ പുസ്തകം മഹാരാജാവിനും പൊളിററിക്കൽ ഏജൻറിനും പൊളിററിക്കൽ സെക്രട്ടറി, ഇന്ത്യാവൈസ്രോയി, ഇന്ത്യാസെക്രട്ടറി, പാർലമെൻറുമെമ്പറന്മാർ മുതലായ അധികാരികൾക്കും സമർപ്പിക്കപ്പെട്ടിരുന്നു. അതിൻെറ കോപ്പികൾ തിരുവിതാംകൂറിനകത്തും പുറത്തും ധാരാളമായി പ്രചരിപ്പിച്ചു. "കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ" എന്ന പേരിൽ അതിൻെറ മലയാള തർജ്ജമ അടങ്ങിയ പുസ്തകം അനേകം കോപ്പികൾ അച്ചടിപ്പിച്ചു് തിരുവിതാംകൂർ ജനങ്ങൾക്കിടയിലും വിതരണംചെയ്യപ്പെടുകയുണ്ടായി. ഈ പുസ്തകത്തെപ്പററിയാണു്, പരേതനായ ബാരിസ്റ്റർ ജോൎജ്ജ് ജോസഫ് ചമ്പക്കുളം കത്തോലിക്കാകോൺഗ്രസ്സ് മഹാസമ്മേളനത്തിൽവെച്ചു് ഈ ഗ്രന്ഥംശരിക്കുപടിക്കാത്ത യാതൊരുവനും തിരുവിതാംകൂർ രാജ്യകാൎയ്യങ്ങളെപ്പററി സത്യസന്ധമായും വസ്തുതിഷ്ടമായും സംസാരിക്കുവാൻ കഴിയുന്നതല്ലായെന്നു് തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞതു്. ഇന്നും, അന്നത്തേപ്പോലെ കത്തോലിക്കാസമുദായത്തിൻെറ രാഷ്ട്രീയനിലയുടെ ഒരു യഥാൎത്ഥ കണ്ണാടിയാണു് ആ പ്രസിദ്ധീകരണമെന്നുപറയുന്നതിൽ തെററില്ല, അതിലെ ചുരുക്കം ചില ഭാഗങ്ങൾ (വിജയിച്ചകാര്യങ്ങൾ) വിട്ടു്, തിരുവിതാംകൂർ എന്നതിനു പകരം കേരളം എന്നു് ചേൎത്താൽ കത്തോലിക്കരുടെ ഇന്നത്തെനിലയ്ക്കു് അനുയോജ്യമായിരിക്കും. അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിൻെറ നാമത്തിലാണ അതു് സമർപ്പിക്കപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെട്ടതും. ആ എഴുതി തയ്യാറാക്കിയതിനു് എന്നെ അഭിനന്ദിച്ചു് അന്നത്തെ കോൺഗ്രസ്സ് പ്രവൎത്തകസമിതി ഒരു പ്രമേയം പാസാക്കി എനിക്കു അയച്ചുതരികയുണ്ടായിട്ടുണ്ടു്. ആ പുസ്തകം തയ്യാറാക്കപ്പെട്ടിരിക്കുന്നവിധം, അതിലെ പ്രതിപാദനരീതി, അതിൽ ക്രോഡീകരിച്ചിരിക്കുന്ന വസ്തുതകളുടേയും തെളിവുകളുടേയും ബഹുലത എന്നിത്യാദികളെ അഭിനന്ദിച്ചും അനുമോദിച്ചും നാട്ടിലും പുറത്തുമുള്ള പ്രമുഖരായ പല കത്തോലിക്കരിൽനിന്നും അകത്തോലിക്കരിൽനിന്നും ഒട്ടേറേ കത്തുകളും എനിക്കു കിട്ടിയിരുന്നു. അവരിൽ പ്രത്യേകം എടുത്തുപറയത്തക്ക രണ്ടു മഹത്തുക്കളാണു് ബ്രിട്ടീഷ് പാർലമെൻറ് മെമ്പറായിരുന്ന അത്തോൾ പ്രഭ്വിയും ഫിററ്സാലൻ പ്രഭുവും. അന്നു് അവരുമായി സമ്പാദിച്ച ഈ പരിചയം പിൻക്കാലത്തു് നിവൎത്തനപ്രസ്ഥാനം സംബന്ധിച്ചും സ്റ്റേററുകോൺഗ്രസ്സ് പ്രക്ഷോപണം സംബ

ന്ധിച്ചും വളരെ അധികം പ്രയോജനപ്പെട്ടുക യും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ അന്നത്തെ പ്രമുഖ നേതാവും ഊൎജ്ജസ്വലതയുടേയും ധീരതയുടേയും ഒരു പര്യായവുമായിരുന്ന ബാരിസ്റ്റർ ജോർജ്ജ് ജോസഫും ഞാനുമായി പരിചയപ്പെടുന്നതും "കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ" മുഖേനയാണെന്നു് പ്രത്യേകം പറയേണ്ടതുണ്ട്. മഹാനായ ആ ഭാരതനേതാവിനെപ്പററി, ആ കേരളീയനെപ്പററി, കത്തോലിക്കാനേതാവിനെപ്പററി, എന്റെ ഈ അനുസ്മരണത്തിൽ ഇനിയും പറയേണ്ടിവരുമെന്നുള്ളതിനാൽ തല്ക്കാലം കൂടുതൽ ഒന്നും എഴുതുന്നില്ല.

അക്കാലത്തു പ്രജാസഭയിലും നിയമസഭയിലും മെമ്പർമാരായിരുന്ന കത്തോലിക്കർ പലരും "ദാസൻ" ആഫീസാണു് അവരുടെ താവളമാക്കിയിരുന്നതെന്നു് പറഞ്ഞുവല്ലോ. നികുതിയോഗ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടുന്നവരിൽ മിക്ക പേരും പ്രഭാഷണപടുക്കളോ, രാജ്യകാൎയ്യ വിശാരദരോ ആയിരുന്നില്ല. നിയമസഭയിലോ, പ്രജാസഭയിലോ അംഗത്വം സ്വീകരിച്ചുപോന്നുവെന്നല്ലാതെ ആ സഭയിൽ ചെന്നുപറയേണ്ടതെന്താണെന്നോ, പറയേണ്ടതെങ്ങനേയാണെന്നോ, അവരിൽ പലക്കും നിശ്ചയമുണ്ടായിരുന്നില്ല, പക്ഷേ, അവരെല്ലാവരുംതന്നെ ഓരോതരത്തിൽ യോഗ്യന്മാരായിരുന്നു. പൊതുവായി പറഞ്ഞാൽ അവരുടെ ഏററവും വലിയ യോഗ്യത, അറിഞ്ഞുകൂടാത്തതു് അറിയാമെന്നു അവർ ഭാവിച്ചിരുന്നില്ലെന്നുള്ളതാണു്. മാത്രമല്ല, കാൎയ്യങ്ങൾ അറിയുന്നതിനും സമുദായത്തെ സേവിക്കുന്നതിനും ഉൽക്കടമായ അഭിനിവേശവും അവൎക്കുണ്ടായിരുന്നു. തന്മൂലം ഇന്നതാണു് സമുദായശ്രേയസ്സിനു് പററിയ മാൎഗ്ഗമെന്നു് ചൂണ്ടിക്കാണിച്ചുകൊടുത്താൽ അതു മനസ്സിലാക്കുന്നതിനും ആ വഴിയേ പോകുന്നതിനും എത്രത്തോളമെങ്കിലും പരിശ്രമിക്കുന്നതിനും അവർ ഒരു മടിയും കാണിച്ചിരുന്നില്ല. അങ്ങേ അററത്തെ താല്പൎയ്യവും ഉത്സാഹവുമാണു് സദാ അവരിൽ മുന്നിട്ടുനിന്നിരുന്നതു്.

ഈ കത്തോലിക്കാപ്രതിനിധികൾ പലരും ഇടയ്ക്കിടെ "ദാസൻ" ആഫീസിൽ വരികയും തങ്ങൾ പറയേണ്ട കാൎയ്യങ്ങളേപ്പററി ഞാനുമായി ചൎച്ചനടത്തുകയുംചെയ്തുപോന്നു. പലരും എന്റെ കൂടെത്തന്നെയായിരുന്നു താമസിച്ചിരുന്നതു്. ചിലൎക്കു പ്രസംഗങ്ങൾതന്നെ എഴുതിക്കൊടുക്കേണ്ടിവന്നിട്ടുണ്ടു്. എഴുതിക്കൊടുക്കുകമാത്രമല്ല, അതു പ്രസംഗിക്കേണ്ടരീതി മനസ്സിലാക്കിക്കൊടുക്കേണ്ടിയുമിരുന്നു. നാടകങ്ങൾക്കു മുൻപു് നടക്കുന്ന റിഹേഴ്സൽപോലെ, ഇവരെ വേഷംധരിപ്പിച്ചു നിറുത്തി പ്രസംഗിപ്പിച്ചു പരിചയിപ്പിക്കുക രസകരമെങ്കിലും ക്ലേശകരമായ ഒരു ജോലിയായിരുന്നു.

അക്കാലത്തു് കത്തോലിക്കൎക്കുമാത്രമല്ലായിരുന്നു "ദാസൻ" ആഫീസ് ഒരു താവളമായിരുന്നതു്. പല നായർമെമ്പറന്മാരും ഈഴവമെമ്പർമാരും മുസ്ലീംമെമ്പറന്മാരും അകത്തോലിക്കാക്രിസ്ത്യൻമെമ്പറന്മാരും എന്റെ കൂടെ ദാസൻ ആഫീസിൽവന്നു താമസിക്കുക പതിവായിരുന്നു. കാരണംസ്പഷ്ടമാണു്. അവരുടെ സമുദായങ്ങളുടെയും ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശക്തിയുക്തം മാനിക്കാൻ "ദാസൻ" ഒരിക്കലും വൈമുഖ്യം കാണിച്ചിരുന്നില്ല. പലപ്പോഴും "ദാസൻ" മാത്രമാണു് അവൎക്കുവേണ്ടി വാദിച്ചിരുന്നതെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. മററുള്ളവരുടെ അവകാശങ്ങൾ മാനിക്കാനും അവൎക്കുവേണ്ടി വാദിക്കാനും നാം തയാറായാലെ നമ്മുടെ അവകാശവാദങ്ങൾക്ക് അവരുടെ അനുഭാവവും പിൻതുണയും ലഭിക്കുകയുള്ളു എന്ന സാമാന്യതത്വമാണു് ദാസന്റെ ഈ നയത്തിനു പ്രേരകമായിരുന്നതു്, ഈ നയം വളരെ ഫലവത്തുമായിരുന്നു. കത്തോലിക്കരുടെ അവകാശവാദംസംബന്ധിച്ച എന്റെ എല്ലാ പ്രവൎത്തനങ്ങളിലും ഉടനീളം ഇതരസമുദായങ്ങളുടേയും പത്രങ്ങളുടേയും ഹാൎദ്ദമായ സഹകരണം ലഭിച്ചിരുന്നതിന്റെ രഹസ്യം ഇതാണു്. ഇക്കാരണങ്ങൾതന്നെയാണു് ആ സമുദായങ്ങളുടെ പല നേതാക്കന്മാരേയും ദാസൻ ആഫീസിലേയ്ക്കു് ആകർഷിച്ചതും എന്റെ കൂടെതാമസിക്കുവാൻ ഇടയാക്കിയതും. ഇങ്ങനെ, അപ്പഴപ്പോൾ വന്നു താമസിച്ചിരുന്ന അകത്തോലിക്കാനേതാക്കന്മാരും എന്റെ സേവനം ആവശ്യാനുസരണം ഉപയോഗപ്പെടുത്തിവന്നിരുന്നു. അവരിൽ ഒരു പ്രമുഖനായിരുന്നു കരുനാഗപ്പള്ളിൽനിന്നു വന്നിരുന്ന ജി. പി. നീലകണ്ഠപ്പിള്ള സുപ്രസിദ്ധ ഫലിതസാമ്രാട്ടായിരുന്ന ഇ. വി. കൃഷ്ണപിള്ള അദ്ദേഹത്തിന്റെ ഒരു ആത്മസുഹൃത്തായിരുന്നു. അദ്ദേഹമൊരുമിച്ചു ഇ. വി കൃഷ്ണപിള്ള കൂടെക്കൂടെ എന്റെ ആഫീസിൽ വരുകയും ഇടയ്ക്കിടെ താമസിയ്ക്കുകയും ചെയ്തിരു

# വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ പങ്കാളിത്തം

(ഫാദർ ഡി. സക്കറിയാ)

വിശുദ്ധ കുർബാനയിൽ ക്രിസ്തു യഥാൎത്ഥമായി സന്നിഹിതനായിരിക്കുന്നുവെന്നു നാം വിശ്വസിക്കുന്നു. എന്നാൽ പ്രസ്തുത സാന്നിധ്യത്തിൻെറ സാരാൎത്ഥവും ക്രിയാശക്തിയും നാം ശരിയായി മനസ്സിലാക്കിയിട്ടില്ല. ഒരു ദിവ്യരഹസ്യവുമായി ഇടപെടുന്ന നിലയ്ക്ക് നമ്മുടെ അജ്ഞതയിൽ യാതൊരു കുററപ്പാടുമില്ല. അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളായി മാറുന്നതു മുതലാണ് വിശുദ്ധ കുർബാനയിൽ ദിവ്യസാന്നിധ്യം നമുക്ക് വ്യക്തമായി അനുഭവപ്പെടുന്നതു്. പക്ഷേ അതു് ഭാഗികമായ ഒരു കാഴ്ചപ്പാടേ ആകുന്നുള്ളു. വിശുദ്ധ ബലിയുടെ ആരംഭം മുതലേ ക്രിസ്തുവിൻെറ സവിശേഷ സാന്നിധ്യം അവിടെയുണ്ട്. തൻെറ നാമത്തിൽ കൂടുന്ന ഏതൊരു സമൂഹത്തിലും താനുണ്ടായിരിക്കുമെന്ന ക്രിസ്തുവിൻെറ വാഗ്ദത്തത്തിൻെറ വെളിച്ചത്തിൽ നമുക്ക് മനസ്സിലാക്കാം, ഏതൊരു പ്രാൎത്ഥനാസമൂഹത്തിലും ക്രിസ്തു സന്നിഹിതനായിരിക്കുന്നുവെന്നു്. എന്നാൽ അതിലുപരിയായ ഒരു സ്ഥാനം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന സമൂഹത്തിനുണ്ട്. കാരണം, പ്രസ്തുത ബലി കാൽവരിയിലെ ക്രിസ്തുവിൻെറ ബലിയുടെ പുനരാവിഷ്ക്കരണമാണ്. കാൽവരിയിൽ ക്രിസ്തു തന്നെത്തന്നെ പരമപിതാവിന് ബലിയർപ്പിച്ചു. ക്രിസ്തുവിൻെറ അതേ പ്രവൎത്തനം നമ്മുടെ ബലിപീഠങ്ങളിലും നടക്കുന്നു. ഈ അടിസ്ഥാനത്തിൽ ചിന്തിച്ചു നോക്കുമ്പോൾ വിശുദ്ധ കുർബാനയെന്ന ബലിയിലെ ക്രിസ്തുവിൻെറ സാന്നിധ്യത്തെയും നമ്മുടെ പങ്കാളിത്തത്തെയും പററി കൂടുതൽ വെളിച്ചം നാം പ്രാപിക്കുമെന്നതിൽ സംശയമില്ല.

## ബലിയും ബലിയർപ്പണവും

കാൽവരിയിലെപ്പോലെ നമ്മുടെ ബലിപീഠങ്ങളിലും ക്രിസ്തു സ്വയം പിതാവായ ദൈവത്തിനു അർപ്പിക്കുന്നുണ്ടെന്നതു് നാം വിസ്മരിക്കരുതു്. അപ്പത്തിൻെറയും വീഞ്ഞിൻെറയും രൂപത്തിലുള്ള ക്രിസ്തുവിൻെറ സാന്നിധ്യം പ്രധാനമായി ബലിവസ്തുവിൻേറതാണ്. ആ ബലിവസ്തു അർപ്പിക്കുന്നതും ക്രിസ്തുവാണ്. അതുകൊണ്ടു് ബലിവസ്തുവിൽ മാത്രമല്ല ബലിവസ്തു അർപ്പിക്കുന്നുവെന്ന പ്രവൎത്തനത്തിലും നാം ക്രിസ്തുവിനെ കാണണം, വിശുദ്ധ കുർബാനയെന്ന ബലിയെന്തെന്നു് ശരിയായി മനസ്സിലാക്കാൻ.

ബലിവസ്തുവും ബലി അർപ്പണവും തമ്മിൽ അവശ്യമായ ഒരു ബന്ധമുണ്ട്. ഈ ബന്ധത്തെ ഒരു പുസ്തകവും അതിലെ എഴുത്തുമായുള്ള ബന്ധവുമായി നമുക്കു താരതമ്യപ്പെടുത്താം. എഴുത്തില്ലെങ്കിൽ പുസ്തകമില്ല, എഴുത്തിനുവേണ്ടിയാണ് പുസ്തകത്തിൻെറ നിൎമ്മാണംതന്നെ, അതേസമയത്തു് പുസ്തകമില്ലാതെ എഴുത്തുമില്ല. അതുപോലെ ബലിവസ്തുവില്ലാതെ ബലി അർപ്പണവും, ബലി അർപ്പണമില്ലാതെ ബലിവസ്തുവുമില്ല. എന്നാൽ ബലി അർപ്പണത്തിലാകട്ടെ ബലിവസ്തുവിനോടു അടുത്ത ബന്ധമില്ലാത്ത പല ഭാഗങ്ങളുണ്ട്, പുസ്തകനിൎമ്മാണത്തിൽ എഴുത്തിനോടു് അടുത്തു് ബന്ധമില്ലാത്ത പലതും ചെയ്യുണ്ടതുപോലെ പല പ്രവൎത്തനദശകളിലായി ബലി അർപ്പണം ബലിവസ്തുവുമായി ഏററം അടുത്ത ബന്ധത്തിലേക്ക് കടന്നുവരുന്നു. അങ്ങനെ വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിൻെറ തിരുശരീരരക്തങ്ങളായി വസ്തുഭേദം ചെയ്യുന്ന പ്രവൎത്തനവുമായി അടുത്തു് ബന്ധപ്പെ

---

ന്നു; പ്രത്യേകിച്ചു നിയമസഭാസമ്മേളനങ്ങൾ നടന്നിരുന്ന അവസരങ്ങളിൽ. അപ്പോഴെല്ലാം നിയമസഭാമെമ്പൎമാരിൽ ചിലരുടെ അണിയറനാടകം ഞാൻ രഹസ്യമായി നടത്തിയിരുന്നതു് ഇ. വി. കൃഷ്ണപിള്ളയും കാണ്മാനിടയായിട്ടുണ്ട്. പിന്നീടദ്ദേഹം "മലയാളമനോരമ" വഴി അവതരിപ്പിച്ച ഫലിതസമ്മിശ്രിതമായ എം. എൽ. സി. കഥകൾ പലതിനും എൻെറ ആശ്രമം പ്രചോദനം നല്കിയിട്ടുണ്ട്. അദ്ദേഹം കഥയിലാക്കുക മാത്രമല്ല, പലയിടത്തുവച്ചും അതഭിനയിച്ച് സുഹൃത്തുക്കളെ രസിപ്പിക്കാറുണ്ടായിരുന്നു. ഇ. വി. കൃഷ്ണപിള്ള നല്ല ഒരു എഴുത്തുകാരനായിരുന്നതുപോലെതന്നെ, ഒന്നാംതരമൊരു നടനുമായിരുന്നല്ലോ.

ടാത്ത പല ഭാഗങ്ങളുണ്ട്. അവയും പ്രധാനമാണ്; അവ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളായി മാററുന്ന പ്രവത്തനത്തോടെ അവശ്യം ബന്ധപ്പെട്ടവയുമാണ് അതുകൊണ്ട് വിശുദ്ധ കുർബാനയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും രൂപത്തിലുള്ള ക്രിസ്തുവിൻെറ സാന്നിധ്യത്തെ മാത്രം കണക്കിലെടുത്താൽ പോരാ! ബലി അർപ്പിക്കുന്ന ക്രിസ്തുവിലും നാം ശ്രദ്ധ ചെലുത്തണം. അതായത് വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ അവസാനംവരെ ക്രിസ്തുവിൻെറ സവിശേഷപ്രവത്തനം കാണുവാൻ നമുക്ക സാധിക്കണം.

## ക്രിസ്തുവിൻെറ ജീവനുള്ള രക്തം

വിശുദ്ധ കുർബാനയിൽ ബലി അർപ്പിക്കുന്നതും ബലിവസ്തുവായിരിക്കുന്നതും ഒരേ ക്രിസ്തുവാണ്. മനുഷ്യർ അർപ്പിക്കുന്ന ബലിയിൽ ഈ ദൃശമായ ഒരു ഏകാത്മകത സാധ്യമല്ല. അവിടെ ബലി അർപ്പിക്കുന്ന കാർമ്മികനും ബലിവസ്തുവും അവശ്യം വ്യത്യസ്ഥമായിരിക്കുന്നു. എന്നാൽ ക്രിസ്തുവിൻെറ ബലി ദൈവിക ബലിയാണ്. ദൈവവും മനുഷ്യനുമായ ക്രിസ്തുവാണ് ബലി അർപ്പിക്കുന്നതും ബലി അർപ്പിക്കപ്പെടുന്നതും. മരണത്തിലും സജീവനാണ് ക്രിസ്തു. അതുകൊണ്ട് വിശുദ്ധ പൗലോസ്ശ്ലീഹാ എബ്രായക്കാർക്കുള്ള തൻെറ ലേഖനത്തിൽ പറയുന്നു, ക്രിസ്തു തൻെറ രക്തവുമായി സ്വർഗ്ഗമാകുന്ന അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് നമ്മുടെ പാപത്തിനുവേണ്ടി എന്നേക്കും തൻെറ പിതാവിൻെറ പക്കൽ മാധ്യസ്ഥം യാചിച്ചുകൊണ്ടിരിക്കുന്നുവെന്ന്. ഇവിടെ, പഴയനിയമത്തിൽ പ്രധാന പുരോഹിതൻ ആണ്ടിലൊരിക്കൽ കാളയുടെ രക്തവുമായി അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ചിരുന്നതിനോടാണ് വിശുദ്ധ ശ്ലീഹാ താരതമ്യപ്പെടുത്തി സംസാരിക്കുന്നത്. എന്നാൽ ക്രിസ്തുവിൻെറ യഥാത്ഥ ബലിയുടെ വെറുമൊരു നിർജ്ജീവമായ പ്രതിരൂപം മാത്രമായിരുന്നു അത്. എന്നാൽ ക്രിസ്തുവിൻെറ ബലി സജീവമായി എന്നും തുടരുന്ന ഒന്നായി വിശുദ്ധ പൗലോസ്ശ്ലീഹാ ദർശിക്കുന്നു. അങ്ങനെ സ്വർഗ്ഗത്തിൽ ഇപ്പോഴും ക്രിസ്തു തൻെറ ജീവനുള്ള രക്തമാകുന്ന ബലിവസ്തു പിതാവിനു് അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതേ പ്രവത്തനം തന്നെ ക്രിസ്തുവിൻെറ ബലിയിൽ ഓരോ വിശ്വാസിയും സജീവമായി പങ്കു കൊള്ളുന്നതിനുവേണ്ടി നമ്മുടെ ബലിപീഠങ്ങളിലും നടക്കുന്നു. അങ്ങനെ ക്രിസ്തുവിൻെറ ബലി നമ്മുടെയും ബലിയായിത്തീരുന്നു. ആ ബലിയിൽ നാമും പങ്കുചേരണം, ആ ബലിവസ്തുവിൽ നിന്ന് നാമും അനുഭവിക്കണം ദൈവത്തിൻെറ അനുഗ്രഹം സ്വീകരിക്കുവാൻ വേണ്ടി, ക്രിസ്തു നേടിത്തരുന്ന രക്ഷ നാം അങ്ങനെ പ്രാപിക്കണം.

## വൈദികൻെറ പ്രവത്തനം

വിശുദ്ധ കുർബാനയെന്ന ബലിയുടെ അപ്പണത്തിൽ കാർമ്മികൻ അവശ്യമാണ്. കാൽവറിയിലെ ക്രിസ്തു ദൃശ്യമായ വിധത്തിൽ സ്വയം ബലി അർപ്പിച്ചു, സ്വർഗ്ഗത്തിൽ അദൃശ്യമായ വിധത്തിൽ ഇപ്പോഴും അർപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന അതേ ബലി നമ്മുടെ മുമ്പിൽ ദൃശ്യമായ വിധത്തിൽ ആവിഷ്കൃതമാകുന്നതിനു് ക്രിസ്തു മനുഷ്യരെ തൻെറ ഉപകരണങ്ങളായി ഉപയോഗിക്കുന്നു. പ്രസ്തുത സജീവോപകരണങ്ങളാണ് വൈദികർ. അവരിലൂടെ ക്രിസ്തുവാണ് പ്രവത്തിക്കുന്നത്. വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും നമ്മുടെ കത്താവിൻെറ തിരുശരീരരക്തങ്ങളായി മാററിക്കൊണ്ട് പട്ടക്കാരൻ പറയുന്നു, ഇതു് എൻെറ ശരീരമാകുന്നു ഇതു് എൻെറ രക്തമാകുന്നു എന്ന്. ഇവിടെ ക്രിസ്തു തന്നെയാണ് സംസാരിക്കുന്നതെന്നതു് നിർവിവാദമാണല്ലോ. ഒടുവിലത്തെ അത്താഴ സമയത്തു് ഏതൊരു വാക്യങ്ങൾ, അപ്പവും വീഞ്ഞും തൻെറ ശരീരരക്തങ്ങളായി മാററുവാൻ ക്രിസ്തു ഉപയോഗിച്ചുവോ അതേ വാക്യങ്ങൾ തന്നെയാണിവ. ഒടുവിലത്തെ അത്താഴത്തിലെ സംഭവം വിവരിച്ചുകൊണ്ടാണ് പട്ടക്കാരൻ ഈ തിരുവാക്യങ്ങൾ ഉച്ചരിക്കുന്നതും ഇതിൽ പട്ടക്കാരൻ മനുഷ്യനട്ടത്ത നിലയിൽ ക്രിസ്തുവിൻെറ സജീവോപകരണമായി വത്തിക്കുന്നുവെന്നതു് വ്യക്തമാണല്ലോ.

ക്രിസ്തുവിൻെറ ഉപകരണമെന്ന നിലയിലുള്ള വൈദികൻെറ ഈ പ്രവത്തനം തിരുസഭ മുഴുവനിലുമുള്ള ക്രിസ്തുവിൻെറ സജീവപ്രവത്തനത്തിൻെറ അടിസ്ഥാനത്തിൽ കൂടുതൽ വ്യക്തമാകുന്നതാണ്. സഭയെ ക്രിസ്തുവിൻെറ ശരീരമായിട്ടാണല്ലോ വിശുദ്ധ പൗലോസ്ശ്ലീഹാ ദശിക്കുന്നതു്. ആ ശരീരത്തിലാകട്ടെ വിവിധ അവയവങ്ങളുണ്ട്, അവ

യെല്ലാം നിയന്ത്രിക്കുന്ന ഒരു സജീവ കേന്ദ്രവുമുണ്ട്. അതുപോലെ ക്രിസ്തു സഭയുടെ മുഴുവനും ജീവകേന്ദ്രമായി നിന്നുകൊണ്ട് സഭാംഗങ്ങളെകൊണ്ട് പ്രവത്തിപ്പിക്കുന്നു. ഇങ്ങനെ സഭാംഗങ്ങൾ പല വിധത്തിൽ ക്രിസ്തുവിനോട്ട് സഹകരിക്കുന്നു. പല തരത്തിലുള്ള ഈ പ്രവത്തനങ്ങളിൽ വൈദികൻെറതാണ് ഏററം ശ്രേഷ്ഠമായതു്. അതിനു് മററൊന്നിനോട്ടം താരതമ്യമില്ല. ഉദാഹരണമായി മനുഷ്യൻെറ കേന്ദ്രപ്രവത്തനശക്തിയായ ബുദ്ധിയുമായി ഏററമധികം സഹകരിക്കുന്ന ബാഹ്യാവയവമാണ്. ബുദ്ധിരൂപം കൊട്ടക്കുന്ന ആശയങ്ങൾ ബഹിർ പ്രകടിപ്പിക്കുന്നതു് നാമാണ്. അതുപോലെ ക്രിസ്തു സഭയിൽ പ്രവത്തിക്കുന്നതിനെ ഏററം ശ്രേഷ്ഠമായ രീതിയിൽ പുറമെ പ്രകടിപ്പിക്കുന്നതു് വൈദികനാണ്. താദൃശപ്രകടനങ്ങളിൽ ശ്രേഷ്ഠമായതു് വിശുദ്ധ ബലിയുമാണ് അതുകൊണ്ടു് കുർബാന അർപ്പിക്കുന്ന പട്ടക്കാരനിൽ ക്രിസ്തുവിൻെറ സാന്നിധ്യമാണ് നാം കാണേണ്ടതു്.

## വൈദികനും വിശ്വാസികളും

വിശുദ്ധ കർബാനയിൽ പട്ടക്കാരനിലൂടെ നാം കാണേണ്ടതു് സഭയുമായി അത്ഭുതകരമായ വിധത്തിൽ ഒന്നായിത്തീർന്നിരിക്കുന്ന ക്രിസ്തുവിനെയാണല്ലോ. സഭ മുഴുവനുമാണ് പട്ടക്കാരനിലൂടെ പ്രവത്തിക്കുന്നതു്. സഭ മുഴുവൻെറയും ബലിയായ വിശുദ്ധ കുർബാനയിൽ സഭ മുഴുവനും വൈദികനും അവൈദികരുമുൾപ്പെട്ട എല്ലാവരും ബലിവസ്തുവിൻെറ അർപ്പണത്തിൽ പങ്കുകാരാകുന്നവെന്നും വൈദികനു് പ്രത്യേക സ്ഥാനമുണ്ടെന്നും നിഷേധിക്കുകയല്ല പ്രത്യുത ശരീരത്തിൽ ചില അവയവങ്ങളെക്കാൾ പ്രാധാന്യം മററു ചിലവയ്ക്കുള്ളതുപോലെ, വിശുദ്ധ കുർബാനയുടെ അർപ്പണത്തിൽ അവൈദികരെക്കാൾ ഉന്നതമായ സ്ഥാനം വൈദികനുണ്ടെന്നു് പ്രസ്താവിച്ചുകൊണ്ടാണ് ഞാനിതു പറയുന്നതു്. സഭ ഒരൊററ സമൂഹമാണ്. അതിൻെറ പ്രവത്തനത്തിൽ എല്ലാവക്കും പങ്കുണ്ടു്. അതുകൊണ്ടു സഭയുടെ ഏററം പ്രധാനവും ശ്രേഷ്ഠവുമായ പ്രവത്തനമായ വിശുദ്ധ ബലി അർപ്പണത്തിലും എല്ലാവക്കും പങ്കുണ്ടു്. വിശുദ്ധ കുർബാനയിൽ ചൊല്ലുന്ന പ്രാത്ഥനകളിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ കുർബാന എന്നു് ആവത്തിച്ചു പറഞ്ഞുകൊണ്ടു് പട്ടക്കാരൻ വിശ്വാസികളുടെ ഈ പങ്കിനെയാണ് അനുസ്മരിപ്പിക്കുന്നതു്. അതുപോലെ സഭയിൽ ഒരു നിബന്ധനയുണ്ടു് ഒരു അയ്മേനിയെങ്കിലുമില്ലാതെ കുർബാന അർപ്പിക്കണമെങ്കിൽ വൈദികനു് മതിയായ കാരണം വേണമെന്നു്. ഇതെല്ലാം വിശുദ്ധ ബലിയുടെ അർപ്പണത്തിൽ വിശ്വാസികൾക്കു മുഴുവനുമുള്ള പങ്കിനെ കാണിക്കുന്നു. ബലിപീഠത്തിൻെറ ചുററും കൂടിയിരിക്കുന്നവക്കെല്ലാം വ്യക്തമായ ഭാഗഭാഗത്വമുണ്ടു്. അവരുടെ മുമ്പിൽ അർപ്പിക്കുന്ന ബലിയിൽ ആ ഓരോ ചെറിയ സമൂഹവും സഭയുടെ മുഴുവൻെറയും ഓരോ ചെറിയ രൂപമാണ്. സഭയ്ക്കു മുഴുവനും ജീവൻ നല്കുന്ന ക്രിസ്തുവിൻെറ ഉപകരണമെന്ന നിലയിൽ ഓരോ ചെറിയ സമൂഹവും ക്രിസ്തുവിൻെറ അതേ ബലി അർപ്പണത്തിൽ പങ്കുചേരുന്നു.

## ബലിവസ്തുവിലുള്ള പങ്കു്

ബലി അർപ്പണത്തിലുള്ള ഭാഗഭാഗത്വം ബലിവസ്തുവിൽ തന്നെ പങ്കു ചേരുവാൻ നമ്മെ യോഗ്യരാക്കുകയാണ് ചെയ്യുന്നതു്. നാം മാമോദീസാ മുഖേന സഭയുടെ അംഗങ്ങളാകകൊണ്ടു്, സഭയിലുള്ള ക്രിസ്തുവിൻെറ സാന്നിധ്യത്തിലും തദ്വാര! ക്രിസ്തുവിൻെറ ബലി അർപ്പണത്തിൽ പങ്കുകാരാകുവാനും നാം യോഗ്യന്മാരാകുന്നു. വിശ്വാസികൾക്കു് മാത്രമേ ഇതിനു് അർഹതയുള്ളു. അതുകൊണ്ടാണ് പുരാതനസഭയിൽ വിശുദ്ധ ബലിയുടെ പ്രധാന ഭാഗത്തിനു മുമ്പു് വിശ്വാസികളല്ലാത്തവരെയെല്ലാം ദൈവാലയത്തിനു പുറത്താക്കിയിരുന്നതു്. ഇവിടെ നാം പങ്കുകാരാകുന്നതു് പാപത്തിൽനിന്നും പിശാചിൻെറ അടിമത്തത്തിൽനിന്നും നമ്മെ രക്ഷിച്ച അതേ ബലിയിൽ തന്നെയാണ്. സഭ മുഖേന ക്രിസ്തുവുമായി നമുക്കുള്ള അത്ഭുതകരമായ ഒന്നിപ്പിൽ ക്രിസ്തുവിൻെറ അതേ ബലിതന്നെ പരമപിതാവിനു് നാമും അർപ്പിക്കുന്നു. ദൈവത്തിനു് പ്രീതികരമായ ആ ഏക ബലി നമ്മുടെയും ബലിയായിത്തീരുന്നതോട്ടകൂടി പാപികളായ നാമും ദൈവത്തിനു് പ്രീതിയുള്ളവരായി ഭവിക്കുന്നുവെന്നാണ്, ദിവ്യബലിയിലുള്ള നമ്മുടെ ഈ ഭാഗഭാഗത്വം നമുക്കു പറഞ്ഞുതരുന്നതു്. തൽഫലമായി നാം ഒരു വിധത്തിലും അർഹിക്കാത്ത വലിയ ഭാഗ്യം നമുക്കു പ്രാപ്തമാകുന്നു; അപ്പത്തിൻെറയും വീഞ്ഞിൻെറയും രൂപത്തിൽ നമ്മുടെ കത്താവിൻെറ തിരുശരീരരക്തങ്ങൾ തന്നെ നാം സ്വീകരിക്കുകയും ചെയ്യുന്നു.

# ഉദിയംപേരൂർ സൂനഹദോസിനുമുമ്പുണ്ടായിരുന്ന കേരളസുറിയാനിക്കാരുടെ റോമാസിംഹാസനവിധേയത്വം

തുടർച്ച

(വി. സി. ജോർജ്ജ്)

പേർഷ്യായിലെ മെത്രാപ്പോലീത്തായ്ക്കു ഇൻഡ്യൻസഭയുമായുണ്ടായിരുന്ന ബന്ധം നിഖ്യാസൂന്നഹദോസിൽ സംബന്ധിച്ച സഭാപിതാക്കന്മാരിൽ ഒരാളുടേതായ ലേഖനത്തിൽ നിന്നു നാം മനസ്സിലാക്കിയല്ലോ. ഈ ബന്ധം കുറേക്കാലത്തേക്കു തുടർന്നുവെന്നുള്ളതു തീർച്ചയാണു. "പേർഷ്യയിലെ മെത്രാപ്പോലീത്തായ്ക്കു പേർഷ്യൻ ഉൾക്കടലിന്റെ ഇരുവശങ്ങളിലും, അതിനപ്പുറം സൊക്കൊത്രാ ദ്വീപുകളിലും സിലോണിലും കേരളത്തിന്റെ തീരങ്ങളിലും അധീനമെത്രാന്മാർ ഉണ്ടായിരുന്നു". (Duchasne The churches seperated brow Rome P. 15.) പേർഷ്യൻസഭ മർദ്ദനത്തിനു വിധേയയായപ്പോൾ വിശ്വാസികളും വൈദികരും അഭയാർത്ഥികളായ ഒന്നിലധികം പ്രാവശ്യം കേരളത്തിൽ പ്രവേശിച്ചതു അനിഷേദ്ധ്യചരിത്രവസ്തുതയാണല്ലോ. ക്നായിത്തോമ്മായുടെ നേതൃത്വത്തിലുള്ള 345-ലെ സിറിയൻകുടിയേററവും ഇവിടെ സ്മരണീയമാണു. ഇസറീനിയൽ ചക്രവർത്തിയുടെ കാലത്തു, അദ്ദേഹം ഖൊസ്രോസ് എന്ന പേർഷ്യൻ രാജാവുമായി ചെയ്ത ഉടമ്പടിയുടെ ഫലമായി പേർഷ്യൻകത്തോലിക്കർക്കു മതപരമായ പല ആനുകൂല്യങ്ങളും ലഭിക്കുകയുണ്ടായി. പക്ഷേ, കാലിഫുമാർ മതമർദ്ദകരായി രംഗപ്രവേശം ചെയ്തു. അവരുടെ മർദ്ദനപരിപാടിയുടെ ഫലമായിട്ടാണു മാർ സാബോർ, മാർ പ്രോത്തു എന്നീ കൽദായമെത്രാന്മാരുടെ നേതൃത്വത്തിൽ 880-ൽ ഒരു ക്രൈസ്തവാഭയാർത്ഥിസംഘം കൊല്ലത്തെത്തി കേരളത്തിൽ പ്രവേശിച്ചതു.

നെസ്തോറിയൻ പാഷണ്ഡത സെലൂഷ്യാപാത്രിയർക്കീസിനെ 498-ൽ ഗ്രസിച്ചുവെന്നാണു കാണുന്നതു? എന്നാൽ അദ്ദേഹത്തിനധീനരായി വർത്തിച്ചുവന്ന മെത്രാന്മാരിലും പട്ടക്കാരിലും ജനങ്ങളിലും ഒരു ഭാഗം അദ്ദേഹത്തെ അനുസരിക്കാതെ മുമ്പിലത്തെ മുറയനുസരിച്ചു ക

---

വിശുദ്ധ കുർബാനയിൽ വളരെ അത്ഭുതകരമായ ഒരു പ്രവൃത്തനമാണു നടക്കുന്നതു. അതിൽ നിന്നു പൂർണ്ണമായ പ്രയോജനം നാം പ്രാപിക്കണമെങ്കിൽ വിശുദ്ധ ബലിയെ അതിന്റെ പൂർണ്ണതയിൽ നാം നോക്കിക്കാണണം. ക്രിസ്തുവിന്റെ ദ്വിവിധ സാന്നിധ്യത്തെയും അതോടു നാം ചെയ്യേണ്ട രണ്ടു വിധത്തിലുള്ള സഹകരണത്തെയും പററി ശരിയായ ബോധം നമുക്കുണ്ടായിരിക്കണം. സഭയിലുള്ള തന്റെ സാന്നിധ്യം വഴിയായി ക്രിസ്തു ഓരോ വിശ്വാസിയെയും തന്നോടുതന്നെ ബന്ധിപ്പിക്കുന്നു, താൻ അർപ്പിച്ച ബലിയിൽ നമ്മെയും പങ്കുകാരാക്കികൊണ്ടു അതായതു ക്രിസ്തുവിനോടു സജീവമായ പങ്കാളിത്വം നമുക്കുണ്ടു. അതു വഴി വേണം വിശുദ്ധ കുർബാനാനുഭവത്തിനു നാം യോഗ്യരാകുവാൻ. അതുകൊണ്ടു വിശുദ്ധ കുർബാനയിൽ ബലിവസ്തുവെന്ന നിലയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ക്രിസ്തു സന്നിഹിതനായിരിക്കുന്നതിനെപ്പററി വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണമെങ്കിൽ ബലി അർപ്പിക്കുന്ന ക്രിസ്തുവിനെപ്പററിയും ആ ബലി അർപ്പണത്തിൽ നമുക്കുള്ള ഭാഗഭാഗിത്വത്തെയും പററി ശരിയായ ബോധമുണ്ടായേ തീരൂ. ബോധവാന്മാരായാൽ പോരാ ലബ്ധമായിരിക്കുന്ന ഈ മഹാഭാഗ്യം ശരിയായി വിനിയോഗിക്കുകയും വേണം. വിശുദ്ധ കുർബാനയിലെ ഈ പങ്കാളിത്തം ജീവിതത്തിന്റെ എല്ലാ തുറയിലും ക്രിസ്തുവിനു നാം നൽകേണ്ട ക്രിയാത്മകസഹകരണം ഉത്തമ മാതൃകയുമാണു.

ത്തോലിക്കാവിശ്വാസികളായി തുടൎന്നു. 'പ്രസ്തുത മെത്രാന്മാരിൽ പ്രമുഖൻ പേർഷ്യാ മെത്രാപ്പോലീത്താ ആയിരുന്നതിനാൽ അദ്ദേഹംമൂലം ഭാരതക്രൈസ്തവസഭയ്ക്കു് പാഷണ്ഡതയിൽ വീഴാതെ കഴിയുവാൻ സാധിച്ചു. പേർഷ്യാ മെത്രാപ്പോലീത്താമാരെ നെസ്തോറിയവിശ്വാസത്തിലേക്കാകർഷിക്കുവാൻ സെലൂഷ്യായിലെ നെസ്തോറിയൻ പാത്രിയർക്കീസന്മാർ ശ്രമിച്ചിരുന്നതായും പേർഷ്യൻ മെത്രാപ്പോലീത്താമാർ അങ്ങനെയുള്ള വിശ്വാസപരിവൎത്തനത്തിനു വഴിപ്പെട്ടില്ലെന്നും 650 മുതൽ 660 വരെ സെലൂഷ്യയിലെ നെസ്തോറിയൻ പാത്രിയർക്കീസായിരുന്ന ജെസുജബ്സ് അഡ്ജബെനസ് (Jesu jabus Adjabenus) പേർഷ്യായിലെ ഉന്നതമേല്പട്ടക്കാരനും റവാർഡ്ഷീർ മെത്രാപ്പോലീത്തായുമായിരുന്ന ശിമയോന്നു് അയച്ച ഒരു കത്തിൽനിന്നു തെളിയുന്നു. കത്തിലെ പ്രസക്തമായ ഭാഗം ഇങ്ങനെ കാണുന്നു: "എന്നാൽ നിങ്ങളുടെ രാജ്യത്തിൽ, നിങ്ങൾ സഭാനിയമങ്ങൾക്കെതിരായി അഭിദ്രോഹം തുടങ്ങിയ കാലം മുതൽ പൌരോഹിത്യപിൻതുടർച്ച ഇൻഡ്യയിലെ ജനങ്ങളിൽ നിന്നു് വിഛിന്നമായിരിക്കുകയാണു്. തീരങ്ങളിൽനിന്നു് കൊല്ലം വരെ പന്ത്രണ്ടു ശതം പരസാങ്ങാസിലധികം (ഒരു പരസാങ്ങ് ഏതാണ്ടു മൂന്നര മൈലിനു സമമാണു') നീളത്തിൽ വ്യാപിച്ചു കഴിയുന്ന ഇന്ത്യയിൽനിന്നു മാത്രമല്ലാ, പിന്നെയോ, നിങ്ങളുടെ സ്വന്ത രാജ്യമായ പേർഷ്യായും, സത്യത്തിൻെറ മെത്രാന്മാരിൽക്കൂടി പ്രശോഭിക്കുന്ന ദൈവിക തത്വത്തിൻെറ ദീപം കൂടാതെ അന്ധകാരത്തിലാണ്ടു കിടക്കുകയാകുന്നു" (Joseph Asseman, Bibliotheca orientalis, tome 4, P. 27). പേർഷ്യാമെത്രാപ്പോലീത്താ പാത്രിയർക്കീസിനു കീഴ്പ്പെടാതിരുന്നതുകൊണ്ടു് പൌരോഹിത്യപിൻതുടച്ച് ഇൻഡ്യയിൽ നിന്നു വിച്ഛേദിക്കപ്പെട്ടുവെന്നുള്ള കത്തിലെ സൂചനയെപ്പററി ഫ്രാൻസിസ്ഡെയുടെ അഭിപ്രായം രസകരമാണു്. "മാർത്തോമ്മായിൽനിന്നു നേരിട്ടുള്ള ശ്ലൈഹികപിൻതുടച്ചയെ ആശ്രയിച്ചുകൊണ്ടു് സെലൂഷ്യാ പാത്രിയർക്കീസിൻെറ അധികാരം അനാവശ്യമാണെന്നു് ഇപ്പോൾ ചിന്തിച്ചു". (Francia Day Land of the Perumals, P. 125). ഒരു കത്തോലിക്കാമെത്രാൻ തൻെറ മേലധികാരി ശീശ്മയിൽ നിപതിക്കുന്ന അവസരത്തിൽ അദ്ദേഹത്തെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതില്ലെന്നുള്ള തത്വമാണു് റവാർഡ്ഷീർ ആസ്ഥാനമാക്കി ഭരിച്ച മാർ സൈമൻ എന്ന പേർഷ്യൻ മെത്രാപ്പോലീത്താ സെലൂഷ്യാ പാത്രിയർക്കീസുമായുണ്ടായ തൻെറ വർത്തനത്തിൽ സ്വീകരിച്ച


**For favours received**



**Inserted by**

Ghevarghese Kochitty & Family,
Puthenpurackal thekkethil,
Thottupuram, Prakkanam.


തെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏഴാം ശതകത്തിലെ കേരള സുറിയാനിക്കാർ പേർഷ്യാമെത്രാപ്പോലീത്തായ്ക്കധീനരായി കഴിഞ്ഞ കത്തോലിക്കാ സഭാംഗങ്ങളായിരുന്നുവെന്നു് മേലുദ്ധരിച്ച സെലൂഷ്യാ പാത്രിയർക്കീസിൻെറ കത്ത് നിർണ്ണായകമായി തെളിയിക്കുന്നുണ്ടു്. കേരളത്തിലെ സഭാഭരണത്തിനായി പേർഷ്യയിൽനിന്നു മെത്രാന്മാർ വന്നുകൊണ്ടിരുന്ന പതിവിനെപ്പററി കോസ്മൊസ്സ് അദ്ദേഹത്തിൻെറ യാത്രാവിവരണത്തിൽ പ്രസ്താവിച്ചിട്ടുള്ള

തും നമ്മുടെ ശ്രദ്ധാവിഷയമാകേണ്ടതാണ്: (Topo graphia Coristiana, lib III, p. 449-50). പേർഷ്യാ മെത്രാപ്പോലീത്താമാർ പാഷണ്ഡികളാകാതെ കുറേക്കാലത്തേക്കുകൂടി പിടിച്ചു നിന്നു. നെസ്തോറിയൻ പാത്രിയർക്കീസിൻെറ ആസ്ഥാനം ബാഗ്ദാദിൽ ആയിരുന്നതിനെ തുടർന്ന്, പേർഷ്യാമെത്രാപ്പോലീത്താ നെസ്തോറിയൻ പാത്രിയർക്കീസിനെ സ്വന്തം മേലധികാരിയായി സ്വീകരിച്ചു. ഇത് ക്രി. വ. 800-ൽ ആയിരുന്നു. ഇതിനുശേഷവും പേർഷ്യയിലും, സിറിയായിലും, മെസൊപ്പൊത്തേമിയായിലും മററു പൌരസ്ത്യരാജ്യങ്ങളിലും കത്തോലിക്കാമെത്രാന്മാരും പട്ടക്കാരും ജനങ്ങളും ഉണ്ടായിരുന്നു. നെസ്തോറിന്മാരും യാക്കോബായക്കാരുമായ ഒട്ടുവളരെ മെത്രാന്മാർ അബദ്ധാഭിപ്രായങ്ങൾ ഉപേക്ഷിച്ച് കത്തോലിക്കാസഭയുമായി പുനരൈക്യം പ്രാപിക്കുകയും ചെയ്തു.


ജെസുജാബസ് അഡ്ജബേനസ് എന്ന സെലൂഖ്യാ പാത്രിയർക്കീസ് നെസ്തോറിയാവിശ്വാസം സ്വീകരിച്ച കാര്യം മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അദ്ദേഹത്തിൻെറ പിൻഗാമി 758 മുതൽ 762 വരെ സെലൂഷ്യൻ സിംഹാസനത്തിൽ ഭരിച്ച മറിമ്മെ എന്നാദ്ദേഹം നെസ്തോറിയൻ വിശ്വാസം ഉപേക്ഷിച്ച് റോമൻ കത്തോലിക്കാസഭയുമായി മൂന്നാമത്തെ എസ്തപ്പാനോസ് പാപ്പായുടെ കാലത്ത് ഐക്യം പ്രാപിച്ച വിവരം ജോസഫ് ഗ്ഗുറിയേൽ രേഖപ്പെടുത്തിയിട്ടുണ്ട്. (Catalogue of chaldean patriarchs, P. 168) കൽദായക്കാരുടെ പാത്രിയർക്കീസായിരുന്ന അഞ്ചാം മാർസാബർയേശു 1226-ൽ തൻെറ പ്രതിനിധി ആറാം എന്ന ദേഹത്തെ കത്തോലിക്കാവിശ്വാസപ്രഖ്യാപനപത്രവുമായി റോമ്മായിലേക്കയക്കുകയും കത്തോലിക്കാസഭയുമായി പുനരൈക്യം അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത വിശ്വാസപ്രഖ്യാപനപത്രത്തിൽ നിസ്ബിസിലെ മെത്രാപ്പോലീത്താ ഉൾപ്പടെ മൂന്നു മെത്രാപ്പോലീത്താന്മാരും ഒപ്പുവച്ചിട്ടുണ്ടായിരുന്നു. ഈ പ്രമാണത്തിൻെറ പകർപ്പ് വത്തിക്കാൻ റിക്കാർട്ടുകളിൽ നിന്നു സംഗ്രഹിച്ച് ജീയായിൽ നിന്ന് കൽദായവൈദികശ്രേഷ്ഠൻ അദ്ദേഹത്തിൻെറ സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. (Genuince Relationes, P. 5-8) മാർ മാർക്കിക്കാദപിതീയൻ 1247-ൽ നാലാമത്തെ ഇന്നസെൻസ് പാപ്പായുടെ സമക്ഷം തൻെറ പ്രതിനിധി അന്ത്രെയോസ് വഴി വിശ്വാസപ്രഖ്യാപനപത്രം സമർപ്പിക്കുകയും റോമായുമായി പുനരൈക്യം സാധിക്കുകയും ചെയ്തു. 1304-ൽ ജബൊലാഗാത്രിതീയൻ പാത്രിയർക്കീസ് പതിനൊന്നാം ബനദിത്തോസ് പാപ്പായുടെ സന്നിധിയിൽ വിശ്വാസപ്രഖ്യാപനപത്രം സമർപ്പിക്കുകയും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തു. (Panjikaren. op cit, p. 27)

നെസ്തോറിയൻ എന്ന അഭിധാനം കൽദായസുറിയാനിക്കാർക്കുണ്ടായതു് രണ്ടു കാരണത്താലാണെന്ന് നാം കണ്ടല്ലൊ. ചിലർക്ക് ആ നാമം മതതത്വങ്ങൾ ആധാരമാക്കി ലഭിച്ചുവെങ്കിൽ മററുള്ളവർക്കു നീസ്രാൻജലാസുറിയാനിയുടെ രൂപഭേദമായ നെസ്തോറിയൻ ഭാഷയുടെ ഉപയോഗം മൂലമാണ് ആ പേരുണ്ടായതു്. ഭാഷ നിമിത്തം നെസ്തോറിയൻ എന്നറിയപ്പെട്ടവർ കത്തോലിക്കാവിശ്വാസികളായ പാത്രിക്കീസന്മാരാലോ, കാതോലിക്കാമാരാലോ മെത്രാപ്പോലീത്താമാരാലോ മെത്രാന്മാരാലോ ഭരിക്കപ്പെട്ടുപോന്നുവെങ്കിലും കത്തോലിക്കാസഭയുടെ അഖിലാദ്ധ്യക്ഷനായ റോമാ പാപ്പായുമായി സനാതനസമ്പർക്കം പുലർത്തുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല. ഈ സമ്പർക്കസമ്പാദനത്തിന് ആദ്യം പേർഷ്യൻ രാഷ്ട്രീയാധികാരികളും പിന്നീട്ടു തുർക്കികളും പ്രതിബന്ധമായി നിലകൊണ്ടു. സൂലാക്കാ പാത്രിയർക്കീസിൻെറ തെരഞ്ഞെടുപ്പ് അംഗീകരിക്കുവാൻ വേണ്ടി കൽദായ സുറിയാനിക്കാർ മൂന്നാം ജൂലിയസ് മാർപ്പാപ്പായ്ക്കു് സമർപ്പിച്ച അപേക്ഷയിൽ ഒരു ഭാഗം ഈ വസ്തുത തെളിയിക്കുന്നു. അതിപ്രകാരമാണ്. "ഞങ്ങളുടെ ഇടയിലെ പൌരോഹിത്യപദവി പത്രോസിൻെറ ആസ്ഥാനമായ റോമായിൽ നിന്നുള്ളതത്രെ. ഈജിപ്റ്റ്കാരൻ ഹാഗാറിൻെറ സന്തതികളാൽ ക്രൈസ്തവരുടെ വിമർദ്ദനമുണ്ടാക്കിയതു മുതൽ ഇന്നുവരെയുള്ള

മുന്തൂറു വർഷക്കാലം അങ്ങോട്ടുള്ള ഞങ്ങളുടെ മാർഗ്ഗം അടഞ്ഞു കിടക്കുകയായിരുന്നു". (Sehurhammer, the Mālabar church and Rome before the coming of the Portuguese.)

സുലാക്കാപാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പ് മാർപ്പാപ്പാ അംഗീകരിച്ചശേഷം അദ്ദേഹത്തിനു അധികാരസമ്പൂർണ്ണതയുടെ ചിഹ്നമായ പാലിയം എന്ന തിരുവസ്ത്രം നല്കുവാൻ മാർപ്പാപ്പാ തീരുമാനിച്ചു. പ്രസ്തുത ചടങ്ങു സംബന്ധിച്ചു് കർദ്ദിനാൾ സംഘത്തിൽ മഫേവൂസ് കർദ്ദിനാൾ 1553 ഫെബ്രുവരി 26-ാം തീയതി ചെയ്ത പ്രഭാഷണത്തിലെ താഴെ ഉദ്ധരിക്കുന്ന ഭാഗവും നമ്മുടെ ശ്രദ്ധ വിഷയമാക്കേണ്ടതാണു്. "അസ്സീറിയാ, പേർഷ്യ തുടങ്ങിയ പൗരസ്ത്യദേശങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യാനികളിൽ വമ്പിച്ച ഭൂരിഭാഗവും നെസ്തോറിയന്മാർ എന്നു വിളിക്കപ്പെടുന്നു......നെസ്തോറിയന്മാർ എന്ന പേരു ധരിക്കുന്നവരെങ്കിലും പാഷണ്ഡിയായ നെസ്തോറിയസിന്റെ അബദ്ധാഭിപ്രായങ്ങൾ അവർ സ്വീകരിക്കുന്നതായി തോന്നുന്നില്ല. ഇവിടെ ആഗതരായിട്ടുള്ള ഈ മനുഷ്യരിലാകട്ടെ ആ വിഭാഗക്കാർക്കു യോജിച്ചതായ യാതൊന്നും ഞാൻ കണ്ടില്ല...........അങ്ങു് ദൂരെ ഇൻഡ്യയിലും ഇവർക്കു് വളരെയധികം പള്ളികളുണ്ടു്. "കൽദായസുറിയാനിക്കാർ മതവിശ്വാസം ആധാരമാക്കാതെതന്നെ നെസ്തോറിയന്മാർ എന്നു വിളിക്കപ്പെട്ടുവെന്നും അവരുടെ വക ധാരാളം ദൈവാലയങ്ങളും ജനബഹുലമായ ഒരു സമുദായവും ഇൻഡ്യയിൽ ഉണ്ടായിരുന്നുവെന്നുമാണല്ലൊ കർദ്ദിനാൾ മഫേവൂസിന്റെ പ്രഭാഷണം നമ്മെ മനസ്സിലാക്കുന്നതു്. സുലാക്കാപാത്രിയർക്കീസിന്റെ കാലശേഷം പൗരസ്ത്യ കൽദായസുറിയാനി സമുദായവും റോമാസിംഹാസനവുമായി തുടർച്ചയായ ബന്ധം പുലർത്തിപ്പോന്നു. പക്ഷെ ഇൻഡ്യയിൽ രാജാധിപത്യം ഉറപ്പിച്ച പോർട്ടുഗീസുകാരുടെ അനധികൃതമായ ഇടപെടൽ മൂലം ഈ ബന്ധത്തിനും കോട്ടം തട്ടി. അനന്തരം കേരളത്തിലെ കൽദായസുറിയാനിസമുദായം മാത്രം ശീശ്മകളുടേയും പാഷണ്ഡതകളുടേയും ആക്രമണം മൂലം മുറിവേററു് നിണമണിഞ്ഞു് അലങ്കോലപ്പെടുകയും ചെയ്തു.



**For favours received**



**Inserted by**

Miss. Annamma Kurian,
Teacher.
Nedumpara U. P. School,
Kalthuruthy P. O.

**For favours received**



**Inserted by**

M A. Abraham,
G. A. Road, Madras, 21.

# കളകളുടെ ഉപമ

## (വ. ദി. ശ്രീ. പീലിപ്പോസ് റമ്പാൻ)

(തുടർച്ച)

ഇനിയും വേദപുസ്തകത്തിൽ നിന്നൊരു കഥ പറയാം. ശലോമോൻ രാജാവിന്റെ കാലത്തു് യറോബയാം എന്നൊരു രാജഭൃത്യനുണ്ടായിരുന്നു. നുണ പറഞ്ഞു മനുഷ്യരുടെയിടയിൽ ഭിന്നതയുണ്ടാക്കി അവരെ രണ്ടു കക്ഷികളാക്കുവാൻ അയാൾ സമത്ഥനായിരുന്നു. ശലമോൻ അയാളുടെ ദുർബുദ്ധി മനസ്സിലാക്കി അയാളെ അറസ്റ്റുചെയ്യുവാൻ ആലോചിച്ചു. അതു മനസ്സിലാക്കി യരോബയാം യജിപ്തിലേക്കു ഓടിപ്പോയി രക്ഷപെട്ടു.



ശലോമോന്റെ മരണശേഷം അയാൾ തിരിച്ചുവന്നു. ദുരുപദേശംകൊടുത്തു് ജനങ്ങളെ രണ്ടുകക്ഷിയാക്കി. അവരിൽ ഒരു കക്ഷിയെ കൊണ്ടു് അയാൾ ഒരു പുതിയ രാജ്യം സൃഷ്ടിച്ചു. അയാൾ ആ രാജ്യത്തെ ഒന്നാമത്തെരാജാവായി. എങ്കിലും തന്റെഹൃദയം ദൈവമമ്പാകെ നേരായിരിക്കുന്നില്ലെന്നു് അയാൾക്കറിയാമായിരുന്നു. പഴയ രാജ്യത്തിന്റെ പേർ യഹൂദിയരാജ്യമെന്നും പുതിയതിന്റെ പേർ ഇസ്രയേൽ രാജ്യമെന്നുമായിരുന്നു.

ക്രിസ്തു യഹൂദായിൽനിന്നു വരുമെന്നാണു് പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതു്. അതിനാൽ ആ ഗോത്രത്തെവിട്ടുനില്ക്കുന്നതു് യഹൂദനു പാടില്ലാത്തസംഗതിയായിരുന്നു. തൻ കാര്യതല്പരനായ യറോബയാം അതൊക്കെ പുറംതള്ളി. ജനത്തെ വിഗ്രഹാരധനക്കു് പ്രേരിപ്പിച്ചു. ഇസ്രയേൽരാജ്യത്തിന്റെ തെക്കും വടക്കുമുള്ള ഭാനിലും ബഥേലിലും രണ്ടു കാളക്കുട്ടികളെ ഉണ്ടാക്കിവച്ചു. യറുശലേം ദേവാലയത്തിൽ പെരുനാളുള്ള ദിവസങ്ങൾ നോക്കി ഈ ക്ഷേത്രങ്ങളിൽ ഉത്സവങ്ങളേർപ്പെടുത്തി അങ്ങിനെ പാപജീവിതത്തിൽ മുഴുകിജീവിച്ചു. ഒടുവിൽ ദീനമായി. കഠിന വേദനയിലായി. അതു് ദൈവകോപത്തിന്റെ ഫലമാണോ എന്നറിയണം. ദൈവത്തോടു ക്ഷമ യാചിപ്പാൻ മനസ്സുവരുന്നില്ല. ദീർഘദർശിയോടു ചോദിപ്പാനും നാണമാണു്. ഒടുവിൽ തന്റെ ഭാര്യയെ വേഷംമാററി അഹിയാദീർഘദർശിയുടെ അടുക്കലേക്കയച്ചു. വാദ്ധക്യംമൂലം ദീർഘദർശി കണ്ണു കണാൻപാടില്ലാതിരിക്കുകയായിരുന്നു. എങ്കിലും അവർ പടിക്കലെത്തിയപ്പോൾ ദീർഘദർശി വിളിച്ചുപറഞ്ഞു. യരോബെയാമിന്റെ ഭാര്യയെ നീ അന്യസ്ത്രീയെന്നു് നടിക്കുന്നതു് എന്തിനു്, കയറിവരിക. നിനക്കു് അറിയേണ്ട കാര്യം ഞാൻ പറഞ്ഞേക്കാം. നീ മടങ്ങിപ്പോയി പടിക്കലെത്തുപ്പോൾ യറോബയാം മരിക്കും. അദ്ദേഹത്തിന്റെ ഭവനക്കാരിൽ പട്ടണത്തിൽ വച്ചുമരിക്കുന്നവരെ നായ്ക്കൾതിന്നും. വയലിൽവച്ചു മരിക്കുന്നവരെ പക്ഷികൾതിന്നും. എന്നു പറഞ്ഞു. എന്തൊരുകഠിന പ്രതിഫലം ആ പ്രവചനം ബയശാ എന്ന സേനാനായകന്റെ കാലത്തു നിവൃത്തിയായി. അദ്ദേഹം യരോബയാമിന്റെ ഭവനക്കാരെയെല്ലാം കൊന്നൊടുക്കിയ ശേഷം സ്വയംരാജാവായി. ഗോതമ്പിന്റെയിടയിൽ കള വിതയ്ക്കുവാൻ നടന്ന യരോബയാമിനു്വന്ന ശിക്ഷ നോക്കുക. ദുഷ്ടന്മാരുടെ അന്ത്യം ഖേദകരമായിരിക്കുമെന്നിതിൽനിന്നു് പഠിക്കാവുന്നതാണു്.

## പ്രാൎത്ഥനയില്ലാത്തജീവിതം അപകടകരമാണ്

എപ്പോഴാണ് ശത്രുവന്ന് കളവിതച്ചതു്? ഉറങ്ങിയപ്പോൾ എന്ന് വേദപുസ്തകം പറയുന്നു. നാം ഉറങ്ങിക്കഴിഞ്ഞുകൂടിയാൽ ശത്രുവന്ന് കളവിതയ്ക്കും. കത്തോലിക്കാസഭയിൽ ചേൎന്ന ചിലർ തിരിച്ചുപോയിട്ടുണ്ട്. പ്രാൎത്ഥനാജീവിതത്തിൻെറയും ക്രൂദാശപരമായ അനുഭവത്തിൻെറയും കുറവുകൊണ്ടാണ് അങ്ങിനെവന്നതു്. പ്രാൎത്ഥനാജീവിതമില്ലെങ്കിൽ ലൌകീക വിചാരങ്ങളിൽ നാം കുടുങ്ങിപ്പോകും. ഒരിക്കൽ ഒരു കപ്പൽ പാറയിൽതട്ടി ഉടഞ്ഞുപോകുവാൻ ഇടയായി. കപ്പിലിലെ വടക്കുനോക്കിയന്ത്രമനുസരിച്ചാണ് കപ്പിത്താൻ കപ്പൽനയിച്ചിരുന്നതു് പിന്നെ ഇതെങ്ങനെപററി, എന്നയാൾ തിരക്കി. വടക്കുനോക്കിയുടെ അടുക്കൽ ഒരു ഇരുമ്പുകമ്പികിടന്നിരുന്നു. അതിൻെറ ആകൎഷണത്തിൽപെട്ട് അതിൻെറ സൂചിയുടെ പ്രവൎത്തനം നിലച്ചുപോയിരുന്നു. കമ്പിയെടുത്തുമാററിയപ്പോഴാണ് കഥ മനസ്സിലായതു്. അപ്പോഴേക്കു് സമയം കഴിഞ്ഞിരുന്നു അതായിരുന്നു അപകടകാരണം. ലൌകീകവസ്തുക്കൾ മനുഷ്യനെ ആകൎഷിക്കും. അതിൽ കുടുങ്ങാതെയിരിക്കണമെങ്കിൽ പ്രാൎത്ഥനാജീവിതംവേണം. ദാവീദ് പ്രാൎത്ഥനാജീവിതമുള്ളവനായിരുന്നു. സങ്കീൎത്തനങ്ങൾ എഴുതിയ ആളായിരുന്നു. എങ്കിലും കുറെനാൾ മാന്ദ്യജീവിതം നയിച്ചിരുന്നു അപ്പോൾ ദാവിദ് ഉറിയായുടെ ഭാൎയ്യ കുളിക്കുന്നതു കണ്ടു. അതിൽ അദ്ദേഹത്തിൻെറ ഹൃദയം കുടുങ്ങി. ഒടുവിൽ ഉറിയായെ യുദ്ധക്കളത്തിൽ വച്ച് കൊല്ലിച്ചു. അദ്ദേഹത്തിൻെറ ഭാൎയ്യയെ കൈക്കലാക്കി. നാഥാൻ ദീൎഘദൎശിചെന്ന് രാജാവിനെക്കണ്ടു അദ്ദേഹം ഒരു കഥപറഞ്ഞു വളരെ ആടുകൾഉള്ള ഒരുവൻെറ വീട്ടിൽ ഒരാൾ വിരുന്നുവന്നു. അതിനടുക്കൽ ഒരാടുമാത്രം ഉള്ള ഒരു പാവപ്പെട്ടവൻ ജീവിച്ചിരുന്നു. ആ ധനികൻ ചെന്ന് ആ ആടിനെ അവൻെറ കയ്യിൽനിന്നു പിടിച്ചുപറിച്ചു കൊന്നു. വിരുന്നുകാരനെ സൽക്കരിച്ചു എന്ന് പറഞ്ഞു. ഉടനെ രാജാവ് കോപിച്ചു അവൻ ആരായിരുന്നാലും മരിക്കണം എന്നു പറഞ്ഞു. ഉടനെ നാഥാൻ ആ ആൾ നീതന്നെയാണ്, എന്നുപറഞ്ഞു. അപ്പോഴാണ് ദാവീദിനു ഓൎമ്മ വന്നതു്. അദ്ദേഹം അനുതപിപ്പാൻതുടങ്ങി. അങ്ങിനെയാണ് അദ്ദേഹം 51-ാം സങ്കീൎത്തനം എഴുതിയതു്. നമ്മുടെ പ്രാൎത്ഥനാജീവിതത്തെ ലൌകീകകാൎയ്യങ്ങൾ ആകൎഷിച്ച് ഇല്ലാതെയാക്കും. ആ സന്ദൎഭം നോക്കിയാണ് ശത്രു കള വിതയ്ക്കുന്നതു്. പ്രാൎത്ഥനാജീവിതമില്ലെങ്കിൽ നാം ലൌകികചിന്തയിൽ കുടുങ്ങിപ്പോകും. സഹോദരന്മാരെ നിങ്ങളുടെനിലയെന്തു്? നിങ്ങൾ പ്രാൎത്ഥനാജീവിതം നടത്തുന്നുണ്ടോ?

## കളപറിക്കുന്നതു സൂക്ഷിച്ചുവേണം

ഇപ്പോൾ കളപറിക്കരുതെന്ന് യജമാനൻ പറഞ്ഞതെന്തുകൊണ്ട്?

ഒരിടവകയിൽ ഒരു വഴക്കാളിയുണ്ടായിരുന്നു അയാളെക്കൊണ്ട് വികാരിയച്ചൻ വിഷമിച്ചു. അതിനാൽ അവനെ മുടക്കി. ഉടനെ അയാൾ വേറെ പന്ത്രണ്ടുവീട്ടുകാരേയും കൂട്ടിക്കൊണ്ടു അകത്തോലിക്കാസഭയിലേക്കു് പോയി. ആ വികാരിഅച്ചൻ ഒരു കള പറിച്ചപ്പോൾ പന്ത്രണ്ടു് ഗോതമ്പുതൈകളാണ് നഷ്ടപ്പെട്ടതു്. വേറൊരിടവകയിൽ ഒരാൾ ഒരു അകത്തോലിക്കപള്ളിയിൽ പോയി ഒരു നേൎച്ച നടത്തി. ഉടനെ അയാളെ ബഹിഷ്ക്കരിക്കണമെന്നു ചിലർ നിൎബന്ധംപിടിച്ചു. നിങ്ങൾ പോയി അയാൾക്കു കുററബോധംവരുത്തുക. എന്ന് വിവേകിയായ വികാരിയച്ചൻ പറഞ്ഞു. അവർ പോയി അയാളുടെ തെററിനെപ്പററി അയാളോടു സംസാരിച്ചു. അയാൾക്കു തെററു മനസ്സിലായപ്പോൾ അയാൾ അതെററുപറഞ്ഞു കുമ്പസാരിച്ചു. ആ അച്ചൻ കള നീക്കികളഞ്ഞു. ഗോതമ്പിനു് കേടുവരുത്തിയതുമില്ല. വേറൊരാൾ അയാളുടെ മകളെ ഒരു അകത്തോലിക്കാസഭിയിൽ കെട്ടിച്ചു. അയാളെ ബഹിഷ്ക്കരിക്കണമെന്ന് ചിലർ നിൎബന്ധിച്ചു. അയാളുടെ കുററം അയാളെ മനസ്സിലാക്കിക്കുവാൻ വികാരിയച്ചൻ പറഞ്ഞു. അവർ പോയി ശ്രമിച്ചതിൻെറ ഫലമായി ആ മണവാളചെറുക്കനുംകൂടി കത്തോലിക്കനായി. ഇങ്ങനെ നാം സഹിഷ്ണുതയോടുകൂടെ ശ്രമിക്കണം. ഗോതമ്പിനെ നഷ്ടപ്പെടുത്താതെ ഇരിക്കുവാൻ ശ്രമിക്കണം.

## ശിക്ഷണം വേണ്ടെന്നല്ലപറയുന്നതു്

ശിക്ഷണനടപടികൾ ആവശ്യമാണ്. എന്നാൽ അതു വിവേകത്തോടുകൂടെ ചെയ്യണം. അറിവില്ലാത്ത ശിശുപ്രായത്തിലുള്ള കുട്ടിക

# വി. ബലിയും പരിശുദ്ധാത്മാവും

(ജെ. പടിഞ്ഞാറേക്കുററം, പൂന)

ക്രൂദാശയും ബലിയുമെന്ന നിലയിൽ വി. കുർബാന ദൈവത്തിനു സ്തുതിയർപ്പിക്കുകയും, മനുഷ്യനെ ദൈവാനുഗ്രഹങ്ങൾക്കു യോഗ്യനാക്കുകയും ചെയ്യുന്നു. ബലിപീഠത്തിനു സമീപം നാം കാണുന്ന പുരോഹിതനിൽക്കൂടി മഹാപുരോഹിതനായ ക്രിസ്തു തന്നെയാണു് വി. ബലിയർപ്പിക്കുക. അതുകൊണ്ടത്രേ അനന്തനന്മയായ ദൈവത്തിനു് ആ ബലി സ്വീകാര്യമാകുന്നതും, പാപിയായ മനുഷ്യൻ ദൈവപ്രസാദത്തിനു് അർഹനാകുന്നതും.

ബലിപീഠത്തിൽ വച്ചിരിക്കുന്ന അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളായി മാറുന്ന ഭാഗമാണു്, വി. കുർബാനയുടെ കാതലായ ഭാഗം. പെസഹാഭക്ഷണത്തോടുകൂടി, വി. കുർബാനയും ക്രിസ്തു സ്ഥാപിച്ചു. അവിടെ വി. കുർബാനയുടെ സ്ഥാപനം ആരംഭിച്ചു

---

ൾക്കു് ശിക്ഷണവും ശാസനയും ആവശ്യമാണു്. അതില്ലെങ്കിൽ അവർ തെററിപ്പോകും പ്രായമായവരുണ്ടാക്കുന്ന വഴക്കിനേയും അവഗണിക്കുവാൻ പാടില്ല. എന്നാൽ ഒന്നാമതായി ആ കുററം അവരെ ബോദ്ധ്യപ്പെടുത്തണം. അതാണു ആദ്യമായി ചെയ്യേണ്ടതു്. തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ മാത്രമെ ശിക്ഷണനടപടിക്കു് ഒരുങ്ങാവൂ. മററുള്ളവർകൂടി തെററിപ്പോകാതിരിപ്പാൻ വേണ്ട മുൻകരുതലുകൾ ചെയ്തിരിക്കുകയും വേണം.

നാമെല്ലാവരും ദൈവമുമ്പാകെ ഒരു പ്രകാരത്തിലല്ലെങ്കിൽമറെറാരുപ്രകാരത്തിൽ കുററക്കാരാണു്. ആ കുററമെല്ലാം തൻെറ ഏകജാതനെ അയച്ചു് വഹിപ്പിക്കുകയല്ലെയോ ദൈവം ചെയ്തതു്. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കണമെ എന്നു് പ്രാർത്ഥിക്കണമെങ്കിൽ നാമും കുററക്കാരോടുക്ഷമിക്കേണ്ടയോ. വലത്തുഭാഗത്തെ കള്ളനോടു അവസാനസമയത്തായിട്ടുപോലും യേശു ക്ഷമിച്ചു.
അതു പോലെ നാമും ചെയ്യണം.

## അവസാന ന്യായവിധിയുണ്ടെന്നു് ഓർക്കണം

മാലാഖമാർ നിഷ്പാപകരാണു്. അവരാണു് കൊയ്ത്തുകാർ, കൊയ്യുന്നതു ന്യായവിധിയെ സൂചിപ്പിക്കുന്നു. അന്നു മാലാഖമാർവന്നു് കളയേയും ഗോതമ്പിനേയും തമ്മിൽ വേർതിരിക്കും. ദുഷ്ടന്മാരേയും ഉത്തമന്മാരേയും തമ്മിൽ അകററി നിറുത്തും. മററുള്ളവരുടെ ദൃഷ്ടിയിൽനിന്നു് പലതും മറച്ചുവയ്ക്കുവാൻ ഈ ലോകത്തിൽ നമുക്കു സാധിക്കും. എന്നാൽ അതു ന്യായവിധിയിൽ സാധിക്കുകയില്ല. അന്നു തങ്ങളുടെ തെററുകളെപ്പററി ഖേദിച്ചതുകൊണ്ടോ, നാണിച്ചതുകൊണ്ടോ ഫലമില്ല. മലകളെ ഞങ്ങളെ മറയ്ക്കുവിൻ കുന്നുകളെ ഞങ്ങളെ താങ്ങിക്കൊള്ളുവിൻ എന്നൊക്കെ പറഞ്ഞാൽ അന്നു പററുകയില്ല. പോകുവിൻ നിങ്ങളെ ഞാൻ അറിയുന്നില്ല. എന്നു ക്രിസ്തു പറയുമ്പോൾ ദുഷ്ടന്മാരെല്ലാം പുറത്തെ അഗ്നികുണ്ഡത്തിൽ നിപതിക്കും. അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ എന്നു പറഞ്ഞു് ഉത്തമന്മാരെ സ്വർഗ്ഗത്തിലേക്കു് കൂട്ടിക്കൊണ്ടുപോകുകയും ചെയ്യും.

നാം നമ്മുടെ പാപങ്ങളെവിട്ടു് ജീവിക്കുവാനും മററുള്ളവരോടു ക്ഷമയോടും, കാരുണ്യത്തോടുംകൂടി വർത്തിപ്പാനുമുള്ള കാലമാണിതു്. സ്വർഗ്ഗരാജ്യംനേടുവാനുള്ള സമയമാണിതു്. അനുതപിച്ചാൽ സ്വീകരിക്കുന്ന കാലമാണിതു്. നാം ക്ഷമാപിക്കുവാൻ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പലരും മാർഗ്ഗമുണ്ടാക്കിത്തരുന്ന കാലമാണിതു്. നാം മൂക്കിട്ടനിടത്തുള്ളടെ പോകാതെയിരിക്കണം തിരുസഭയോടു പിണങ്ങിപ്പോകുന്നവർ അന്ധകാരത്തിലേക്കു് ഉള്ള വഴി വീതി കൂട്ടുകയാണു ചെയ്യുന്നതു്. ക്രിസ്തുവിൻെറ വചനങ്ങൾ ഗ്രഹിച്ചു നേരായമാർഗ്ഗത്തിൽ ജീവിപ്പാൻ ശ്രമിക്കുക. നമ്മുടെ ആത്മാവിനെ രക്ഷിക്കുന്നതാണു് നമുക്കു് പരമപ്രധാനമായ കാര്യം. അതിനായി പരിശ്രമിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കൊണ്ടു് കുരിശുമരത്തിൽ ക്രിസ്തു അതു പൂർത്തിയാക്കി. ലോകം വീണ്ടെടുത്തുകൊണ്ടു് ക്രിസ്തു മരിച്ചു. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ, വി. ബലി നമ്മുടെ കർത്താവിന്റെ മരണവാർത്തയറിയിക്കലാണു്. എന്നാൽ മരിച്ച ക്രിസ്തു ഉയിർത്തെഴുന്നേററു്, നമുക്കു ജീവൻ നൽകി. വി. കുർബാനയാകട്ടെ ഇതിന്റെയൊക്കെ പൂജ്യസ്മരണയും. സ്മരണ മാത്രമല്ല, ദൈവത്തിനു് ആരാധനയും, മനുഷ്യനു് ജീവനും നൽകുന്ന അമൂല്യസമ്പത്തു കൂടിയാണു് വി. ബലി.

പുരോഹിതൻ ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ടു്, അപ്പത്തിന്റെയും വീഞ്ഞിന്റെയുംമേൽ "ഇതു് എന്റെ ശരീരമാകുന്നു", "ഇതു് എന്റെ രക്തമാകുന്നു" എന്നുച്ചരിക്കുന്ന നിമിഷം, അവ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിത്തീരുന്നുവെന്നു് തിരുസഭ പഠിപ്പിക്കുന്നു. എന്നാൽ മലങ്കര സുറിയാനിസഭയുടെയും മററു പല പൗരസ്ത്യസഭകളുടെയും ആരാധനക്രമത്തിൽ കൂദാശവചനങ്ങളുടെശേഷം, പരിശുദ്ധാത്മാവിനോടു് പ്രാർത്ഥിക്കുമ്പോൾ, അപ്പത്തേയും വീഞ്ഞിനെയും കർത്താവിന്റെ തിരുശരീരരക്തങ്ങളായി മാററണമേയെന്നു് പുരോഹിതൻ അപേക്ഷിക്കുന്നുണ്ടു്. അങ്ങനെയെങ്കിൽ കൂദാശവചനങ്ങളുടെ പ്രാധാന്യമെന്തു്? അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശവ്യതിയാനം പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയാലല്ലെ സാധിയ്ക്കുക? ഇതൊന്നു പരിശോധിയ്ക്കുകയാണു് ഈ ലേഖനോദ്ദേശ്യം.

കത്തോലിക്കാസഭയെപ്പോലെ കൂദാശാവചനങ്ങളുടെ സാരാംശവ്യതിയാനശക്തിയിൽ വിശ്വസിച്ചിരുന്ന നെസ്തോറിയൻ സഭയും, ഏകസ്വഭാവവാദികളും പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയിൽ മാത്രം വിശ്വസിച്ചിരുന്നവരാണു് ഗ്രീക്കു—റഷ്യൻ സഭക്കാർ. എന്നാൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശവ്യതിയാനം കൂദാശാവചനപ്രാർത്ഥനയാലാണു് സാധിക്കുന്നതെന്നു് പുതിയനിയമവും, പാരമ്പര്യവും, പല ആരാധനക്രമങ്ങളും സാക്ഷിക്കുന്നു. അതിനാൽ, പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുന്നതിന്റെ അർത്ഥവും പ്രാധാന്യവും നമുക്കു പരിശോധിക്കണം.

ആരാധനക്രമങ്ങളിലെ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനകൾ, കൂദാശവചനങ്ങൾക്കു മുൻപോ പിൻപോ ആകാം. അവ യാചനാരൂപത്തിലുള്ളവയോ, സാരാംശവ്യതിയാനത്തിനുള്ളവയോ ആകാം. വി. ബേസിലിന്റെയും, ക്രിസോസ്തോമിന്റെയും, ബൈസൻറയിൻ ആരാധനക്രമത്തിലെ പരിശുദ്ധാത്മാവിനോടുള്ള സാരാംശവ്യതിയാനപ്രാർത്ഥനയെപ്പററി 14-ാം നൂററാണ്ടിൽത്തന്നെ ഗ്രീക്കുകാരും റോമാക്കാരും തമ്മിൽ ഒരു വിവാദമുണ്ടായി. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനകൾ ധാരാളമുള്ള ആരാധനക്രമങ്ങളാണു് ബൈസൻറയിൻ, റോമൻ, വി. ബേസിലിന്റെ കോപ്ററിക്കു്, വി. സിറിലിന്റെ കോപ്ററിക്കു്, വി. ഗ്രിഗറിയുടെ അലക്സാന്ത്രിയൻ ഗ്രീക്കു്, വി. മാർക്കിന്റെ ഗ്രീക്കു ആരാധനക്രമങ്ങൾ. വി. ഹിപ്പോളിററസ് രചിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ശ്ലൈഹിക പാരമ്പര്യത്തിലെ, പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനകൾ 5-ാം നൂററാണ്ടിനുമുമ്പുള്ളവയാണു്. ഹിപ്പോളിററസ് സ്വാധീനം ചെലുത്തിയ വേറൊന്നാണു് 'നമ്മുടെ കർത്താവീശോമിശിഹായുടെ ഉടമ്പടി". 4-ാം നൂററാണ്ടിലെ "പപ്പീറൊഡെർ-ബാലിസെഹൻസി"യും ഈജിപ്റ്റിൽ ത്മുയിത്വെ മെത്രാനായിരുന്ന സെറാഫിയോന്റെ "അനാഫോറായും" പരിശുദ്ധാത്മാവിനോടു ധാരാളം പ്രാർത്ഥനകൾ ഉൾക്കൊണ്ടിരുന്നു. 4-ാം നൂററാണ്ടിൽത്തന്നെ വി. ക്രിസോസ്തോമിന്റെ ഭരണകാലത്തു് ജറുസലേം സഭയും ഇതിനപവാദമായിരുന്നില്ല. എന്നാൽ ഏററവും പുരാതന "അനാഫോറായും" ആദിമസഭയിൽ ഉപയോഗിച്ചിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്നതുമായ 'ക്രമം' അപ്പസ്തോലിക കോൺസ്റ്റിററ്യൂഷനിലെ 8-ാം പുസ്തകത്തിലുള്ളതും, അന്ത്യോക്യൻ സിറിയൻസഭ ഇപ്പോൾ ഉപയോഗിക്കുന്ന ക്രമവുമത്രേ.

14-ാം നൂററാണ്ടിലെ ഗ്രീക്കു റോമൻ വിവാദം, നിക്കോളസ് കാബാസിലാസ് തന്റെ "ആരാധനക്രമവിവരണത്തിൽ" രേഖപ്പെടുത്തി

യിട്ടുണ്ട്. കൂദാശവചനങ്ങളുടെ സാരാംശവ്യതിയാനശക്തിയിൽ വി. ക്രിസോസ്റ്റോം വിശ്വസിച്ചിരുന്നുവെന്ന റോമൻ വാദത്തെ ഖണ്ഡിക്കുകയായിരുന്നു കാബാസിലാസിന്റെ ഉദ്ദേശ്യം. "വർദ്ധിച്ചു പെരുകുക" എന്ന ദൈവവചനം പോലെയാണ് ക്രിസ്തുവിന്റെ പ്രസ്തുത വാക്കുകളെന്ന് ക്രിസോസ്റ്റോം പഠിപ്പിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ വാക്കുകൾ ഉച്ചരിക്കപ്പെടുന്ന ഓരോ പ്രാവശ്യവും അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി മാറുന്നുവെന്നും വി. ക്രിസോസ്റ്റോം സ്പഷ്ടമായിത്തന്നെ പറയുന്നുണ്ട്. കാബാസിലാസാകട്ടെ, ഈ അവസാനഭാഗം ഉപേക്ഷിച്ചുകൊണ്ട് "വർദ്ധിച്ചു പെരുകുക" എന്ന ദൈവവചനംപോലെ ക്രിസ്തുവിന്റെ വാക്കുകളും ക്രമേണ ഫലം പുറപ്പെടുവിക്കുന്നവ മാത്രമാണെന്ന് വാദിക്കുന്നു. അതിനാൽ കൂദാശാവചനങ്ങൾക്കുശേഷം സാരാംശവ്യതിയാനത്തിന് പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന അത്യാവശ്യമത്രേ, കാബാസിലാസിന്റെ വീക്ഷണത്തിൽ. അതും വി. ക്രിസോസ്റ്റോമിന്റെ പേരിൽ.

സാരാംശവ്യതിയാനത്തിനാവശ്യമായ പ്രാർത്ഥന പുതിയനിയമത്തിൽനിന്നുമാത്രം മനസ്സിലാക്കുക പ്രയാസമാണ്. "ഇതെന്റെ ശരീരമാകുന്നു......" ഇതെന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ എന്ന ക്രിസ്തുവിന്റെ വാക്യത്തിൽ നിന്ന് എങ്ങനെ ചെയ്യണമെന്നു സ്പഷ്ടമല്ല. ഉയർപ്പിനുശേഷം വി. ബലിയർപ്പിക്കേണ്ട വിധം ശിഷ്യർക്കു ക്രിസ്തു പറഞ്ഞുകൊടുത്തിരിക്കുമോ? ഇതറിയുന്നതിനാണ് പാരമ്പര്യത്തിലേക്കു നാം കടക്കുക. "ഇതെന്റെ ശരീരമാകുന്നു" എന്ന വാക്യം അപ്പത്തെ ശരീരമാക്കി മാറ്റുന്ന വാക്യമോ ശരീരമാക്കി മാറ്റിയശേഷം "ശരീരമാണെന്നു കാണിക്കുന്ന" വാക്യമോ? വി. പൗലോസും, ചില ആരാധനക്രമങ്ങളും "യൂഖോഗയിൻ" എന്ന ഗ്രീക്കുവാക്കിനെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശവ്യതിയാനത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചെങ്കിലും, അതിന്റെ മൂലാർത്ഥം "പുകഴ്ത്തുക", "സ്തുതിക്കുക" എന്നൊക്കെയാണ്. തന്നെയുമല്ല, ക്രിസ്തുവിന്റെ കാലത്ത്, ഈ മൂലാർത്ഥം മാത്രമേ ആ വാക്കിനുണ്ടായിരുന്നുള്ളുവെന്നും ചിലർ സമർത്ഥിക്കുന്നു.

അതിനാൽ പിതാക്കന്മാരുടെ സാക്ഷ്യത്തിലേക്കു നമുക്കു കടക്കാം. അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളായി മാറുവാൻ പരിശുദ്ധാത്മാവിന്റെ ആവാസം ആവശ്യമാണെന്ന് പ്രാചീനപിതാക്കന്മാർ പഠിപ്പിച്ചിരുന്നതിനാൽ പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനയിൽ മാത്രം അവർ വിശ്വസിച്ചിരുന്നതായി ചിലർ കരുതുന്നു. ഒറിജെൻ, ഗ്രിഗോറിയോസ് നിസ്സേന്യാസ്, ജോൺ ക്രിസോസ്റ്റോമസ്, നൈലസ്, ഗൗഡെൻസിയുസി—ബ്രീക്സിയെൻസീസ്, അഗസ്റ്റിൻ, ഇസ്ഡോർ–ഹിൻപാലെൻസീസ് മുതലായവരാണ് പ്രസ്തുത പിതാക്കന്മാർ. ദൈവശാസ്ത്രപരമായി പൗരസ്ത്യവീക്ഷണമെന്തെന്നും, അവരുടെ അഭിപ്രായപ്രകടനങ്ങളുടെ സന്ദർഭവും, സാഹചര്യവും അർത്ഥവുമെന്തെന്നും മനസ്സിലാക്കിയാൽ അത്തരമൊരു തെറ്റിദ്ധാരണയ്ക്കു ഇടമില്ല.

നേരിട്ടുള്ള പ്രാർത്ഥനയുടെ ഫലമായേ പരിശുദ്ധാത്മാവ് ദിവ്യരഹസ്യങ്ങളിലാവസിക്കൂ എന്നവർ വിശ്വസിച്ചിരുന്നില്ല. വി. ത്രീത്വം എങ്ങനെ ബാഹ്യമായ ഒരു വസ്തുവിൽ (സൃഷ്ടിയിൽ) പ്രവർത്തിക്കുന്നുവെന്ന് ഗ്രീക്കുപിതാക്കന്മാർ വ്യക്തമാക്കുന്നുണ്ട്. ഒരു പ്രവൃത്തി പിതാവിൽനിന്നു പുറപ്പെട്ടു, പുത്രനിൽക്കൂടി കടന്ന്, ഫലം പ്രാപിച്ച്, പരിശുദ്ധാത്മാവിനാൽ പൂർത്തീകരിക്കപ്പെടുകയാണു ചെയ്യുക. ജീവദായകനും, ശുദ്ധീകരിക്കുന്നവനും, പൂർത്തീകരിക്കുന്നവനും പരിശുദ്ധാത്മാവുതന്നെ. അങ്ങിനെയെങ്കിൽ സാരംശവ്യതിയാനനിമിഷത്തിൽ (വി. ത്രീത്വം ബാഹ്യവസ്തുവിൽ പ്രവർത്തിക്കുന്നിവിടെ) പരിശുദ്ധാത്മാവു സന്നിഹിതനായിരിക്കുന്നതിനാൽ, പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥന ഇവിടെ സൂചിപ്പിക്കപ്പെടണമെന്നില്ല. മോസസ് ബാർ കേഫായും ദിയോണീഷ്യസ് ബാർ സലീബീയും ഇതു തന്നെയാണു പഠിപ്പിക്കുന്നതു്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലെ പരിശുദ്ധാത്മാ

വിന്റെ പ്രവർത്തനവും, ബലിപീഠത്തിലെ പരിശുദ്ധാത്മാവിന്റെ ആവാസവും അവർ താരതമ്യപ്പെടുത്തുന്നുണ്ടു്. ക്രിസ്തുവർഷം 202-ൽ ഇറേനേയൂസ് ലഗ്ഡുനേൻസിസും 377-ൽ അമ്പ്രോസിയൂസ് മെഡിനാൻസിസും 394-ൽ ഗ്രിഗോറിയൂസ് നിസ്സെന്യുസ്സും, 407-ൽ ജോൺ ക്രിസോസ്തോമും 430-ൽ അഗസ്റ്റിനും, 451-ൽ ജെറുസലേമിലെ ഹെസിക്കിയസും 492-ൽ ഫോസ്റ്റസ് റെയിൽസിസും 538-ൽ അന്ത്യോക്യായിലെ സെവേരൂസും 636-ൽ ഇസിഡോർ ഹിൻപാലെൻസിസും, നമ്മുടെ കർത്താവിന്റെ വാക്കുകളുടെ സാരാംശവ്യതിയാനശക്തിയെ സ്പഷ്ടമായി പഠിപ്പിച്ചു. പല ആരാധനക്രമങ്ങളും പ്രസ്തുത സത്യം വിളിച്ചറിയിക്കുന്നുമുണ്ടു്.

എങ്കിൽ കൂദാശാവചനത്തിനുശേഷം, തിരുശരീരത്തേയും, തിരുരക്തത്തേയും അപ്പവും വീഞ്ഞുമെന്നു് സംബോധന ചെയ്യുക സാദ്ധ്യമോ? യാക്കോബായക്കാരും മലങ്കരസുറിയാനികത്തോലിക്കരും വി. കുർബാനയിൽ, കൂദാശാവചനങ്ങൾക്കുശേഷം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "......കർത്താവേ, നിന്റെ വിശുദ്ധാത്മാവു് ഇറങ്ങിവന്നു്, ഈ അപ്പത്തെ ജീവദായകവും, രക്ഷാകരവും, സ്വർഗ്ഗീയവുമായ ശരീരവും ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും സ്വതന്ത്രമാക്കുന്ന ശരീരവും ഇതു് സ്വീകരിക്കുന്നവർക്കു് പാപമോചനവും നിത്യജീവനും നൽകുന്ന. ഞങ്ങളുടെ ദൈവവും, രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ശരീരവുമാക്കി മാററണമെ ആമ്മീൻ....".

പ്രസ്തുത പ്രാർത്ഥന, വി. ബലിയിൽ മരിച്ചു കിടക്കുന്ന ക്രിസ്തുവിന്റെ ഉത്ഥാനത്തിനാണെന്നു് വേദപണ്ഡിതനായ തിയോഡോർ മോഫ്സ് വെസ്റ്റേന്ത്യസ് കരുതുന്നു. പൗരസ്ത്യാരാധനക്രമത്തിന്റെ സവിശേഷതയ്ക്കു് ഒരു ഉദാഹരണമാണു് തിയോഡോറിന്റെ ഈ ചിന്താഗതിയിൽ തെളിഞ്ഞു കാണുക. വി. ബലി നമ്മുടെ കർത്താവിന്റെ ജീവിതവും പീഡാനുഭവവും, മരണവും, ഉയിർപ്പും വിളിച്ചറിയിക്കുന്ന ഒരു വലിയ സംഭവമാണു്. മരണത്തിൽ നിന്നു് ക്രിസ്തുവിനെ പിതാവായ ദൈവം പരിശുദ്ധാത്മാവിനാൽ ഉയർപ്പിച്ചതുപോലെ, വി. കുർബാനയിലും മൗതികമായി ക്രിസ്തുവിന്റെ ഉയർപ്പു് സൂചിപ്പിക്കപ്പെടുന്നു. എന്നാൽ തിയോഡോർ പറയുന്നതുപോലെ ഉയിർപ്പിനുവേണ്ടിയോ പ്രസ്തുത പ്രാർത്ഥനയെന്നു സംശയിക്കണം.

കാരണം, വി. കുർബാനയിലെ പ്രാർത്ഥനകളെല്ലാം കൂദാശാവചനങ്ങളെ കേന്ദ്രീകരിച്ചാണു് നിലകൊള്ളുന്നതു്. എല്ലാ പ്രാർത്ഥനകളും ഒരേ ഒരു സത്യമാണു് നമ്മെയറിയിക്കുക. ക്രിസ്തു നമുക്കുവേണ്ടി മരിച്ചു, ദൈവത്തിനു തന്നെത്തന്നെ ബലിയർപ്പിച്ചു. ഈ സത്യത്തെ ചുററിപ്പററി നിൽക്കണം മറെറല്ലാം തന്നെ. എല്ലാം ഒരു നിമിഷത്തിലോ, ഒരു വാക്കുകൊണ്ടോ പൂർത്തിയാക്കുക സാദ്ധ്യമല്ലല്ലോ. അങ്ങനെ സദാചാരബോധമനുസരിച്ചു്, ഒരേ പ്രാർത്ഥന ആവർത്തിക്കപ്പെടുക സാധാരണമാണു്. അദൃശ്യമായി പ്രവർത്തിക്കുന്ന ദൈവശക്തിയുടെ ദൃശ്യമായ അടയാളമാണല്ലോ കൂദാശ. ഈ ദൃശ്യാടയാളം വിശ്വാസികൾ കൂടുതലായി മനസ്സിലാക്കുന്നതിനും ആവർത്തനം സഹായിക്കുന്നു. അതുകൊണ്ടാണു് കൂദാശവചനങ്ങൾക്കു മുൻപും അതിനു ശേഷവും, സാരാംശവ്യതിയാനപ്രാർത്ഥനകളോ, തത്തുല്യങ്ങളായ മററു പ്രാർത്ഥനകളോ, ആരാധനക്രമങ്ങളിൽ നാം കാണുന്നതു്. ഇതു തന്നെയാണു് ബോസ്സേയും പറഞ്ഞതു്. "എല്ലാം ഒന്നൊന്നായി വിഭജിച്ചു പരിശോധിക്കാതെ, ഒന്നാകെയും, ഒരു പ്രവൃത്തിയായും കാണുകയെന്നതാണു് സാധാരണയായി ആരാധനക്രമതത്വം. വസ്തുതകളെ കൂടുതൽ ഇന്ദ്രിയപരമാക്കുവാനാണു്, മുൻപു ചെയ്തതും, ഇനിയും ചെയ്യുവാനിരിക്കുന്നതും തമ്മിൽ വിവേചിക്കാതെ, ഓരോന്നും, അപ്പോൾ മാത്രം ചെയ്യുന്നതുപോലെ സഭ കണക്കാക്കുന്നതു്".

മുകളിൽ നാം കണ്ട പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയ്ക്കു വേറൊരു സവിശേഷതകൂടിയുണ്ടു്. ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ബന്ധത്തെ, പരിശുദ്ധാത്മാവിൽക്കൂടിയുറപ്പിച്ചു്, പിതാവിനു സമർപ്പിക്കുന്ന ആ പ്രാർത്ഥന. ക്രിസ്തു ശിരസ്സും, വിശ്വാസികൾ ശരീരവുമായ

# വിദ്യാർത്ഥികളുടെ പ്രേഷിതാഭിരുചി

(ജോസ് തച്ചിൽ, പൂനാ.)

തൊട്ടിലാട്ടുന്ന കരങ്ങളാണ് രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്നതെങ്കിൽ, തൊട്ടിലിൽ കിടക്കുന്ന ശിശുവാണ് ഭാവിയിൽ രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നത്. ഭാവിയുടെ വളർച്ചയോ തളർച്ചയോ അവനെ ആശ്രയിച്ചാണിരിക്കുന്നത്. അത്ര പ്രാധാന്യമുള്ളവനാണവൻ. അങ്ങിനെയുള്ള ശിശുവിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങളും നിയന്ത്രണവും പ്രചോദനവും നല്കുന്നത് അവനിന്ന് വിദ്യാലയത്തിൽവച്ചു ലഭിക്കുന്ന വിദ്യാഭ്യാസമാണ്. ധാർമ്മികവും സാംസ്കാരികവുമായ തലങ്ങളിൽ അടിയുറച്ച പരിശീലനം അവനിന്നു ലഭിച്ചാൽ, ഭാവിയിൽ രാജ്യത്തിന്റെതന്നെ ധാർമ്മികവും സാംസ്കാരികവുമായ നിലവാരം ഉയർന്നിരിക്കും. കലാലയത്തിൽവച്ച് നിരീശ്വരത്വവും മതനിഷ്പക്ഷതയുമാണ് അവനു വേണ്ടുവോളം പാനം ചെയ്യാൻ ലഭിക്കുന്നതെങ്കിൽ, രാജ്യം ഏറെത്താമസിയാതെ നിരീശ്വരത്വത്തിന്റെയും മതനിഷ്പക്ഷതയുടേയും കരാളഹസ്തങ്ങളുടെ പിടിയിൽ അമർന്നുപോകുമെന്നതിൽ സംശയത്തിനു സ്ഥാനമില്ല.

ഇതിൽനിന്നും വ്യക്തമാണ് അദ്ധ്യാപനവുമായി ബന്ധപ്പെട്ടവരുടെ ഭാരിച്ച ചുമതല. രാജ്യത്തിന്റെ ഭാവി, സാധാരണ നിയമങ്ങളനുസരിച്ചു, നാമിന്ന് വിദ്യാർത്ഥികൾക്കു കൊടുക്കുന്ന പരിശീലനത്തെ ആശ്രയിച്ചിരിക്കും. ഇക്കാരണത്താൽ, ചുമതലാബോധത്തോടെ നിർവ്വഹിക്കേണ്ട കടമയാണ് അദ്ധ്യാപനം.

ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണ് കുട്ടികൾക്കു പ്രദാനം ചെയ്യേണ്ടത് എന്നതിനെപ്പററി മൗലികകാര്യങ്ങളിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്. "മനുഷ്യനിലുള്ള കായികവും മാനസികവും ആദ്ധ്യാത്മികവുമായ എല്ലാ (മാനുഷിക) വൈശിഷ്ട്യങ്ങളേയും ആവിഷ്കരിക്കുകയാണ്" യഥാർത്ഥ വിദ്യാഭ്യാസം, രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വാക്കുകളിൽ.

എന്നാൽ, ഒരു കത്തോലിക്കാവിദ്യാർത്ഥിക്കു ലഭിക്കുന്ന വിദ്യാഭ്യാസം ഒരേ തരത്തിലുള്ളതാ

---

തിനാൽ ബലിപീഠത്തിൽ എഴുന്നെള്ളി വന്നിരിക്കുന്ന ക്രിസ്തുവിനോട്, യഥാർത്ഥത്തിൽ വിശ്വാസികൾ യോജിക്കണം. പ്രസ്തുത പ്രാർത്ഥന ഇതിനാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുമുണ്ട്. ബലിപീഠത്തിൽ എഴുന്നെള്ളി വന്നിരിക്കുന്ന ക്രിസ്തുവാകട്ടെ വിശ്വാസികളിൽ ഫലപ്രദമായി സന്നിഹിതനാകുന്നത് ഈ പ്രാർത്ഥനമൂലമാണെന്നും അവർ വിചാരിക്കുന്നു. എങ്ങനെയായാലും, പരിശുദ്ധാത്മാവിനാൽ, പുത്രനിൽക്കൂടി, പിതാവിലേക്ക് സംവഹിക്കപ്പെടുന്ന വിശ്വാസികളുടെ സമൂഹം. വി. ത്രിത്വത്തിന്റെ രക്ഷാകരപ്രവൃത്തിയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വിസ്മരിക്കപ്പെട്ടിട്ടില്ല പൗരസ്ത്യ ആരാധനക്രമത്തിൽ.

അതിനാൽ സാരാംശവ്യതിയാനത്തിന് കൂദാശാവചനങ്ങൾമാത്രം മതിയെങ്കിലും മററു പ്രാർത്ഥനകളെയെല്ലാം അപ്രധാനമായി ഗണിക്കുക സാദ്ധ്യമല്ല. സാരാംശവ്യതിയാനം പെട്ടെന്നുള്ള ഒരു മാററമായതിനാൽ, ഏതെങ്കിലുമൊരു നിമിഷത്തിലതു സംഭവിക്കുന്നതായിവേണം മനസ്സിലാക്കുക. എന്നാൽ കൂദാശാവചനങ്ങളും പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനകളും മററും ഒന്നായിവേണം പൂർണ്ണബലിയിൽ നാം കാണേണ്ടത്? പല പൂർവ്വപിതാക്കളുടെയും വേദപണ്ഡിതരുടെയും സമീപനരീതിയും ഇതായിരുന്നു. അമൂല്യമായ വി. ബലിയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒട്ടും അപ്രധാനമല്ല.

യിരുന്നാൽ പോരാ. കത്തോലിക്കനാണെന്ന എക കാരണത്താൽ ആദ്ധ്യാത്മികതലത്തിൽ മെച്ചമായ പരിശീലനം ലഭിക്കാൻ അവന് അവകാശവും കടമയുമുണ്ട്. കാരണം, ജ്ഞാനസ്നാനംവഴി അവന് ചില പ്രത്യേക അവകാശങ്ങളും കർത്തവ്യങ്ങളും കൈവന്നിട്ടുണ്ട്. ഈ അവകാശങ്ങളുടെ സംസിദ്ധിയ്ക്കും കടമകളുടെ നിർവ്വഹണത്തിനും സഹായകമായ വിദ്യാഭ്യാസമായിരിക്കണം അവന്റേതും വിശ്വാസദാനം അവന് ലഭിച്ചിട്ടുള്ളതുകൊണ്ട് മററുള്ളവരുടേതിനേക്കാൾ ഭാരിച്ച ചുമതലകളാണവന്റേതു്. ക്രിസ്തുനാഥൻ പറയുന്നതുപോലെ, "കൂടുതൽ ലഭിച്ചിട്ടുള്ളവനിൽനിന്ന് കൂടുതൽ ആവശ്യപ്പെടും". ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടാണ്, കത്തോലിക്കാസ്കൂളുകൾ നടത്തുവാനും അവയിൽ മാത്രം കത്തോലിക്കാകുട്ടികളെ അഭ്യസിപ്പിക്കാനും സഭ നിഷ്കർഷിക്കുന്നതു്. സഭയുടെ വിശ്വാസസംഹിതയ്ക്കും പാരമ്പര്യത്തിനും അനുയോജ്യമായ വിദ്യാഭ്യാസം അവിടെ മാത്രമാണല്ലൊ അവർക്കു കൊടുക്കുവാൻ സാധിക്കുന്നതു്.

കത്തോലിക്കർക്ക് പ്രത്യേകമായി ലഭിക്കേണ്ട വിദ്യാഭ്യാസത്തിന്റെ രണ്ടു പ്രധാന ഘടകങ്ങൾ അതിസ്വാഭാവികാരൂപിയും പ്രേഷിതചൈതന്യവുമാണ്.

അതിസ്വാഭാവികമായ വിദ്യാഭ്യാസമായിരിക്കണം കത്തോലിക്കാവിദ്യാർത്ഥികളുടേതു്, സാധാരണ വിദ്യാഭ്യാസത്തോടുകൂടി ചില ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ ചേർത്താൽ അതു് അതിസ്വാഭാവികമാകുകയില്ല. പലപ്പോഴും നാം ചെയ്യാറുള്ളതും ഇതാണല്ലൊ. ദൈവസ്നേഹത്താൽ പ്രേരിതരായി ക്രിസ്തുവിന്റെ ദൈവികജീവനിൽ പങ്കുപററിയാൽ മാത്രമേ വിദ്യാഭ്യാസത്തെ അതിസ്വാഭാവികാരൂപിയോടെ വീക്ഷിക്കാൻ ഒരുവന് സാധിക്കുകയൊള്ളു. പഠിക്കുന്നതും, അദ്ധ്യാപകരെ അനുസരിക്കുന്നതും സഹപാഠികളുമായി സംസർഗ്ഗത്തിലേർപ്പെടുന്നതും ക്രിസ്തുവിനോടുള്ള യഥാർത്ഥസ്നേഹത്തിൽനിന്നും ഉടലെടുക്കുന്ന വീക്ഷണഗതിയോടെയായിരിക്കണം. ഇതിൽനിന്നും സുവിദിതമാണ് സ്വാഭാവികവിദ്യാഭ്യാസവും അതിസ്വാഭാവികവിദ്യാഭ്യാസവും തമ്മിലുള്ള അന്തരം.

മതപരമായ അന്തരീക്ഷം സ്കൂളിൽ സംജാതമാകുന്നതു് അദ്ധ്യാപകർ കത്തോലിക്കരായിരുന്നതുകൊണ്ടൊ ക്ലാസ്സുകൾ പ്രാർത്ഥനയോടുകൂടി തുടങ്ങുന്നതുകൊണ്ടോ മാത്രമല്ല. ബാഹ്യാനുഷ്ഠാനങ്ങൾകൊണ്ടുമാത്രം മനുഷ്യ പ്രകൃതിയെ അതിസ്വാഭാവികാരൂപിയാൽ പരിപുഷ്ടമാക്കാമെന്ന് വിചാരിക്കുന്നതു് മൗഢ്യമാണ്. ഏററവും അഭിലഷണീയവും സമർത്ഥവുമായതു്, സാഹചര്യങ്ങളെ ക്രിസ്തീയാരൂപിയോടെ വീക്ഷിക്കാനുള്ള പരിശീലനം അവർക്ക് നൽകുകയാണ്. ഇതിനായി, മനുഷ്യപ്രകൃതിയെ ആന്തരികമായി അതിസ്വാഭാവികാരൂപികൊണ്ടു സമ്പന്നമാകണം. ഇതുചെയ്യാൻ ചുമതലപ്പെട്ടവർ അദ്ധ്യാപകരാണ്. ഇവിടെയാണ് കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള വ്യത്യാസം, കത്തോലിക്കാദ്ധ്യാപകർക്ക് അതിസ്വാഭാവികജീവനിൽ കുട്ടികളെ പരിപോഷിപ്പിക്കാൻ സാധിക്കുമെങ്കിൽ, അകത്തോലിക്കാദ്ധ്യാപകർക്ക് അതു സാദ്ധ്യമല്ല. സ്വജീവിതവുമായി അലിഞ്ഞുചേർന്നിട്ടുള്ള അതിസ്വാഭാവികാരൂപി കത്തോലിക്കാദ്ധ്യാപകരിൽനിന്ന് വിദ്യാർത്ഥികളിലേക്ക് ആവഹിക്കപ്പെടും. എന്നാൽ എല്ലാ കത്തോലിക്കാദ്ധ്യാപകരേപ്പററിയും ഇതു പറയാൻ സാധിക്കുമോ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു.

മറെറാരുഘടകം പ്രേഷിതചൈതന്യമാണ്. ഇതിന് അതിസ്വാഭാവികാരൂപിയുമായി വിത്തും വൃക്ഷവും പോലെയുള്ള അഭേദ്യബന്ധമാണുള്ളതു്. ക്രിസ്തുവിനേയും ക്രിസ്തുവിനു വേണ്ടി സഹജീവികളേയും സ്നേഹിക്കുന്ന ഒരുവൻ നൈസർഗ്ഗികമായിത്തന്നെ അവിടത്തെ രാജ്യം വികസിപ്പിക്കാനും അവിടത്തെ അടുത്തേക്ക് മററുള്ളവരേക്കൂടി ആനയിക്കാനും ജാഗരൂകനായിരിക്കും. അക്കാരണത്താൽ, പ്രേഷിതചൈതന്യം ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ കാതലായ ഒരംശമാണ്. ഇതിന്റെ പ്രാധാന്യം പരിശുദ്ധപിതാക്കന്മാർ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. 12-ാം പീയൂസ് മാർപ്പാപ്പയുടെ വാക്കുകളിൽ

"കത്തോലിക്കാസ്ക്കൂളുകളുടെ ചുമതല, ആധുനികലോകത്തിൽ ഉത്തമ കത്തോലിക്കരായിട്ട് ജീവിക്കാൻ കുട്ടികളെ ഒരുക്കുക"യെന്നതാണ്. ഉത്തമകത്തോലിക്കരായിട്ട് ജീവിക്കുകയെന്നതിൽ പ്രത്യക്ഷമായി അടങ്ങിയിട്ടുണ്ട് പ്രേഷിതചൈതന്യം. മററുള്ളവരേക്കൂടി ക്രിസ്തുവിലേക്ക് ആനയിക്കാനുള്ള തീക്ഷ്ണത ചെറുപ്പത്തിൽത്തന്നെ കുട്ടികളിൽനട്ടുവളർത്തണമെന്നാണ് 1957 ഒക്ടോബറിൽ അദ്ദേഹം പറയുകയുണ്ടായതു്. ഇതുതന്നെയാണ് ഭാഗ്യസ്മരണാർഹനായ യോഹന്നാൻ മാർപ്പാപ്പാ 1961 ഏപ്രിൽ 3-ാം തീയതിയും ജൂലായ് 19-ാം തീയതിയും ഏററുപറഞ്ഞതു്. "ജീവിതത്തിൽ എന്തു ലക്ഷ്യമാണ് തനിക്കുള്ളതെന്ന ചോദ്യം തന്നോടുതന്നെ ചോദിക്കാനുള്ള പ്രചോദനം കുട്ടികളിൽ നട്ടുവളർത്തണം; അതുപോലെതന്നെ തൻെറ ദിവ്യനാഥൻ ആഗ്രഹിക്കുന്നതു് എന്നറിവാനുള്ള അഭിവാഞ്ഛയും". 1959-ൽ ലോകത്തിനു നൽകിയ "പ്രിഞ്ചെപ്സ് പാസ്തോരും" എന്ന ചാക്രിക ലേഖനത്തിലും, കുട്ടികളിൽ പ്രേഷിത ചൈതന്യം വളർത്തേണ്ടതിൻെറ അത്യന്താവശ്യകത. അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

പ്രായോഗികതലത്തിൽ അദ്ധ്യാപകക്ക് എന്താണു ചെയ്യാൻ സാധിക്കുക? ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഓരോരുത്തനും തൻെറ "അയല്ക്കാരനെ" സ്നേഹിക്കാനും സഹായിക്കാനും കടമയുണ്ടെന്ന് വിദ്യാർത്ഥികൾക്കു ബോധ്യം വരുത്തണം. സ്ക്കൂൾജീവിതകാലത്തു് സഹപാഠികളാണ് ഓരോ വിദ്യാർത്ഥിയുടേയും "അയല്ക്കാർ"; സ്ക്കൂളും പരിസരങ്ങളും അവരുടെ കർമ്മമണ്ഡലവും. ജീവിതോദ്ദേശം എന്താണെന്നു ബോധ്യം വന്നതിനു ശേഷം കത്തോലിക്കാവിദ്യാർത്ഥികൾ ആ ബോധ്യം മററു കുട്ടികൾക്കും പകർന്നു കൊടുക്കണം. ദൈവത്തിൻെറ സ്നേഹസുതരാണ് അവരും എന്ന് സഹപാഠികളെ അറിയിക്കുകയും വേണം. എല്ലാവരുടേയും നിത്യരക്ഷ ദൈവം ആഗ്രഹിക്കുന്നതു് ക്രിസ്തുവിലും ക്രിസ്തുവിലൂടെയുമാണെന്ന് സഹപാഠികളെ ബോധ്യപ്പെടുത്താൻ കത്തോലിക്കാവിദ്യാർത്ഥികൾക്കു കഴിഞ്ഞാൽ അതായിരിക്കും അവർക്ക് സ്ക്കൂൾ ജീവിതകാലത്തു ചെയ്യാൻ സാധിക്കുന്ന ഏററവും വലിയ പ്രേഷിതപ്രവർത്തനം.

പ്രേഷിത ചൈതന്യം മുമ്പു പറഞ്ഞ വിധത്തിലാണ് കത്തോലിക്കാവിദ്യാർത്ഥികളിൽ പരിപോഷിപ്പിക്കേണ്ടതു്. കുട്ടികൾ കർമ്മോത്സുകരാണ്. അവരുടെ ഉത്സാഹവും ചൈതന്യവും ഏററവും ഫലപ്രദമായ ചാലുകളിൽക്കൂടി തിരിച്ചുവിടുകയാണ് നമുക്ക് കരണീയമായിട്ടുള്ളതു്. കുട്ടികളിൽ പ്രേഷിതചൈതന്യം വേരൂന്നണമെങ്കിൽ, ആദ്യമായി നാം അവരുടെ മുമ്പിൽ ഒരാദശം വച്ചുകൊടുക്കണം. ഈ ആദശം ആകർഷണീയവും അതേസമയം അവക്ക് അഭികാമ്യവുമായിരിക്കണം. ഉദാഹരണമായി, ക്രിസ്തുവിൻെറ രാജ്യം ഭൂമിയിൽ സംസ്ഥാപിതമാക്കാനോ, ക്രിസ്തീയ സ്നേഹത്തോടെ ദരിദ്രരെ സഹായിക്കാനോ, ക്രിസ്തീയ കലയും അറിവും വികസിപ്പിക്കാനോ ഉള്ള പ്രചോദനം. ഈ ആദർശത്തിൻെറ പിറകിൽ ദൈവത്തോടുള്ള കറയററ സ്നേഹമായിരിക്കണം ഉണ്ടായിരിക്കേണ്ടതു്. ദൈവത്തിനു വേണ്ടി എന്തെങ്കിലും പ്രവർത്തിക്കണമെങ്കിൽ കുറച്ചൊക്കെ പരിത്യാഗം ആവശ്യമാണെന്ന് അവരെ മനസ്സിലാക്കുകയും വേണം. പലപ്പോഴും വിജയരഹസ്യം അടങ്ങിയിരിക്കുന്നതു് പ്രയത്നത്തിലും പരിത്യാഗത്തിലുമാണല്ലോ. പ്രായോഗിക നിർദ്ദേശങ്ങളാലും മാതൃകയാലും വിദ്യാർത്ഥികളെ സഹായിക്കേണ്ടതു് കത്തോലിക്കാദ്ധ്യാപകരുടെ കടമയാണ്.

ഇതിൻെറയെല്ലാം നിർവ്വഹണത്തിൽ പല സങ്കീർണ്ണപ്രശ്നങ്ങളും നമുക്കു നേരിടേണ്ടതായിട്ടുണ്ട്. ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നുള്ള പ്രത്യക്ഷവും പരോക്ഷവുമായുള്ള എതിർപ്പും നിഷ്പക്ഷതയും പലപ്പോഴും കത്തോലിക്കാസ്ക്കൂളുകളുടെ അസ്തിത്വത്തിനുതന്നെ ഹാനികരമാണ്. അനധികൃതവും അനഭിലഷണീയവുമായ പല കൈകടത്തലുകൾ പല രാജ്യങ്ങളിലും ഗവണ്മെൻറിൽനിന്ന് ഉണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുമുണ്ട്. കുട്ടികളെ ഉത്തമ കത്തോലിക്കാരായി വളർത്തുന്നതിലുള്ള മാതാപിതാക്കളുടെ അനാസ്ഥയും ഇതോടൊപ്പം വരുമ്പോൾ കാര്യങ്ങ

## നിരീക്ഷകന്റെ ദൃഷ്ടിയിൽ:

# വത്തിക്കാൻ കൌൺസിൽ—ചില വിവരങ്ങൾ

(തുടർച്ച)

(സി. പി. മാത്യൂ എം. എ.)

കൌൺസിൽ നടപടികളുടെ ഭാഗമല്ലെങ്കിലും അവയോടു ബന്ധമുള്ള ചില കാര്യങ്ങളെപ്പററി പറഞ്ഞുതുടങ്ങട്ടെ.

ഒക്ടോബർ 28-ാം തീയതി ജോൺ മാർപ്പാപ്പ തൽസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതിന്റെ വാർഷിക സ്മരണദിനമായിരുന്നു. അന്നു ബാസിലിക്കായിൽ (സെൻറു് പീറോഴ്സ് ദൈവാലയത്തെ കത്തീഡ്രൽ എന്നല്ല ബാസിലിക്കായെന്നാണ് ഇവിടെ വിളിക്കാറുള്ളതു്. മററു ചില വലിയ ദൈവാലയങ്ങളെയും ഈ പദം കൊണ്ടു കുറിക്കാറുണ്ടു്) ഒരു പ്രത്യേക ശുശ്രൂഷ നടത്തപ്പെട്ടു. മാർപ്പാപ്പാ തിരുമേനിതന്നെ വി: കർബാന അനുഷ്ഠിച്ചു. പ്രസംഗം ചെയ്തതു് ബൽജിയത്തിലെ പ്രഗത്ഭനായ ഒരു കർദ്ദിനാൾ ആയിരുന്നു. "ദൈവത്തിൽ നിന്നു് അയക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ പേർ യോഹന്നാൻ (ജോൺ) എന്നായിരുന്നു" എന്നതാണു് പ്രസംഗവാക്യമായി അദ്ദേഹം തിരഞ്ഞെടുത്തതു്. യോഹന്നാൻ സ്നാപകനെപ്പററിയാണു് ഈ വാക്കുകൾ എഴുതപ്പെട്ടിരിക്കുന്നതെങ്കിലും ജോൺ മാർപ്പാപ്പായെ ഓർക്കുമ്പോൾ ഈ വാക്യം തന്റെ മനസ്സിലുദിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണു് പ്രസംഗം ആരംഭിച്ചതു്. സഭയിൽ ഒരു പുതിയ യുഗം ആരംഭിച്ച ആൾ എന്നു് ചരിത്രം അദ്ദേഹത്തെപ്പററി വിധി രേഖപ്പെടുത്തുമെന്നു് ഉറപ്പിച്ചു പറഞ്ഞുകൊണ്ടു് പ്രസംഗം തുടന്നു. അദ്ദേഹത്തിന്റെ ചരമവൃത്താന്തത്തെപ്പററി കേൾവിക്കാരെ ആദ്യമായി അനുസ്മരിപ്പിച്ചു. മരണത്തിനു് ഏതാനും ആഴ്ചവട്ടങ്ങൾക്കു മുമ്പു് അദ്ദേഹം ചെയ്ത ഒരു ചെറുപ്രസംഗത്തിൽ പറകയുണ്ടായി "ഏതു ദിവസവും ജനിക്കുന്നതിനു് പററിയതാണു്. അതുപോലെതന്നെ ഏതു ദിവസവും മരിക്കുന്നതിനും നല്ലതാണു്. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു" തനിക്കുവേണ്ടി കാത്തിരിക്കുന്ന ഒരു അപ്പൻ ഉണ്ടെന്നുള്ള ബോധത്തോടെ സന്തോഷവാനായി വീട്ടിലേക്കു പോകുന്ന ഒരു പൈതലിന്റെ പ്രശാന്തതയോടെയാണു് അദ്ദേഹം മരണത്തെ അഭിമുഖീകരിച്ചതു്. ജോൺ മാർപ്പാപ്പ നമ്മെ വിട്ടുപോയി എങ്കിലും മുമ്പിലത്തേക്കാൾ കൂടുതലായി അദ്ദേഹം ഇന്നു നമ്മുടെ മദ്ധ്യേയുണ്ടു താനും. മരിച്ചുപോയവരും ദൈവത്തിനു ജീവിക്കുന്നുണ്ടല്ലോ. "അദ്ദേഹം ആരംഭിച്ച മഹത്തായ പ്രവത്തനം വിജയസമാപ്തിയിലെത്തുന്നതിനു് ദൈവം ഇടയാക്കട്ടെ. വത്തിക്കാൻ കൌൺസിൽ വിളിച്ചുകൂട്ടിയതിൽ അദ്ദേഹം ദർശിച്ച ശോഭനദിനം സഭയിലും ലോകത്തിലും ശീഘ്രം ഉദിക്കട്ടെ" എന്നാണല്ലോ അവിടത്തെ അനുഗാമിയായ പൌലോസു് മാർ

---

ളെല്ലാം കൂടുതൽ വഷളാക്കുകയാണു്. സൗഭാഗ്യകരമായ ഐഹിക ജീവിതം കുട്ടികൾക്കു പ്രദാനം ചെയ്യാൻ അവർ അക്ഷീണം യത്നിക്കുന്നുണ്ടു്. എന്നാൽ, കുട്ടികളുടെ സർവ്വപ്രധാനമായ ആദ്ധ്യാത്മിക ജീവിതത്തിൽ മാതാപിതാക്കൾക്കു വേണ്ടത്ര താല്പര്യമില്ല. ഈ രണ്ടു വൈകല്യങ്ങൾ തൃപ്തികരമായ വിധത്തിൽ പരിഹരിക്കാൻ കത്തോലിക്കാദ്ധ്യാപകർക്കാണു സാധിക്കുക. പക്ഷെ, പല അദ്ധ്യാപകരും യഥാർത്ഥ പ്രേഷിതാരൂപിയില്ലെന്ന പരമാർത്ഥം മറച്ചുവയ്ക്കേണ്ടതില്ല.

ഈ കാരണങ്ങൾകൊണ്ടു്, കത്തോലിക്കാസ്കൂളുകൾ അവകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യത്തിൽ പലപ്പോഴും ചെന്നെത്തുന്നില്ല. അതുകൊണ്ടു്, കത്തോലിക്കാവിദ്യാലയങ്ങളിലും കലാലയങ്ങളിലും പഠിക്കുന്നവർ യഥാർത്ഥവും അതിസ്വാഭാവികവുമായ പ്രേഷിതാരൂപിയിൽ രൂപീകരിക്കപ്പെടുന്നതിനു് നമുക്കെല്ലാവർക്കും തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം.

പ്പാപ്പാ തൻെറ സ്ഥാനലബ്ധിയെ തുടർന്നു പറഞ്ഞതു്. തൻെറ പൂർവ്വികൻെറ പ്രവാചകദർശനങ്ങൾക്കു രൂപവും യാഥാർത്ഥ്യവും നൽകുന്നതിനു് ഇദ്ദേഹത്തെയാണു് ദൈവം സഭയ്ക്കു് ദാനം നല്കിയിരിക്കുന്നതു്.

ജോൺ മാർപ്പാപ്പായുടെ വിശിഷ്ട സ്വഭാവത്തിൻെറ വിവിധ വശങ്ങളെ എങ്ങനെയാണു് വർണ്ണിക്കുക. പ്രകൃത്യാതീതമായ കൃപയെ ധാരാളമായി അനുഭവിച്ചുകൊണ്ടു് അദ്ദേഹം സാധാരണന്മാരുടെ ലോകത്തിൽ ജീവിച്ചു എന്നു സംക്ഷിപ്തമായി പറയാം. വഴിയരികത്തുനിന്നു് സാധാരണന്മാരോടു് വർത്തമാനം പറയുന്നതിനും കുട്ടികൾ പറയുന്നതു് കേൾക്കുന്നതിനും രോഗികളെ ആശ്വസിപ്പിക്കുന്നതിനും അദ്ദേഹത്തിനു് അറിയാമായിരുന്നു. അതേസമയംതന്നെ ദൈവദൂതന്മാരുടെയും പരിശുദ്ധന്മാരുടെയും സംസർഗ്ഗമനുഭവിച്ചുകൊണ്ടു പ്രകൃത്യാതീതമായ ഒരു ലോകത്തിൽ അദ്ദേഹം ജീവിക്കയും ചെയ്തു. അദ്ദേഹത്തിൻെറ പഠിപ്പിക്കലും സ്വന്തം നടത്തയും തമ്മിൽ ഒരു പൊരുത്തക്കേടുമില്ലായിരുന്നു, രണ്ടും ഒത്തിണങ്ങി ചേർന്നിരുന്നു. ഭൂമിയെ പ്രകാശിപ്പിക്കുന്ന സൂര്യൻ അതിനു വേണ്ട ചൂടും നല്കുന്നപ്രകാരം അദ്ദേഹത്തിൽ സത്യത്തിൻെറ വെളിച്ചവും സ്നേഹത്തിൻെറ ചൂടും സംയോജിച്ചിരുന്നു. സ്നേഹത്തിൻെറ വെളിപ്പാടായി സത്യം പ്രകാശിക്കുമ്പോൾ അതിനു മനുഷ്യഹൃദയങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനു് കൂടുതൽ സാദ്ധ്യതയുണ്ടെന്നു അദ്ദേഹം ഗ്രഹിച്ചിരുന്നു. മനുഷ്യരെ സ്നേഹിക്കുന്ന ജീവനുള്ള ദൈവത്തിൻെറ ഒരു വിശ്വസ്ത സാക്ഷിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ പൌരോഹിത്യത്തിൻെറ രജതജൂബിലിയാഘോഷത്തോടനുബന്ധിച്ചു് അദ്ദേഹം ഡയറിയിൽ കുറിച്ചിരിക്കുന്ന ഒരു ഭാഗം ഇപ്രകാരമാണു്. ''ഇരുപത്തഞ്ചു വർഷക്കാലത്തെ പൌരോഹിത്യ ശുശ്രൂഷയ്ക്കിടയിൽ ആത്മാക്കളുടെ ശുദ്ധീകരണത്തിനായി അത്ഭുതങ്ങൾ നിവർത്തിച്ച എത്രയൊ പുരോഹിതന്മാരുണ്ടു്? എന്നാൽ ഞാൻ എന്തു ചെയ്തു? എൻെറ യേശുവേ, എൻെറ മേൽ കരുണയുണ്ടാകണമേ. എന്നാൽ ഭാവിയിലേക്കു ഞാൻ എൻെറ കണ്ണുകളെ ഉയർത്തുന്നു. അല്പം നന്മ ചെയ്യുന്നതിനുള്ള ഒരു പ്രത്യാശ ഇനിയും ശേഷിച്ചിട്ടുണ്ടു്. അതിനാൽ യാത്ര തുടരുന്നതിനു ഞാൻ വീണ്ടും വടി കയ്യിലെടുക്കുന്നു. ഇനിയും അതു് വാർദ്ധക്യത്തിൻെറ വടിയായിരിക്കും ''ഇതു് 1929-ലായിരുന്നു. 1961-ൽ അദ്ദേഹം ഡയറിയിൽ കുറിച്ചിരിക്കുന്നു'' കർത്താവിൽനിന്നു ലഭിച്ച കൃപകളെപ്പററിയുള്ള സ്മരണ ആനന്ദപ്രദം തന്നെ. അതേ സമയം തന്നെ എൻെറ താലന്തുകളെ എത്ര കുറച്ചു മാത്രമേ ഞാൻ ഉപയോഗിച്ചുള്ളു എന്ന ബോധം എന്നെ വിനയപ്പെടുത്തുന്നു. ഇതിങ്കൽ ഞാൻ വിറച്ചുപോകുന്നു. കൂടുതൽ പ്രവർത്തനത്തിനായി അതു് എന്നെ ഉദ്യോഗിപ്പിക്കയും ചെയ്യുന്നു.'' കുറച്ചു ദിവസം കഴിഞ്ഞു് വീണ്ടും എഴുതുന്നു. ക്രിസ്തുവിൻെറ വികാരിയൊ, ഹാ; ഈ സ്ഥാനത്തിനു് ഞാൻ യോഗ്യനല്ല. റോങ്കാലിയുടേയും മേരിആനിൻെറയും മകനായ ഞാൻ, അവർ ഉത്തമ ക്രിസ്ത്യാനികൾ ആയിരുന്നു, പക്ഷേ എത്ര എളിയ രണ്ടു മനുഷ്യർ''

കത്തോലിക്കാ സഭയിലെ ബിഷോപ്പന്മാരെ എല്ലാം റോമായിൽ വിളിച്ചുകൂട്ടാൻ തീരുമാനിച്ചതു് പരിശുദ്ധാത്മാവിൻെറ നിയോഗാനുസരണമെന്നത്രേ അദ്ദേഹം ഉറപ്പായി വിശ്വസിച്ചിരുന്നതു്. കൌൺസിൽ നടപടികൾ എങ്ങനെ പുരോഗമിക്കുമെന്നും എങ്ങനെ സമാപിക്കുമെന്നും അദ്ദേഹത്തിനു തീർച്ചയില്ലായിരുന്നു. എന്നാൽ ദൈവവിളിയെ അനുസരിച്ചു് സമാധാനചിത്തനായി അദ്ദേഹം ഓരോ അടിയും വച്ചു. മന്ദസ്മിതം തൂകികൊണ്ടു് അദ്ദേഹം ഒരിക്കൽ പറഞ്ഞു. ''ആകമാന കൌൺസിലിൻെറ കാര്യത്തിൽ നമുക്കാർക്കും ഒരു മുൻപരിചയവും ഇല്ലല്ലൊ. എന്നാൽ ബിഷോപ്പന്മാർ ഒരുമിച്ചു് വരുമ്പോൾ പരിശുദ്ധാത്മാവും സന്നിഹിതനായിരിക്കും, നമുക്കു് അതു ബോദ്ധ്യമാകും'' ബിഷോപ്പന്മാരും പാപ്പായും ചേർന്നുള്ള ഒരു സമ്മേളനമായിട്ടല്ല പ്രഥമമായി അദ്ദേഹം കൌൺസിലിനെ വീക്ഷിച്ചതു്. പരിശുദ്ധാത്മാവും ബിഷോപ്പന്മാരുടെ സമൂഹവും ചേർന്നുള്ള ഒരു സമ്മേളനമായിട്ടത്രേ ഒരർത്ഥത്തിൽ ഒരു പുതിയ പെന്തിക്കൊസ്തു് ആയിട്ടു തന്നെയാണു് അദ്ദേഹം അതിനെ ദർശിച്ചതു്. പ്രവൃത്തികളുടെ പുസ്തകത്തിൽ, തങ്ങളുടെ കർത്താവിൻെറ വാഗ്ദാനനിവൃത്തിക്കായി അപ്പോസ്തലന്മാർ യേശുവിൻെറ അമ്മയായ മറിയയോടുകൂടെ ഒരുമനപ്പെട്ടു പ്രാർത്ഥനയിൽ ഉററിരുന്ന ഭാഗം ശ്രദ്ധയോടെ വീണ്ടും വീണ്ടും വായിക്കുന്നതിനു് അതുകൊണ്ടത്രേ കൌൺസിൽ ആരംഭിക്കുന്നതിനുമുമ്പാ

യി അദ്ദേഹം നമ്മോടാവശ്യപ്പെട്ടതു്. തങ്ങൾക്കു മുൻകാലത്തു് വേണ്ടപോലെ ഗ്രഹിക്കുന്നതിനു് കഴിവില്ലാതെയിരുന്ന കാര്യങ്ങളെ വിശദീകരിക്കുന്നതിനും സകല സത്യത്തിലേക്കും അവരെ നടത്തുന്നതിനുമായി ഇതാ ക്രിസ്തു തൻെറ ജനത്തിനു തൻെറ ആത്മാവിനെ അയക്കുകയും അവരെ വീണ്ടും സന്ദർശിക്കുകയും ചെയ്യുന്നു. ഇതിനിട നൽകിയതു് ജോൺ ഇരുപത്തിമൂന്നാമനാണു്. (ഈ പ്രസംഗം ഇത്രയും വിവരിക്കണമെന്നുദ്ദേശിച്ചുകൊണ്ടല്ല ഞാൻ ആരംഭിച്ചതു്. ഏതു ഭാഷയിൽ പെട്ടവരായാലും വിനയമുള്ള യഥാർത്ഥ ക്രിസ്ത്യാനികളുടെ അനുഭവങ്ങളിലും ചിന്തകളിലും എത്ര സാമ്യമുണ്ടെന്നു് ഉദാഹരിക്കുന്നതിനുകൂടെ ഇതു സഹായകരമായിരിക്കുമെന്നു ഞാൻ ആശിക്കുന്നു)

പൌരസ്ത്യ റീത്തുകളനുസരിച്ചുള്ള കുർബാന ശുശ്രൂഷകൾ ഇടയ്ക്കിടെ തുടർന്നുകൊണ്ടിരുന്നു. പതിനെട്ടു വർഷം സൈബീരിയായിൽ റഷ്യൻ ബന്ധനസ്ഥനായിരുന്നശേഷം അടുത്ത സമയം മാത്രം വിമുക്തനായ യുക്രേനിയനായ ഒരു ബിഷോപ്പു് നടത്തിയ കുർബാനയായിരുന്നു ഏററവും ദീർഘമായിരുന്നതു്. അതു് ഒരു മണിക്കൂറിൽ അല്പമെങ്കിലും കൂടിയിരുന്നതേയുള്ളു. മലങ്കര റീത്തനുസരിച്ചു് തിരുവനന്തപുരം ആർച്ചുബിഷോപ്പു് ഗ്രീഗോറിയോസു് തിരുമേനി മലയാളത്തിൽ കുർബാന ചൊല്ലിയതു് പ്രത്യേകം പ്രസ്താവ്യമാണു്. സെൻറു് പീറേറഴ്സിൽ മലയാളത്തിൽ ഒരു കുർബാന നടക്കുന്നതു് ആദ്യമായിരിക്കുമെന്നു് ഞാൻ വിചാരിച്ചു. എന്നാൽ കഴിഞ്ഞ വർഷം Syno-Malabar റീത്തനുസരിച്ചു് ഒരു കുർബാനയും മലയാളത്തിൽ നടത്തിയെന്നു പിന്നീടു കേട്ടു. യാക്കോബായ ഓർത്തഡോക്സുകാരും നാമും ചില വ്യത്യാസങ്ങളോടുകൂടെ ഉപയോഗിക്കുന്ന വി. യാക്കോബിൻെറ തക്സായിൽ പല ഭേദഗതികൾ വരുത്തികൊണ്ടുള്ള ഒരു ക്രമമാണല്ലൊ മലങ്കരറീത്തുകാരുടേതു്. അനേക ഭാഗങ്ങളിൽ വളരെ സാമ്യവും ഉണ്ടു് എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. അങ്ങനെ ഒരു കുർബാന ഇവിടെ ചൊല്ലിക്കേൾക്കുന്നതിനിട ലഭിച്ചതിൽ വളരെ സന്തോഷം തോന്നി. കുർബാന കൊടുക്കുന്ന രീതിയിൽ വളരെ വൈവിദ്ധ്യം കാണാനുണ്ടായിരുന്നു. അപ്പം മാത്രമാണല്ലൊ അത്മായക്കാർക്കു് സാധാരണയായി കത്തോലിക്കാ പള്ളികളിൽ കൊടുക്കാറുള്ളതു്. എന്നാൽ ചില പൌരസ്ത്യറീത്തുകാർ ഓരോ അപ്പവും കാസായിലുള്ള വീഞ്ഞിൽ മുക്കിയശേഷം കൊടുക്കുന്നതു കണ്ടു. മററു ചിലരാകട്ടെ ചെറിയ അപ്പക്കഷണങ്ങൾ കാസായിൽ ഇട്ടു സ്പൂൺ കൊണ്ടു് വീഞ്ഞും അതും കൂടെ കോരി എടുത്തു നല്കുന്നതു കണ്ടു. മലങ്കര റീത്തനുസരിച്ചുള്ള കുർബാന നടന്ന ദിവസം പാട്ടുകൾ പാടിയും മററും സഹായിച്ചതു് നമ്മുടെ നാട്ടിൽ നിന്നു വന്നു് ഇവിടെ പഠനം നടത്തിക്കൊണ്ടിരുന്ന പല കൊച്ചച്ചന്മാർ ആയിരുന്നു. എല്ലാ ദിവസങ്ങളിലും മിക്കവാറും എല്ലാ നിരീക്ഷകരും തന്നെ വി. കുർബാന നടക്കുന്ന സമയം ശുശ്രൂഷയിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്നുണ്ടു്. (ആരും കൈക്കൊള്ളുന്നില്ല!)

വി. ബെനഡിക്ടു് തൻെറ ആശ്രമം ആരംഭിച്ച സ്ഥലമായ "സുബിയാക്കോ" എന്ന സ്ഥലം ഞാൻ സന്ദർശിച്ച വിവരം മുൻ ലേഖനത്തിൽ പറഞ്ഞിരുന്നല്ലൊ. എന്നാൽ അദ്ദേഹത്തിൻെറ ആശ്രമപ്രസ്ഥാനം വേരൂന്നി വളന്നു് വികസിച്ചു തുടങ്ങിയതു് ഇററലിയിൽ വേറൊരു സ്ഥലത്തായിരുന്നു എന്നും അറിൽ കാണിച്ചിരുന്നല്ലൊ. Monte casino എന്ന പ്രസ്തുത സ്ഥലവും നിരീക്ഷകരായ ഞങ്ങളെ എല്ലാവരേയും കൊണ്ടുപോയി കാണിക്കുകയുണ്ടായി പത്തെഴപതു് മൈൽ ദൂരെയാണതു്. മനോഹരമായ ഒരു കുന്നിൻപുറത്താണു് അവിടത്തെ ആശ്രമം സ്ഥിതിചെയ്യുന്നതു്. ആറാം ശതകത്തിൽ ...തു് പണിചെയ്തതിൽ പിന്നീടു പല പ്രാവശ്യം അതു നാശം കാണാനിടയായിട്ടുണ്ടു്. ആദ്യം ഭൂകമ്പം കൊണ്ടായിരുന്നു എന്നു തോന്നുന്നു. ഒടുവിൽ രണ്ടാം ലോകമഹായുദ്ധത്തിൽ ഇററലി ജർമ്മൻകാരുടെ വശത്തു് ചേർന്നിരുന്നതിനാൽ അമേരിക്കൻ വിമാനങ്ങൾ ഈ ആശ്രമത്തെയും ബോംബിട്ടു നശിപ്പിച്ചു; അതിനുള്ളിൽ ജർമ്മൻ പട്ടാളം താവളമടിച്ചിരുന്നു എന്നു ശങ്കിച്ചായിരുന്നു. യുദ്ധം അവസാനിച്ചശേഷം ആശ്രമം വീണ്ടും ഭംഗിയായി പണിയുന്നതിനു് അനേകലക്ഷം ഡോളർ അമേരിക്ക നല്കുകയും അതുപയോഗിച്ചു പണി പൂർത്തിയാക്കുകയും ചെയ്തു. വി. ബെനഡിക്ടു് മരിച്ചതായി പറയുന്ന സ്ഥാനത്തു് ഒരു പ്രതിമ പണിതു നിറുത്തിയിട്ടുണ്ടു്. ആകാശത്തിലേക്കു കൈ മലർത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതായുള്ള

ഒരു പ്രതിമയാണു്. Monte Casinoയിൽ നിന്നും പത്തിരുപതു മൈൽ ദൂരെയുള്ള ഒരു സ്ഥലത്തു് ഒരു Cistercian സന്യാസാശ്രമം ഉണ്ടു്. അവിടെയും ഞങ്ങളെ കൊണ്ടുപോയി. അവിടെയാണു് ഭക്ഷണം തയ്യാറാക്കിയിരുന്നതു്. അസ്സീസ്സിയിലെ സൽക്കാരത്തിലും മികച്ചതായിരുന്നു ഇവിടത്തേതു്. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ സ്വീകരണ പ്രസംഗങ്ങളും മറുപടിപ്രസംഗങ്ങളും ഗീതാലാപങ്ങളും മററും ഉണ്ടായിരുന്നതിനാൽ എല്ലാം കൂടെ ഏകദേശം രണ്ടു മണിക്കൂർ നീണ്ടുനിന്നു. അവിടെ ഞങ്ങളെ സ്വീകരിക്കുകയും ഭക്ഷണം വിളമ്പിത്തരികയും വിവിധ മുറികളും പള്ളിയും എല്ലാം ഞങ്ങളെയും കൊണ്ടു നടന്നു കാണിച്ചുതരികയും മററും ചെയ്ത 'സഹോദര'ന്മാരുടെ വിനീതവും സ്നേഹപൂർവ്വവുമായ വർത്തനാരീതിയെ എൻെറ സ്നേഹിതന്മാരിൽ പലരും വളരെ അഭിനന്ദിച്ചു പറയുന്നതു കേട്ടു.

കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ ചിലരെ "ഭാഗ്യവാന്മാരായി" പ്രഖ്യാപിക്കുന്ന കർമ്മങ്ങൾ പലപ്പോഴും ബസിലിക്കായിൽ നടക്കുകയുണ്ടായി. എല്ലാററിനും ഞങ്ങൾക്കു പ്രത്യേകം ക്ഷണം ലഭിച്ചു; എല്ലാം സൌകര്യങ്ങളുമായി കാണത്തക്കവണ്ണമുള്ള പ്രത്യേക സീററുകൾ ഞങ്ങൾക്കു് നൽകയും ചെയ്തു. കർദ്ദിനാൾ ന്യൂമാൻെറ സഭാപരിവർത്തനത്തിനു പ്രത്യേകം സഹായിച്ച ഒരു ഇററാലിയൻ പുരോഹിതനും "ഭാഗ്യവാന്മാരായി" ത്തീർന്നവരുടെ കൂട്ടത്തിലുണ്ടു്. ഇങ്ങനെയുള്ള ഒന്നു രണ്ടു കർമ്മങ്ങൾ കണ്ടതിനുശേഷം വീണ്ടും അതിനു പോകുന്നതിനു എനിക്കു കൌതുകം തോന്നിയില്ല. "വിശുദ്ധന്മാരായി" ആരെയെങ്കിലും പ്രഖ്യാപിക്കുന്നതു് വളരെ അപൂർവ്വമാണു്. സഭ ആരെയെങ്കിലും ഔദ്യോഗികമായി വിശുദ്ധനായി പ്രഖ്യാപിക്കുന്ന പതിവു് ആദ്യത്തെ അനേകം ശതകങ്ങളിലില്ലായിരുന്നു എന്നും സഭയുടെ പൊതു മതിപ്പുകൊണ്ടു് ചിലർ വിശുദ്ധന്മാരായി അറിയപ്പെട്ടു തുടങ്ങിയതാണെന്നും, മുൻ ലേഖനത്തിൽ ഞാൻ പറഞ്ഞ ജസ്യൂത്ത് പുരോഹിതൻ തന്നെ ഞങ്ങളുടെ സംഭാഷണമദ്ധ്യേ പ്രസ്താവിക്കയുണ്ടായി, മാത്രമല്ല അതാണു് നല്ലതെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു.

പ്രത്യേക സന്ദർഭങ്ങളിലുള്ള പൊതു ചടങ്ങുകളിൽ പാപ്പായുടെ അടുത്തു് നിൽക്കുന്നതിനു് പരമ്പരയാ അവകാശമുള്ള ചില പുരാതന പ്രഭു കുടുംബങ്ങൾ ഈ പട്ടണത്തിലുണ്ടു്. അങ്ങനെയുള്ള ഒരു കുടുംബത്തിൻെറ തലവൻ ഞങ്ങൾക്കായി ഒരു പാർട്ടി നൽകി. അദ്ദേഹത്തിൻെറ വസതിക്കു് കൊട്ടാരമെന്നാണു് പേരു പറയുന്നതുതന്നെ. അതിനുള്ളിൽ കയറി കണ്ടാൽ പ്രസ്തുത നാമം അതു തികച്ചും അർഹിക്കുന്നുണ്ടെന്നു് ബോദ്ധ്യമാകും. അവിടെയുള്ള മനോഹരങ്ങളായ ചിത്രങ്ങളും പ്രതിമകളും അത്രേ പ്രത്യേകം ആ കൊട്ടാരത്തെ ആകർഷകമാക്കുന്നതു്. വേദപുസ്തകത്തിലെയും സഭാചരിത്രത്തിലെയും കഥകളെ ആസ്പദമാക്കിയുള്ളവയാണു് മിക്ക ചിത്രങ്ങളും. ഇങ്ങനെയുള്ള ഒരു സ്വകാര്യമന്ദിരം മുമ്പു് കണ്ടിട്ടില്ലെന്നു പല പാശ്ചാത്യ സ്നേഹിതരും പറയുന്നതു കേട്ടു.

ഈ പട്ടണത്തിലെ പുരാതന കെട്ടിടങ്ങളെ വർണ്ണിക്കുന്നതിനുദ്ദേശിക്കുന്നില്ലെങ്കിലും ഒന്നുരണ്ടിനെപ്പററി ഓരോ വാക്കു പറഞ്ഞുകൊള്ളട്ടെ. ഒന്നു Colosseum എന്നു വിളിച്ചുപോരുന്നതാണു്. റോമൻ ചക്രവർത്തികളുടെ കാലത്തെ ഒരു വക സ്റ്റേഡിയം എന്നു അതിനെ വിവരിക്കാം. തട്ടിനു മുകളിൽ തട്ടു്, അതിനു മുകളിൽ തട്ടു് എന്നിങ്ങനെ ഉയരുന്ന ഏകദേശം വൃത്താകാരമായ ഒരു കെട്ടിടമാണതു്. അമ്പതിനായിരം പേർക്കു് ഇരുന്നു് "കളികൾ" കാണുന്നതിനുള്ള സജ്ജീകരണങ്ങൾ അതിലുണ്ടായിരുന്നു. അതിൻെറ ഒരു ഭാഗം നശിച്ചു പോയിട്ടുണ്ടു്. മല്ലന്മാർ തമ്മിലുള്ള ഗുസ്തി, മൃഗങ്ങളുമായുള്ള അവരുടെ യുദ്ധം അങ്ങിനെയുള്ളവയായിരുന്നു അവിടെ നടന്നുകൊണ്ടിരുന്ന "കളികൾ". ക്രിസ്ത്യാനികളെ ഈ സ്ഥലത്തുവച്ചാണു് നീറോ ചക്രവർത്തിയുടെ കാലത്തും മററും ക്രൂരമൃഗങ്ങൾക്കിരയായി എറിഞ്ഞുകൊടുക്കാറുണ്ടായിരുന്നതെന്നും പറയപ്പെടുന്നു. ഇതിനും മുമ്പാണു് Pantheon എന്നു പറയുന്ന കെട്ടിടം "സപ്തഗോള ദേവന്മാക്കാ"യി ക്രിസ്തുവിനു മുമ്പു ഒന്നാം ശതകത്തിൽ പണി ചെയ്തതു്. നാല്പത്തിരണ്ടടി ഉയരമുള്ള ഭീമങ്ങളായ അനേകം കൽത്തൂണുകൾ അതിൻെറ പൂമുഖത്തു് ഇപ്പോഴും നിൽപ്പുണ്ടു്. വൃത്താകാരമായ ഒരു വമ്പിച്ച കെട്ടിടമാണിതു്. ദേവന്മാക്കു് ബലി കഴിക്കുമ്പോൾ പുക ആകാശത്തിലേക്കു ഉയരുന്നതിനുദ്ദേശിച്ചു ഇതിൻെറ മേൽത്തട്ടിൻെറ മദ്ധ്യഭാഗം തുറന്നിട്ടിരിക്കയായിരുന്നു, ഇപ്പോഴും അതു് അങ്ങനെ

# 1963_ലെ മിഷ്യൻഞായർ പിരിവ്

(തുടർച്ച)

| | Rs. | nP. | | Rs. | nP. | | Rs. | nP. |
|---|---|---|---|---|---|---|---|---|
| മുൻപടി | 3043 | 26 | കുമ്പഴ | 52 | 50 | പുതുക്കുളം | 3 | 00 |
| വലഞ്ചുഴി | 5 | 00 | മണ്ണാരക്കുളഞ്ഞി | 20 | 00 | പൊന്നമ്പു് | 5 | 00 |
| ഉള്ളന്നൂർ | 25 | 52 | മൈലപ്ര | 130 | 00 | വടക്കുപുറം | 10 | 00 |
| മുഖത്തല | 96 | 28 | പുതുശ്ശേരിമല | 10 | 00 | കൂടൽ | | |
| കുണ്ടറ | 50 | 25 | മെഴുവേലി | 19 | 00 | സെൻറ് പോൾസ് ചർച്ചു് | 10 | 00 |
| അമ്പലത്തുംകാലാ | 24 | 96 | പൗഡിക്കോണം | 16 | 63 | നെടുമൺകാവു് | 3 | 00 |
| നല്ലീലാ | 23 | 39 | പട്ടം | 82 | 51 | ഹരിപ്പാട്ടു് | 19 | 50 |
| പ്ലാക്കോട്ടു് | 13 | 24 | കടമ്പനാട്ടു് | 20 | 00 | കാർത്തികപ്പള്ളി | 29 | 25 |
| നീലേശ്വരം | 11 | 94 | തുവയൂർ പടിഞ്ഞാറു് | 12 | 24 | പള്ളിപ്പാട്ടു് | 14 | 00 |
| മുളവന | 3 | 59 | തുവയൂർ കിഴക്കു് | 7 | 00 | വഴുതാനം | 11 | 50 |
| മാറനാട്ടു് | 7 | 75 | അന്തിച്ചിറ | 10 | 00 | കുടശ്ശനാട്ടു് | 15 | 00 |
| മഞ്ഞക്കാലാ | 50 | 00 | കല്ലട കിഴക്കു് | 5 | 00 | കുമ്മല്ലൂർ | 10 | 00 |
| പട്ടാഴികിഴക്കു് | 25 | 00 | കരിന്തോട്ടുവാ | 5 | 00 | അട്ടതല | 6 | 00 |
| ഞാറയ്ക്കാട്ടു് | 20 | 00 | പുത്തൂർ | 50 | 00 | ചാത്തന്നൂർ | 4 | 00 |
| പിടവൂർ | 20 | 00 | തേവലപ്പുറം | 11 | 50 | അടൂർ | 10 | 00 |
| പാണ്ടിത്തിട്ട | 13 | 00 | കൈതക്കോട്ടു് | 10 | 00 | വയലാ | 10 | 00 |
| പട്ടാഴിപടിഞ്ഞാറു് | 10 | 00 | കാരിക്കൽ | 10 | 00 | ഇളമണ്ണൂർ | 10 | 00 |

തന്നെ കിടക്കയാണു്. ഏഴാം ശതകത്തിൽ നാലാമത്തെ Boriface പാപ്പാ ഇതിനെ ഒരു ക്രിസ്തീയ ദേവാലയമായി ശുദ്ധീകരിച്ചു. ഇതിനുള്ളിൽ ഇപ്പോൾ ഏഴ ചെറിയ ചാപ്പലുകൾ ഉണ്ടു്. അനേകം ശതകങ്ങൾ കഴിഞ്ഞു വേറൊരു പാപ്പാ ഇവിടെയുണ്ടായിരുന്ന പല പിച്ചള ഭാഗങ്ങൾ ഉരുക്കി ബസിലിക്കായിലെ വലിയ ത്രോണോസിന്റെ മേൽത്തട്ട് താങ്ങി നിറുത്തുന്ന തൂണുകളായി രൂപാന്തരപ്പെടുത്തി. ഈ ത്രോണോസിന്റെ മുൻഭാഗത്താണു കൌൺസിൽ സമ്മേളിക്കുന്നതെന്നു പറഞ്ഞുകൊണ്ടു് കൌൺസിൽ നടപടികളിലേക്കു് വീണ്ടും തിരിയട്ടെ.

രണ്ടാം സമ്മേളനവും അവസാനിക്കാറായ സമയത്താണു് ഇതെഴുതുന്നതു്. കഴിഞ്ഞ വർഷത്തിലും ഈ വർഷത്തിലുമായി നാലു മാസത്തിൽ കൂടുതൽ കൌൺസിൽ സമ്മേളിച്ചു. പതിനേഴ നക്കൽ ഡിക്രികൾ തയ്യാറാക്കിയിട്ടുള്ളതിൽ ഇന്നുവരെ രണ്ടെണ്ണം മാത്രമേ അവസാനമായി കൌൺസിൽ പാസ്സാക്കിയിട്ടുള്ളു. കുർബാനക്രമത്തെയും മററും കുറിച്ചുള്ളതു് അവയിൽ സുപ്രധാനമായിട്ടുള്ളതാണു്. പത്രങ്ങൾ, പുസ്തകങ്ങൾ, റേഡിയോ, ചലച്ചിത്രങ്ങൾ മുതലായ മാർഗ്ഗങ്ങളിലൂടെ വാർത്തകളും ആശയങ്ങളും വിതരണം ചെയ്യുന്നവർ അനുഷ്ഠിക്കേണ്ട പ്രമാണങ്ങളെയും മററും പ്രതിപാദിക്കുന്ന ഒരു ഡിക്രിയാണു് മറേറതു്. ഇതു് അത്ര പററിയില്ല എന്നാണു് ഇതേപ്പററി ഞാനുമായി സംസാരിച്ചവർ എല്ലാം പറഞ്ഞതു്. അതിൽ ദോഷമെന്തെങ്കിലുമുണ്ടെന്നല്ല, വേണ്ടവിധം ആശയപുഷ്ടിയുള്ള ഗൌരവമായ ഒന്നല്ല എന്നു മാത്രം. അതിനാൽ കാര്യമായ ഒരു ഡിക്രി മാത്രമാണു് ഇതേവരെയുള്ള ആലോചനകളുടെ ഫലമായി പുറത്തു വരുന്നതു്. അത്ര കൂലങ്കഷമായ പര്യാലോചനയ്ക്കു ശേഷമാണു് ഈ ഡിക്രികൾ പാസ്സാക്കുന്നതു്. കൌൺസിലിന്റെ അവസാനദിവസമായ ഡിസംബർ 4-ാം തീയതി മാർപ്പാപ്പാ തിരുമേനി രണ്ടു ഡിക്രികളും ഔദ്യോഗികമായി വിളംബരം ചെയ്യുന്നതായിരിക്കും. കേരളത്തിലെ കത്തോലിക്കാ സഭാദ്ധ്യക്ഷന്മാർ ഇതു മലയാളത്തിൽ താമസിയാതെ പ്രസിദ്ധീകരിക്കുമെന്നാശിക്കുന്നു. കൌൺസിൽ ആലോചനയ്ക്കു വരുന്ന പ്രമാണങ്ങൾ എല്ലാം മാത്രമല്ല പ്രസംഗങ്ങളും ലത്തീൻ ഭാഷയിലാണു് എന്നോർത്തിരിക്കണം. (മലങ്കര സഭാതാരക)

| | Rs. | nP. |
|---|---|---|
| ഏഴംകുളം | 10 | 00 |
| അടൂർ മാതൃസംഘം | 10 | 00 |
| കീരിക്കുഴി | 15 | 00 |
| ചാന്നാങ്കര | 15 | 00 |
| മൺവിള | 6 | 00 |
| മാർത്താണ്ഡം | 104 | 00 |
| കട്ടച്ചിവിള | 38 | 00 |
| എലികാട്ടൂർ | 10 | 00 |
| മുളവക്കുളം | 20 | 00 |
| പിറവംന്തൂർ | 10 | 00 |
| കരവൂർ | 12 | 00 |
| പിറവംന്തൂർസ്ത്രീ | 13 | 00 |
| കുന്നപ്പുഴ | 55 | 00 |
| മണലയം | 50 | 00 |
| കാഞ്ഞിരംപാറ | 20 | 00 |
| മൂന്നാംമൂട്ടു്, മഞ്ചംപാറ | 20 | 00 |
| കരകുളം | 10 | 00 |
| ശാസ്തമംഗലം | 10 | 65 |
| കാവടിത്തല | 9 | 12 |
| ഗുണ്ടമാൻകടവു് | 7 | 01 |
| ഇരുമ്പ | 5 | 30 |
| അഞ്ചാമട | 13 | 21 |
| വാളകം | 12 | 00 |
| അമ്പലക്കര | 6 | 00 |
| പൊടിയാട്ടുവിള | 5 | 00 |
| പനവേലി | 5 | 00 |
| കൊട്ടറ | 7 | 00 |
| പെരിങ്ങനാട്ടു് | 10 | 00 |
| പാറക്കൂട്ടം | 10 | 00 |
| വയലത്തല | 30 | 00 |
| കീക്കൊഴൂർ | 12 | 00 |
| ഉതിമൂട്ടു് | 10 | 25 |
| തോട്ടമൺ | 5 | 00 |
| ഇലംതൂർ | 43 | 25 |
| കരുമ്പേക്കല്ലു് | 4 | 75 |
| പുളിന്തിട്ട | 10 | 50 |

| | Rs. | nP. |
|---|---|---|
| മേക്കൊഴൂർ | 14 | 00 |
| ചാല | 13 | 00 |
| രാമഞ്ചിറ | 11 | 25 |
| നല്ലാനിക്കുന്നു് | 10 | 50 |
| ഉളനാട്ടു് | 10 | 00 |
| പമ്പുമല | 8 | 75 |
| ചേപ്പാട്ടു് | 51 | 50 |
| കാരിച്ചാൽ | 10 | 00 |
| കരുവാററാ | 10 | 00 |
| ആയൂർ | 10 | 00 |
| മലപ്പേരൂർ | 5 | 00 |
| ഒഴുകുപാറ | 6 | 50 |
| നഞ്ച്യാർകുളംസഭം & സ്ത്രീ | 300 | 00 |
| അമ്പിലികോണം. | 47 | 00 |
| കുളത്തൂർ | 42 | 00 |
| കുളപ്പുറം | 25 | 00 |
| കുഴിഞ്ഞാംവിള പിൻകുളം | 32 | 00 |
| ഉച്ചക്കട | 8 | 00 |
| കിരാത്തൂർ | 120 | 00 |
| പാലവിള | 35 | 00 |
| മെതുകുമ്മേൽ | 77 | 00 |
| കോയിക്കത്തോപ്പു് | 25 | 00 |
| മഞ്ഞത്തോപ്പു് | 33 | 00 |
| ചെല്ലങ്കോണം, പൂങ്കുറ | 87 | 00 |
| പൂന്തല | 7 | 00 |
| ഊട്ടുപാറ | 6 | 00 |
| കല്ലേലി | 7 | 00 |
| കിഴവള്ളൂർ | 14 | 00 |
| ളാക്കൂർ | 15 | 00 |
| കോന്നി | 10 | 00 |
| മണ്ണീറ | 5 | 00 |
| കൊക്കാത്തോട്ടു് | 3 | 00 |
| ചെമ്പനരുവി | 2 | 00 |

| | Rs. | nP. |
|---|---|---|
| വകയാർ | 33 | 25 |
| മാതൃസംഘം മൈലം | 5 | 00 |
| ഇരമത്തൂർ | 27 | 00 |
| ചെന്നിത്തല | 14 | 00 |
| വെട്ടിയാർ | 6 | 00 |
| തഴവാ | 10 | 00 |
| കരുമാന്തൂർ | 45 | 75 |
| പാറശാല | 24 | 75 |
| കുടയാൽ | 15 | 75 |
| വണ്ടന്നൂർ | 10 | 50 |
| ബാലരാമപുരം | 7 | 75 |
| തെങ്കർകോണം | 5 | 50 |
| ചെറിയനാട്ടു് | 15 | 87 |
| വെണ്ണിയൂർ | 42 | 57 |
| കണ്ണങ്കോട്ടു് | 14 | 19 |
| എരുത്താവൂർ | 23 | 68 |
| പാമാംകോട്ടു് | 36 | 25 |
| റസ്സൽപുരം | 25 | 57 |
| അഞ്ചൽ | 22 | 60 |
| ഏരൂർ | 7 | 50 |
| ഏഴംകുളം | 3 | 00 |
| കുളത്തൂപ്പുഴ | 7 | 50 |
| ചെറവക്കൽ | 4 | 50 |
| പോത്തൻകോട്ടു് | 2 | 26 |
| ഇടമുളക്കൽ | 10 | 00 |
| പെരിങ്ങല്ലൂർ | 4 | 00 |
| മീൻകുളം | 10 | 00 |
| മണ്ഞ്ഞൂർ | 8 | 00 |
| ആനക്കുളം | 7 | 00 |
| പത്തനംതിട്ട | 65 | 00 |
| കൈപ്പട്ടൂർ | 8 | 00 |
| മുട്ടം | 4 | 00 |
| പന്തളം തെക്കു് | 11 | 60 |
| കോന്നിത്താഴം | 25 | 00 |
| ആകെ | 6736 | 89 |

തുടരും

## അറിയിപ്പു്

പതിവുപോലെ 'കാഹള'ത്തിന്റെ ഫെബ്രുവരി-മാർച്ചു ലക്കങ്ങൾ ഒന്നിച്ചു് മാർച്ചു് ആദ്യവാരത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്. വരിസംഖ്യ കുടിശ്ശിഖ വരുത്തിയിട്ടുള്ളവർ ഈ വർഷത്തെ വരിസംഖ്യ ഉൾപ്പെടെ ഉടനെതന്നെ അടച്ചുതീർക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

വരിസംഖ്യ കുടിശ്ശിഖ വരുത്തിയിട്ടുള്ളവർക്കു് മേലാൽ മാസിക അയയ്ക്കുന്നതല്ലെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു. മണിയോർഡർ ഫാറത്തിൽ റജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയിരിക്കണം. (മാനേജർ)

# അതിരൂപതാ വാർത്തകൾ

## അഭിവന്ദ്യ തിരുമേനിയുടെ നാമകാരണ ദിനാഘോഷങ്ങൾ

നി. വ. ദി. മ. ശ്രീ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ നാമകാരണ തിരുനാൾ ഈ ജനുവരി 10-ാം തീയതി സാഘോഷം കൊണ്ടാടപ്പെട്ടു. ഇതു പ്രമാണിച്ച് അഭിവന്ദ്യ പിതാവിനോടുള്ള സ്നേഹ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുന്നതിനായി വിവിധ മിഷ്യനുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളജുകൾ എന്നിവയിൽ നിന്നുമുള്ള ഒട്ടേറെ പ്രതിനിധികൾ തലേദിവസം തന്നെ അരമനയിലെത്തുകയും ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്തു. തിരുനാൾ ദിവസം രാവിലെ വന്ദ്യപിതാവ് പാളയം സെൻറുമേരീസ് കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു. 150-ഓളം ബാലികാ ബാലന്മാർ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചു. കൃത്യം ഒരു മണിക്ക് അരമനയിൽ വെച്ച് അതിരൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നും സന്നിഹിതരായിരുന്ന ബ. വൈദീകന്മാർക്കും പ്രശസ്ഥാതിഥികൾക്കും ഡിന്നർ സല്ക്കാരം നല്കുകയുണ്ടായി. വന്ദ്യപിതാവിനെ അനുമോദിച്ചുകൊണ്ടു് റവ. ഫാദർ എ. ജി. എബ്രഹാം, അഡ്വക്കേററു് എ. എം മാത്യു എന്നിവർ പ്രസംഗിച്ചു.

വൈകിട്ട് അഞ്ചുമണിക്ക് പട്ടം സെൻറുമേരീസ് ഹൈസ്കൂൾ ഹാളിൽ വെച്ച് അനുമോദനയോഗം നടത്തപ്പെട്ടു. കേരളാ അക്കൗണ്ടൻറു് ജനറൽ മി. ററി. എൻ. കുര്യാക്കോസ്, വെരി. റവ. ഫാദർ കുര്യൻ ഇലഞ്ഞിമററം എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. അതിരൂപതയിലെ വൈദികന്മാരുടെയും കന്യാസ്ത്രീകളുടെയും, വിശ്വാസികളുടെയും വകയായ ജ്ഞാനപൂക്കെട്ട് അഭിവന്ദ്യ പിതാവിനു സമർപ്പിച്ചു. ആർച്ചുബിഷപ്പ് ചാരിററി ഫണ്ടിലേക്കു ലഭിച്ച സംഭാവനയായ അയ്യായിരത്തോളം രൂപായുടെ പേഴ്സ് വികാരി ജനറാൾ മോൺ സി. ററി. കുരുവിള വന്ദ്യപിതാവിനു സമർപ്പിച്ചു. തുടർന്ന് വന്ദ്യപിതാവു് സമുചിതമായ മറുപടി പറഞ്ഞു. യോഗം 7½ മണിയോടുകൂടെ സമാപിച്ചു. ഇടയ്ക്കിടയ്ക്ക് നാലാംചിറ സെൻറു ഗൊരേത്തി സ്കൂളിലേയും, അനാഥശാലയിലേയും കുട്ടികളുടെ ഡാൻസ്, വിനോദപ്രകടനങ്ങൾ എന്നിവയെല്ലാം നടത്തപ്പെട്ടിരുന്നു. യോഗാനന്തരം ഒരു ഫിലിംഷോയും നടത്തപ്പെട്ടു.

*          *          *          *

## മിഷൻ ഉത്ഘാടനം

വെഞ്ഞാറമൂടിനടുത്തു് പിരപ്പൻകോട്ട് എന്ന സ്ഥലത്തു് കഴിഞ്ഞ ഡിസം. 29-ാം തീയതി അതിരൂപതാ വികാരി ജനറാൾ Rt. Rev. Mgr. C. T. കുരുവിള അവർകൾ ഒരു പുതിയ മിഷൻ ഉത്ഘാടനം ചെയ്തിരിക്കുന്നു.

*          *          *          *

## പ്രസംഗയോഗങ്ങൾ

1964 ജനുവരി 2, 3, 4, എന്നീ തീയതികളിലായി മദ്രാസ് സ്റ്റേററിൽപെട്ട ഊരമ്പ് കവലക്കുസമീപം അമ്പിലികോണത്തും അതിനു പരിസരത്തുമുള്ള ഇടവകക്കാരാൽ തയാറാക്കപ്പെട്ടിരുന്ന പന്തലിൽവച്ച് ഒരു പ്രസംഗമഹായോഗം നടത്തപ്പെട്ടിരിക്കുന്നു. Rt. Rev. Mgr. ഫീലിപ്പോസ് റമ്പാൻ, റവ. ഫാദേഴ്സ് മാത്യൂ പൊന്മേലിൽ; ഡാനിയേൽ അയ്യനേത്തു്, മാത്യൂ കൊമ്പനാൽ എന്നിവരായിരുന്നു പ്രാസംഗികർ.

*          *          *          *

1963 ഡിസംബർ 23, 24 എന്നീ തീയതികളിൽ കൊട്ടാരക്കരക്കടുത്തുള്ള ചിരട്ടക്കോണം പള്ളിയിൽവച്ച് ക്രിസ്തുമസിനോടനുബന്ധിച്ച് ഒരു പ്രസംഗയോഗം നടന്നിരിക്കുന്നു. പെ. ബ. ചേപ്പാട്ടു ഫീലിപ്പോസു റമ്പാനും, ശ്രീമാൻ എബ്രഹാം ശാസ്ത്രിയുമായിരുന്നു പ്രാസംഗികർ.

*          *          *          *

## ചരമങ്ങൾ

ഡിസംബർ 25-ാം തീയതി തിരുവനന്തപുരം അതിരൂപതയിൽപെട്ട ഫാ. റ്റി. പി. ഏബ്രഹാം അവർകളുടെ പിതാവും എം. എസ്. സി. മാനേജ്മെൻറിലുള്ള സ്കൂളിൽനിന്നും പെൻഷൻപറ്റി പിരിഞ്ഞിട്ടുള്ള ആളുമായ ചെന്നിത്തല വാലുപറമ്പിൽ മി. പാപ്പി വാർദ്ധക്യസഹജമായ രോഗംമൂലം അന്ത്യകൂദാശകളെല്ലാം മുൻകൂട്ടി സ്വീകരിച്ച് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം Rt Rev. Mgr. ഫീലിപ്പോസ് റമ്പാൻെറ പ്രധാന കാർമ്മികത്വത്തിലും ലത്തീൻ, കൽദായ, മലങ്കര സുറിയാനി എന്നീ മൂന്നു റീത്തുകളിൽപെട്ടവരായ ഇരുപതോളം വൈദികരുടെയും ഒട്ടധികം കന്യാസ്ത്രീകളുടെയും ജനങ്ങളുടേയും സാന്നിദ്ധ്യത്തിലും ഡിസംബർ 26-ാം തിയതി ചെന്നിത്തല പള്ളി സെമിത്തേരിയിൽ യഥാവിധി നിർവഹിക്കപ്പെട്ടിരിക്കുന്നു. വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

* * * *

കർമ്മലീത്താ സന്യാസസമൂഹത്തിൽപെട്ട ആളും തിരുവനന്തപുരം അതിരൂപതയിൽ നെല്ലിക്കാക്കുഴി, സൂര്യകോട്ട്, പാമ്പുകാല, പൂവാർ മുതലായ മിഷനുകളിൽ ജോലിചെയ്തിരുന്ന ആളുമായ Rev. Fr. ഫിലോമേനോവൂസ് C M I ഡിസം: 15-ാം തീയതി കോട്ടയത്തുള്ള പ്രൊവിൻഷ്യാൽ ഹൗസിൽവച്ച് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം മാന്നാനത്തുള്ള കർമ്മലീത്താ ആശ്രമപ്പള്ളിയിൽ യഥാവിധി നിർവഹിച്ചിരിക്കുന്നു. പെ. ബ. റമ്പാച്ചൻ ചരമപ്രസംഗം നടത്തി. പരേതാത്മാവിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

* * * *

## തിരുബാലസഖ്യദിനം

അതിരൂപതാഡയറക്ടരുടെ അറിയിപ്പ്:—

ഈ ഫെബ്രുവരി 9-ാംതീയതിയാണല്ലോ ഇന്ത്യയൊട്ടുക്കു തിരുബാലസഖ്യദിനം ആഘോഷിക്കുന്നത്. മിഷ്യൻഞായർ പോലെ തന്നെ ഈ ദിനം ആചരിക്കണമെന്നു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുണ്ട്.

ഈ ദിനാചരണത്തിനു നാഷണൽ ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ള പരിപാടികൾ കൂടാതെ നമ്മുടെ സാഹചര്യങ്ങൾ അനുസരിച്ചു മററു പരിപാടികളും സ്വീകരിക്കാവുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങളിൽ, ദൈവസ്നേഹം, പരസ്നേഹം, പ്രേഷിതാരൂപി ഇവ വളർത്തുന്നതിനു ഇതിനേക്കാൾ മെച്ചമായ ഒരു സഖ്യം ഇല്ലതന്നെ. പരിശുദ്ധ പിതാവുതന്നെ രക്ഷാധികാരിയായിരിക്കുന്ന ഈ പൊന്തിഫിക്കൽ തിരുസഖ്യത്തിൻെറ വളർച്ച ഇന്ത്യയിലെ മററു രൂപതകളെ അപേക്ഷിച്ചു നമ്മുടെ അതിരൂപതയിൽ കുറവാണ്. അതേ സമയത്ത് ഇടവകകളിൽ തിരുബാലസഖ്യത്തിൻെറ സ്ഥാപനം നമ്മുടെ ഇഷ്ടത്തിനു മാത്രം വിട്ടിരിക്കുന്ന ഒന്നല്ലെന്നും നാം നിർബന്ധമായി ചെയ്യേണ്ട ഒരു കാര്യമാണെന്നും അറിഞ്ഞിരിക്കണം. അതിനാൽ നമ്മുടെ ഇടവകകളിൽ തിരുബാലസഖ്യത്തിൻെറ ശാഖകൾ സ്ഥാപിക്കുന്നതിനു ഈ അവസരം ഉപയോഗപ്പെടുത്തണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു. നമ്മുടെ സൺഡേസ്കൂളുകൾ തിരുബാലസഖ്യശാഖകൾ കൂടി ആക്കിയാൽ ഇതിൻെറ സ്ഥാപനം വളരെ എളുപ്പമായിരിക്കും. നമ്മുടെ സൺഡേസ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി 12 പേർ വീതം ഉള്ള ഗ്രൂപ്പുകളായി തിരിച്ച്, ഓരോ ഗ്രൂപ്പിനും ഒരു പ്രീഫെക്ടിനെ തെരഞ്ഞെടുത്ത് ശാഖകൾ ഉടനേതന്നെ ആരംഭിക്കാവുന്നതാണ്. ഇതിനെ സംബന്ധിച്ചുള്ള ലഘുലേഖകളിൽനിന്നും മററും സഖ്യത്തിൻെറ സ്ഥാപനം, ഭരണം, അംഗങ്ങൾ, അവക്കുള്ള ചുമതല ഇവ ഗ്രഹിക്കാവുന്നതാണ്.

തിരുബാലസഖ്യം വഴിയായി ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന പരസ്നേഹപ്രവർത്തനവും പ്രേഷിതപ്രവർത്തനവും വളരെയധികമാണ്. അനാഥശാലകൾ, ആതുരാലയങ്ങൾ, ആശുപത്രികൾ, പള്ളിക്കൂടങ്ങൾ മുതലായവ നടത്തിക്കൊണ്ടുപോകുന്നതിനു, സഖ്യാംഗങ്ങൾ ചെയ്യുന്ന സേവനം വിലമതിക്കാനാവാത്തതാണ്. ഇതിൻെറ പ്രവർത്തനംവഴി വർഷംതോറും 5 ലക്ഷം പേർക്കു ജ്ഞാനസ്നാനവും, 10 ലക്ഷംപേർക്ക് ഭക്ഷണവും നൽകുന്നു എന്നു പറയുമ്പോൾ ഇതിൻെറ വ്യാപ്തിയെക്കുറിച്ചു ഊഹിക്കാമല്ലോ. തിരു

Registered No: K. 405.

സഖ്യദിനത്തിൽ അംഗങ്ങളിൽനിന്നുള്ള പിരിവ്, കാർഡുകൾ പൂരിപ്പിച്ചും സ്റ്റാമ്പുകൾ വിററും ഉള്ള വരവ്, മററു സംഭാവനകൾ ഇവ വഴിയായി നല്ല ഒരു സംഖ്യ പിരിച്ച് നമ്മുടെ അതിരൂപതയിൽനിന്നും കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഈ വർഷം നമ്മുടെ പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി കൂടുതൽ സ്റ്റാമ്പുകൾ, റസ്ക്യൂ കാർഡുകൾ മുതലായവ അയയ്ക്കുന്നുണ്ട്. അവ ശരിയായി വിനിയോഗിച്ചാൽ നല്ല ഒരു സംഖ്യ ലഭിക്കുന്നതാണ്. സഖ്യസ്ഥാപനത്തിനും സഖ്യത്തിനുവേണ്ടിയുള്ള പിരിവിലും എവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

## മാർപ്പാപ്പായുടെ വി. നാടുസന്ദർശനം

നല്ലകാര്യങ്ങൾചെയ്ത് ലോകത്തെ അത്ഭുതപ്പെടുത്താനുള്ള കഴിവ് ജോൺ മാർപ്പാപ്പായ്ക്കുണ്ടായിരുന്നതിനേക്കാൾ അധികമായി പോൾ ആറാമൻ മാർപ്പാപ്പായ്ക്കുണ്ടെന്ന് പ. പിതാവിൻെറ വിശുദ്ധനാട്ടു സന്ദർശനം വ്യക്തമാക്കിയിരിക്കുന്നു. വിശുദ്ധനാട്ടിൽ ക്രിസ്തുമതത്തിൻെറ ഉററിടത്തിൽ പ. പിതാവു നടത്തിയ സന്ദർശനം അഖിലലോകപ്രാധാന്യമുള്ള സംഭവമായിട്ടാണു പരിണമിച്ചതു്. അവിടത്തെ ഓരോ ചലനവും ഓരോ വാക്കും ടെലിവിഷൻവഴിയും റേഡിയോവഴിയും ലോകം മുഴുവനും ശ്രദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും പ. പിതാവ് തൻെറ യാത്രയെ 'പ്രാർത്ഥനയുടെ ഒരു തീർത്ഥാടന'മായിട്ടാണ് വ്യാഖ്യാനിച്ചതു്. പരസ്പര ശത്രുതയിൽ കഴിയുന്ന രാഷ്ട്രത്തലവന്മാർ മാർപ്പാപ്പായെ തുല്യസൗഹാർദ്ദതയോടെ ആദരിച്ചതും ഓർത്തഡോക്സ് സഭാനേതാക്കൾ പ. പിതാവിനെ സന്ദർശിച്ചു സംഭാഷണം നടത്തിയെന്നുള്ളതും ഈ സന്ദർശനത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. ഇപ്പോൾ അവശേഷിക്കുന്ന ചോദ്യം മാർപ്പാപ്പാ 1964 ഡിസംബറിൽ ബോംബെയിൽ വരുമോ എന്നുള്ളതാണ്.

## മൈലാപ്പൂർ കത്തീഡ്രലിൽ

മാർത്തോമ്മാശ്ലീഹായെ സംസ്കരിച്ച സ്ഥലമെന്നു വിശ്വസിക്കപ്പെടുന്ന മൈലാപ്പൂർ കത്തോലിക്കാ കത്തീഡ്രലിൻെറ മദ്ധ്യത്തിലുള്ള ശവകുടീരത്തിനു മുകളിൽ നിയുക്ത കാതോലിക്കാ ഔഗേൻ മാർ തിമോത്തിയോസ് തിരുമേനി വി കുർബാന ചൊല്ലുകയുണ്ടായി. യാക്കോബായ സഭയിലെ ഒരു മെത്രാൻ ഇവിടെ വി. കുർബാനയർപ്പിച്ചതു് ഇതാദ്യമായിട്ടല്ല. ഇതിനുമുമ്പും യാക്കോബായ സഭയിലെ ഒരു മെത്രാപ്പോലീത്താ അവിടെ വി. കുർബാന അർപ്പിച്ചിട്ടുണ്ട്. വി കുർബാനാനന്തരം തിരുമേനി മദ്രാസ് ആർച്ചുബിഷപ്പ് മോസ്റ്റ്. റവ. മത്തിയാസ് തിരുമേനിയുമായി സംസാരിക്കുകയും അദ്ദേഹത്തോടുകൂടെ പ്രഭാതഭക്ഷണം കഴിക്കുകയും ചെയ്തു.

## വൈദികചരമം

റവ. ഫാ. ഗീവർഗ്ഗീസ് ചരുവിലേത്ത് ജനുവരി 13-ാം തീയതി രാത്രി 3. 30-ന് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം അഭിവന്ദ്യതിരുമേനി ഒട്ടനവധി വൈദികരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ ആഞ്ഞിലികുന്നു പള്ളിയിൽ വച്ചു നടത്തിയിരിക്കുന്നു. പരേതാത്മാവിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

**R. I. P.**

## For favours received



**Inserted by**
A. C. 2 George A.
245054 WOM. II
No. 2. Sqn. 3. G. T. S.
A. F. Jalahally, Banglore, 15.

Printed at the St. Mary's Press, Pattom, Trivaudrum-4, and Published by Rt. Rev. Msgr. Philipose Remban